28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

August 28, 2020 | Vol. XXVIII No. 35 | Periodicals Postage Paid

4 ലൈഫ് മിഷൻ കരാറിൽ അടിമുടി ദുരൂഹത

5 കേന്ദ്രജോലികൾക്ക് പൊതുപരീക്ഷ

9 സൂമിനു പകരം വികൺസോൾ

12 സുപ്രീംകോടതി ബെഞ്ചിന്റേത് നാടകീയ ചുവടുമാറ്റം

15 തിരുവാർപ്പ് പള്ളിയും ഏറ്റെടുത്തു

## ഓണാശംസകൾ



**സമത്വത്തിന്റേയും സമൃദ്ധിയുടെയും സത്യത്തിന്റേയും സന്ദേശവുമായി ഈ കോവിഡ് കാലത്തും തിരുവോണം എത്തി. ആഗസ്റ്റ് 31ന് ആണ് ഇത്തവണത്തെ തിരുവോണം. എല്ലാ വായനക്കാർക്കും കേരളാ എക്സ്പ്രസ്സിന്റെ ഓണാശംസകൾ.**

## മന്ത്രി ജലീലിനെതിരെ കേന്ദ്ര അന്വേഷണം

ന്യൂഡൽഹി: മന്ത്രി കെ.ടി. ജലീൽ യുഎഇ കോൺസുലേറ്റിൽ നിന്നു സഹായം സ്വീകരിച്ചതുമായി ബന്ധപ്പെട്ട പരാതികളിൽ കേന്ദ്ര സർക്കാർ അന്വേഷണം നടത്തും. കേരളത്തിൽ നിന്നു ലഭിച്ച പത്തോളം പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാനാണ് ആഭ്യന്തര മന്ത്രാലയം ഉത്തരവിട്ടത്.

കേന്ദ്രാനുമതി കൂടാതെ വിദേശ സഹായം സ്വീകരിച്ചതു വഴി ഫെമ നിയമം (വിദേശ നാണയ വിനിമയച്ചട്ടം) ലംഘിച്ചിട്ടുണ്ടോ എന്നത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) അന്വേഷിക്കും. യുഎഇയിൽ നിന്നു മതഗ്രന്ഥങ്ങൾ കൊണ്ടുവന്നു വിതരണം ചെയ്തെന്ന പരാതി ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) പരിശോധിക്കും. ജലീൽ മന്ത്രി എന്ന നിലയിൽ നിയമം ലംഘിച്ചതിനു കോടതിയിൽ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി തേടി പന്താവൂർ സിദ്ദിഖ് നൽകിയ പരാ



തിയും ഇക്കൂട്ടത്തിലുണ്ട്. യുഎഇയുടെ സഹായം സ്വീകരിക്കുന്നതിനു മന്ത്രി ജലീൽ മുൻകൂർ കേന്ദ്രാനുമതി വാങ്ങിയിരുന്നില്ല.

(ശേഷം 24-ാം പേജിൽ)

## പ്രണബിന്റെ നില ഗുരുതരം

ന്യൂഡൽഹി: മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ ആരോഗ്യ നില ഗുരുതരമായി തുടരുന്നു. തലച്ചോറിൽ രക്തം കട്ടപിടിച്ചതു നീക്കം ചെയ്യാൻ രണ്ടാഴ്ച മുൻപ് ശസ്ത്രക്രിയയ്ക്കു വിധേയനായ പ്രണബ് ഇപ്പോഴും അബോധാവസ്ഥയിലാണ്.



ശ്വാസകോശത്തിലെ അണുബാധയുമായി ബന്ധപ്പെട്ട ചികിത്സ തുടരുന്നുണ്ട്. വെന്റിലേറ്ററിൽ തുടരുകയാണെന്ന് ആർമി ആശുപത്രി പത്രക്കുറിപ്പിൽ അറിയിച്ചു. ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട പ്രണബിന് നേരത്തെ കോവിഡും സ്ഥിരീകരിച്ചിരുന്നു.

# കോവിഡ് വ്യാപനത്തിൽ ഇന്ത്യ മുന്നിൽ

ന്യൂഡൽഹി: പുതിയ കോവിഡ് കേസുകളിലെ വളർച്ചയുടെ കാര്യത്തിൽ അമേരിക്കയെയും ബ്രസീലിനെയും പിന്തള്ളി ഇന്ത്യ. 16 ദിവസം കൊണ്ടാണു രാജ്യത്ത് 10 ലക്ഷം പുതിയ കോവിഡ് രോഗികളുണ്ടായത്. കോവിഡ് രോഗികളുടെ എണ്ണത്തിൽ ലോകത്തിലെ ഏറ്റവും വേഗമേറിയ വളർച്ചയാണിത്.

20 ലക്ഷം കോവിഡ് കേസുകളിൽ നിന്ന് 30 ലക്ഷത്തിലെത്താൻ അമേരിക്ക 28 ദിവസവും ബ്രസീൽ 23 ദിവസവും എടുത്തപ്പോഴാണ് ഇന്ത്യയിൽ 16 ദിവസം കൊണ്ട് 30 ലക്ഷമായത്. ഇതോടെ മൊത്തം കോവിഡ് കേസുകൾ 30 ലക്ഷം കടന്ന ലോകത്തിലെ മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറി. 35 ലക്ഷമുള്ള ബ്രസിലിനെ ഇന്ത്യ മറികടക്കാൻ അടുത്ത ഒരാഴ്ച മതിയാകും. ഇന്ത്യയിൽ ആദ്യ 10 ലക്ഷം കേസുകളിലെത്തിയത് 138 ദിവസം കൊണ്ടാണെങ്കിൽ 20 ലക്ഷത്തിലെത്താൻ 21 ദിവസവും 30 ലക്ഷമാക്കാൻ 16 ദിവസവുമാണെടുത്തത്. ഇന്ത്യയിൽ കോവിഡ് മൂലം 55,804 പേരുടെ മരണം സ്ഥിരീകരിച്ചു. 24 മണിക്കൂറിനിടെ രാജ്യത്തു പുതിയ കോവിഡ് രോഗികളുടെ എണ്ണം 70,000- ത്തിലേറെയായതു സ്ഥിതി അതീവ ഗുരുതരമാക്കി. ഇന്ത്യയിലെ സജീവ കോവിഡ് രോഗികളുടെ എണ്ണം ഏഴു ലക്ഷത്തിലേറെയാണ്.

(ശേഷം 24-ാം പേജിൽ)

## ജിൻസി ഫിലിപ്പിന് ധ്യാൻചന്ദ് പുരസ്കാരം

ന്യൂഡൽഹി: പാരാ ഒളിമ്പിക്സ് താരം ടി.മാരിയപ്പൻ ഉൾപ്പെടെ അഞ്ചു പേർക്ക് കായിക മികവിനുള്ള രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം.



മലയാളി മുൻ അത്‌ലറ്റ് ജിൻസി ഫിലിപ്പ് ധ്യാൻചന്ദ് പുരസ്കാരവും വിന്റർ ഒളിമ്പിക്സ് ലൂജ് താരം ശിവ കേശവന് അർജുന അവാർഡും ലഭിച്ചു.

ശിവ കേശവന്റെ അച്ഛൻ കെ.പി. സുധാകരൻ മലയാളിയും അമ്മ റൊസാൽബ ഇറ്റലിക്കാരിയുമാണ്. മാരിയപ്പനെ കൂടാതെ, ക്രിക്കറ്റ് താരം രോഹിത് ശർമ, ടേബിൾ ടെന്നീസ് താരം മനിക ബത്ര, ഗുസ്തി താരം

(ശേഷം 24-ാം പേജിൽ)

## തിരുവനന്തപുരം വിമാനത്താവള ലേലം ലീഗൽ കൺസൾട്ടന്റിന്

കോട്ടയം: വിമാനത്താവള നടത്തിപ്പിനുള്ള ലേല നടപടികൾക്കു ലീഗൽ കൺസൾട്ടന്റായി സംസ്ഥാന സർക്കാർ വ്യവസായി ഗൗതം അദാനിയുടെ മരുമകൾക്കു പങ്കാളിത്തമുള്ള സ്ഥാപനത്തെ ചുമതലപ്പെടുത്തിയത് വൻ വിവാദത്തിലേക്ക്. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയുടെ മകൻ കരണിന്റെ ഭാര്യ പരിധി അദാനി പാർട്ണറായ സിറിൽ അമർചന്ദ് മംഗൾദാസ് എന്ന നിയമസ്ഥാപനത്തെയാണു കേരളം ലേലത്തിനുള്ള രേഖകൾ തയാറാക്കാൻ ഏൽപിച്ചത്. പരിധിയുടെ പിതാവ് സിറിൽ ഷ്റോഫ് ആണ് ഈ സ്ഥാപനത്തിന്റെ മാനേജിങ് പാർട്ണർ.

സംസ്ഥാന സർക്കാരിനൊപ്പം അദാനി ഗ്രൂപ്പും ലേലത്തിൽ പങ്കെടുക്കുമ്പോൾ ഇത്തരമൊരു തീരുമാനം ഗൂഢലക്ഷ്യത്തോടെയായിരുന്നുവെന്നാണ് ആരോപണം. പല പദ്ധതികളിലും അദാനി ഗ്രൂപ്പിന്റെ ലീഗൽ കൺസൾട്ടന്റും ഇതേ സ്ഥാപനമാണ്. ലേലത്തിൽ കേരളത്തെ മറികടന്ന് ഒന്നാമതെത്തിയ അദാനി ഗ്രൂപ്പിനെ വിമാനത്താവള നടത്തിപ്പ് ഏൽപിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും സംസ്ഥാന സർക്കാർ അതിനെതിരെ ശക്തമായി രംഗത്തു വരികയും ചെയ്തിരിക്കെയാണു പുതിയ വിവാദം.

(ശേഷം 24-ാം പേജിൽ)

## ശ്രേയാംസ് കുമാർ രാജ്യ സഭയിലേക്ക്

കോട്ടയം: എം.വി ശ്രേയാംസ് കുമാർ രാജ്യ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എം.പി വിരേന്ദ്ര കുമാറിന്റെ നിര്യാണത്തെ തുടർന്ന് ആഗസ്റ്റ് 24ന് നടന്ന ഉപതെരഞ്ഞെടുപ്പിലാണ് ഇടതുപക്ഷ സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രേയാംസ് കുമാർ തെരഞ്ഞെടുക്കപ്പെട്ടത്.



വിരേന്ദ്ര കുമാറിന്റെ മകനും നിലവിൽ എംഎൽഎയുമായ ഇദ്ദേഹത്തിനെതിരെ യുഡിഎഫ് സ്ഥാനാർത്ഥിയായി ലാൽ വർഗീസ് കലപ്കവാടി മത്സരിച്ചിരുന്നു.



## 16–ാം ചരമവാർഷികം

(9–1–2020)

## കൊച്ചുകളീക്കൽ സാമുവൽ

(ജോണിക്കുട്ടി– ചിക്കാഗോ)

*Sixteen years without you, your smile,*
*your warm Heart, your loving and giving*
*nature are truly missed.*
*You are everyday in our hearts and*
*thoughts sadly missed and love.*

***Sorrowing wife:*** **Rosamma Samuel**
***Children:***
**Lucy, George & Marina Samuel, Lisa Samuel**
***Grand Children:*** **Nathaniel, Isaac, Samuel**




LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Attorney Steve Crifase

Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603

312-855-0511 StevenCrifase.com

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603

Phone (312) 855-0511,
Fax (312) 855- 0537

A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018



# ചിന്നമ്മ മാത്യു കുളങ്ങര
## ചിക്കാഗോയിൽ നിര്യാതയായി

ചിക്കാഗോ: പരേതനായ കെ.ജെ. മാത്യു കുളങ്ങര (പൂത്താംകുളം മാത്തുക്കുട്ടി)യുടെ ഭാര്യ ചിന്നമ്മ മാത്യു കുളങ്ങര (90) ചിക്കാഗോയിൽ നിര്യാതയായി. പുല്ലാപ്പള്ളിൽ പരേതരായ മത്തായിയും മറിയാമ്മയുമാണ് മാതാപിതാക്കൾ.

മക്കൾ: കുഞ്ഞച്ചൻ & ജോളി, കുഞ്ഞുമോൻ & ലൈസാമ്മ, പരേതനായ രാജു & സാലി, ഡെയ്സി & ജോസ്, ജെയ്ബു & ഏലമ്മ, പീറ്റർ & സാലിക്കുട്ടി, പോൾസൺ & ജയ.


സഹോദരങ്ങൾ: പരേതനായ പി.എം. ജെയിംസ് പുല്ലാപ്പള്ളിൽ, പി.എം. ജേക്കബ് പുല്ലാപ്പള്ളിൽ, പരേതനായ ഷെവലിയർ പി.എം. ജോൺ പുല്ലാപ്പള്ളിൽ, ഏലിയാമ്മ കുളങ്ങര (ന്യൂയോർക്ക്).

ആഗസ്റ്റ് 21ന് വെള്ളിയാഴ്ച വൈകുന്നേരം മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ പൊതുദർശനം നടത്തപ്പെട്ടു. 22ന് ശനിയാഴ്ച രാവിലെ 9.30ന് സെന്റ് മേരീസ് പള്ളിയിൽ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്കുശേഷം മേരിഹിൽ ക്നാനായ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടന്നു.

ചിന്നമ്മ കുളങ്ങരയുടെ നിര്യാണത്തിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ബിഷപ്പ് മാർ ജോയി ആലപ്പാട്ട്, ആന്റോ ആന്റണി എംപി, തോമസ് ചാഴികാടൻ എംപി, ജോസ് കെ. മാണി എംപി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, സുരേഷ് കുറുപ്പ് എംഎൽഎ, മുൻ കേന്ദ്രമന്ത്രി കെ.വി. തോമസ്, റോഷി അഗസ്റ്റിൻ എംഎൽഎ, മോൻസ് ജോസഫ് എംഎൽഎ, മുൻ എംപി ഫ്രാൻസിസ് ജോർജ്, മുൻ എംഎൽഎ സ്റ്റീഫൻ ജോർജ്, കോട്ടയം അതിരൂപതാ വികാരി ജനറാൾ മോൺ. മൈക്കിൾ വെട്ടിക്കാട്ട്, ഇടയ്ക്കാട്ട് ഫൊറോന വികാരി ഫാ. ജെയ്മോൻ ചേന്നാകുഴി തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി.







# ലൈഫ് മിഷൻ കരാറിൽ അടിമുടി ദുരൂഹത

തിരുവനന്തപുരം: ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള തൃശൂർ വടക്കാഞ്ചേരിയിലെ വിവാദ ഫ്ളാറ്റ് നിർമാണവുമായി ബന്ധപ്പെട്ട ഉപകരാർ രേഖകൾ പുറത്തു വന്നു. സർക്കാരും ലൈഫ് മിഷനും ഒപ്പിട്ട ധാരണാപത്രത്തിനു പിന്നാലെ യൂണിടാക്കുമായി യുഎഇ കോൺസലേറ്റുണ്ടാക്കിയ ഉപകരാർ രേഖകളാണ് പുറത്തായത്.

വടക്കാഞ്ചേരിയിലെ നിർമാണ പ്രവർത്തനങ്ങൾക്കായി യൂണിടാക്കുമായി റെഡ്ക്രസന്റ് കരാറുണ്ടാക്കുന്നതിനു പകരം യുഎഇ കോൺസലേറ്റുമായാണ് കരാറുണ്ടാക്കിയത്. യുഎഇ കോൺസൽ ജനറൽ ജമാൽ ഹുസൈൻ അൽസാബിയും യൂണിടാക് എംഡി സന്തോഷ് ഈപ്പനുമാണ് കരാറുണ്ടാക്കിയത്. നയതന്ത്ര സ്ഥാപനത്തിന് സ്വകാര്യ ഏജൻസിയുമായി കരാറുണ്ടാക്കാനാകുമോയെന്ന സംശയവുമുണ്ട്. 2019 ജൂലൈയിലാണ് വടക്കാഞ്ചേരിയിൽ ഫ്ളാറ്റ് നിർമാണത്തിനു സഹായം നൽകുന്നതിനായി സംസ്ഥാന സർക്കാരിനായി ലൈഫ് മിഷൻ സിഇഒയും യുഎഇയിലെ ജീവകാരുണ്യ സംഘടനയായ റെഡ്ക്രസന്റും തമ്മിൽ ധാരണാപത്രം ഒപ്പിട്ടത്.

എന്നാൽ, പദ്ധതി നിർവഹണം ഏറ്റെടുത്ത യൂണിടാക്കുമായി റെഡ്ക്രസന്റ് കരാറുണ്ടാക്കുന്നതിന് പകരം യുഎഇ കോൺസലേറ്റായിരുന്നു കരാറിലേർപ്പെട്ടത്. 2019 ജൂലൈ 31നാണ് ഈ കരാർ ഒപ്പിട്ടത്. തലപ്പിള്ളി താലൂക്കിൽ 140 ഓളം പാർപ്പിടസമുച്ചയം നിർമിക്കാനാണ് കരാറുണ്ടാക്കിയത്. 500 ചതുരശ്ര അടി വിസ്തീർണം വീതമുള്ള പാർപ്പിട സമുച്ചയമാണ് ഉദ്ദേശിക്കുന്നത്. ടെൻഡറിലൂടെയാണ് യൂണിടാക്കിനെ തെരഞ്ഞെടുത്തതെന്നും കോൺസലേറ്റുണ്ടാക്കിയ കരാറിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

കേന്ദ്രത്തിന്റെ അനുമതിയില്ലാതെയും സംസ്ഥാന നിയമ വകുപ്പിന്റെ നിർദേശങ്ങൾ പാലിക്കാതെയുമാണ് ലൈഫ് മിഷൻ റെഡ്ക്രസന്റുമായി ധാരണാപത്രം ഒപ്പിട്ടതെന്ന വിവാദത്തിനിടെയാണ് പുതിയ ഉപകരാർ വിവരങ്ങൾ പുറത്തുവന്നത്. ജീവകാരുണ്യ സംഘടനയായ റെഡ്ക്രസന്റ് തന്നെ നിർമാണ സ്ഥാപനത്തെ കണ്ടെത്തി കരാർ ഒപ്പിടുന്നതിന് പകരം യുഎഇ കോൺസലേറ്റ് തന്നെ നേരിട്ട് ഒരു സ്വകാര്യ സ്ഥാപനവുമായി കരാറുണ്ടാക്കിയിരിക്കുന്നു. റെഡ്ക്രസന്റുമായി കോൺസലേറ്റ് എന്തെങ്കിലും കരാറുണ്ടാക്കിയോയെന്ന വിവരങ്ങൾ പുറത്തുവന്നിട്ടില്ല.

വടക്കാഞ്ചേരിയിലെ പാർപ്പിടനിർമാണ സമുച്ചയവുമായി ബന്ധപ്പെട്ട് സ്വർണക്കടത്ത് കേസിലെ പ്രതി സ്വപ്നയ്ക്ക് കമ്മീഷൻ ലഭിച്ചുവെന്ന ആരോപണങ്ങൾക്കു പിന്നാലെ, റെഡ്ക്രസന്റുമായി ലൈഫ് മിഷൻ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ വിശദാംശങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. വിദേശ പ്രതിനിധികൾ ഉൾപ്പെടെയുള്ളവരുമായി നടത്തിയ ചർച്ചകളുടെ മിനിറ്റ്സിന്റെ വിശദാംശങ്ങളാണ് ആവശ്യപ്പെട്ടത്.

## ഗാന്ധിജിയുടെ കണ്ണടയ്ക്ക് 2.5 കോടി രൂപ

ലണ്ടൻ: 'കൊള്ളത്തില്ലെങ്കിൽ കളഞ്ഞേക്കൂ' എന്നു പറഞ്ഞ് ലേലക്കാരന്റെ തപാൽപ്പെട്ടിയിൽ നിക്ഷേപിച്ച പഴയ കണ്ണട നൽകിയത് പുതിയ കാഴ്ച, എഴുതിയതു പുതിയ ചരിത്രം. ദക്ഷിണാഫ്രിക്കയിലായിരിക്കെ മഹാത്മാഗാന്ധി ഉപയോഗിച്ച കണ്ണടയാണ് ഹനമിലെ ഈസ്റ്റ് ബ്രിസ്റ്റോൾഓക്ഷൻ സെന്റർ നടത്തിയ ലേലത്തിൽ 2.5 കോടി രൂപയ്ക്ക് (2.6 ലക്ഷം പൗണ്ട്) യുഎസ് പൗരൻ സ്വന്തമാക്കിയത്. ഓക്ഷൻ സെന്ററിന്റെ ഏറ്റവും ഉയർന്ന ലേലത്തുകയാണിത്.

ബ്രിസ്റ്റോൾ മാംഗോട്സ്ഫീൽഡിലെ വയോധികനാണ് കണ്ണട ലേലത്തിനു വെച്ചത്. അദ്ദേഹത്തിന്റെ അച്ഛന്റെ അമ്മാവൻ 1910–30 കാലത്തു ദക്ഷിണാഫ്രിക്കയിൽ ബ്രിട്ടീഷ് പെട്രോളിയം കമ്പനിയിൽ ജോലി ചെയ്തിരുന്നപ്പോൾ നൽകിയ സഹായത്തിനു പകരമായാണ് ഗാന്ധിജി തന്റെ കണ്ണട സമ്മാനിച്ചത്. 50 വർഷം മുൻപ് പിതാവ് തനിക്കു കൈമാറിയ കണ്ണടയ്ക്കു ലേലത്തിൽ ലഭിച്ച തുക മകളുമായി പങ്കിടുമെന്നു വയോധികൻ പറഞ്ഞു.

സ്വർണം പൂശിയ വട്ടത്തിലുള്ള ഫ്രെയിമോടു കൂടിയ കണ്ണട 'ഗാന്ധിക്കണ്ണാടി' എന്ന വിശേഷണത്തോടെ ലേലത്തിനു വെയ്ക്കുമ്പോൾ പരമാവധി 15 ലക്ഷം രൂപയാണ് പ്രതീക്ഷിച്ചതെന്ന് ഓക്ഷൻ ഹൗസ് ഉടമ ആൻഡി സ്റ്റോവ് പറഞ്ഞു. എന്നാൽ, ഇതു സ്വന്തമാക്കാൻ ഇന്ത്യ, യുഎസ്, റഷ്യ, കാനഡ, ഖത്തർ തുടങ്ങിയ രാജ്യങ്ങളിൽ നിന്നെല്ലാം ആളുകൾ ലേലത്തിൽ പങ്കെടുത്തു.

## ദാവൂദ് ഇബ്രാഹിമിന്റെ വീട് കറാച്ചിയിൽ

ഇസ്ലാമാബാദ്: മുംബൈ സ്ഫോടന പരമ്പരക്കേസിൽ ഇന്ത്യ തേടുന്ന ഏറ്റവും വലിയ കുറ്റവാളി അധോലോക തലവൻ ദാവൂദ് ഇബ്രാഹിം കറാച്ചിയിലുണ്ടെന്നു സമ്മതിച്ച് പാകിസ്ഥാൻ. വർഷങ്ങളായി പാകിസ്ഥാൻ ഇക്കാര്യം നിഷേധിച്ചു വരികയായിരുന്നു.

രാജ്യാന്തര സംഘടനയായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് എൻഫോഴ്സ്മെന്റ് (എഫ്എടിഎഫ്) വിലക്കു പട്ടികയിൽ നിന്നു പുറത്തുകടക്കുന്നതിന് 88 നിരോധിത ഭീകരസംഘടനകൾക്കും നേതാക്കൾക്കുമെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയതു സംബന്ധിച്ച വിജ്ഞാപനത്തിലാണ് ദാവൂദ് കറാച്ചിയിൽ കഴിയുന്നതായി പാക് സർക്കാർ വ്യക്തമാക്കിയത്. കർശന സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയവരിൽ ഹാഫിസ് സയീദ്, മസൂദ് അസ്ഹർ, ദാവൂദ് ഇബ്രാഹിം എന്നിവരുമുണ്ട്. ഇവരുടെ ആസ്തികളും ബാങ്ക് അക്കൗണ്ടുകളും മരവിപ്പിച്ചു. ദാവൂദിന്റെ കറാച്ചിയിലെ വിലാസം 'വൈറ്റ് ഹൗസ്, സൗദി മോസ്കിനു സമീപം, ക്ലിഫ്റ്റൻ കറാച്ചി' എന്നാണു നൽകിയിട്ടുള്ളത്. ദാവൂദിന് പാകിസ്ഥാനിലുള്ള മറ്റു വസ്തുക്കളുടെ വിവരവുമുണ്ട്. 'ഹൗസ് നമ്പർ 37, 30 സ്ട്രീറ്റ് – ഡിഫൻസ് ഹൗസിങ് അതോറിറ്റി, കറാച്ചി എന്ന വിലാസത്തിണ് ഇതിലൊന്ന്. കറാച്ചിയിലെ നൂറാബാദിലെ ആഡംബര ബംഗ്ലാവും പട്ടികയിലുണ്ട്. ഇന്ത്യ പലവട്ടം തെളിവു നൽകിയിട്ടും ദാവൂദ് പാകിസ്ഥാനിലുണ്ടെന്നു പാക് സർക്കാർ സമ്മതിച്ചിരുന്നില്ല. ദാവൂദ് കറാച്ചിയിലുണ്ടെന്ന് ഐക്യരാഷ്ട്ര സംഘടനയും സ്ഥിരീകരിച്ചിരുന്നു. 257 പേർ കൊല്ലപ്പെട്ട 1993ലെ മും



ബൈ സ്ഫോടന പരമ്പര ഉൾപ്പെടെ ഒട്ടേറെ ഭീകരാക്രമണങ്ങളുടെ സൂത്രധാരനും സാമ്പത്തിക സ്രോതസ്സുമാണ് ദാവൂദ്. അൽ ഖായിദ, ലഷ്കറെ തയിബ തുടങ്ങിയ ഭീകരസംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതു ദാവൂദാണെന്ന് ഇന്ത്യയും യുഎസും ആരോപിക്കുന്നു.

രാജ്യാന്തര സാമ്പത്തിക സംവിധാനത്തെ തകർക്കുന്ന കള്ളപ്പണം വെളുപ്പിക്കൽ, ഭീകര പ്രവർത്തനത്തിനുള്ള സാമ്പത്തിക സഹായം, മറ്റു കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനുള്ള രാജ്യാന്തര സംഘടനയാണ് പാരിസ് ആസ്ഥാനമായ എഫ്എടിഎഫ്. 2018 ജൂണിലാണ് പാകിസ്ഥാനെ ഗ്രേ പട്ടികയിൽ പെടുത്തിയത്. ഭീകര സംഘടനകൾക്കെതിരെ കർശന നടപടി ആവശ്യപ്പെട്ടിരുന്നു. കോവിഡ് മൂലം നീട്ടിയ സമയപരിധി തീരാനിരിക്കെയാണ് പാകിസ്ഥാന്റെ ഇപ്പോഴത്തെ നടപടി.

ഗ്രേ പട്ടികയിൽ തുടർന്നാൽ പാകിസ്ഥാന് ഐഎംഎഫ്, എഡിബി, യൂറോപ്യൻ യൂണിയൻ തുടങ്ങിയവയിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കാതാകും.

## വിജിലൻസ് അന്വേഷണത്തിന് സി.പി.എം. നിർദേശം

തിരുവനന്തപുരം: വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ – റെഡ് ക്രസന്റ് ഭവനസമുച്ചയ നിർമ്മാണക്കരാറിലെ കമ്മിഷൻ ഇടപാടിൽ വിജിലൻസ് അന്വേഷണത്തിനുള്ള സാധ്യത പരിശോധിക്കാൻ സർക്കാരിനു സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റിന്റെ ശിപാർശ. വിവാദങ്ങളിൽനിന്നു തലയൂരാൻ ലക്ഷ്യമിട്ടുള്ള നിർദേശം സർക്കാർ നടപ്പാക്കുമെന്നാണു സൂചന. സർക്കാരുമായി ബന്ധപ്പെട്ട പദ്ധതിയിൽ കമ്മിഷൻ ഇടപാട് നടന്നെന്ന ആരോപണം സർക്കാരിനു കീഴിലുള്ള ഏജൻസി അന്വേഷിച്ചാൽ സത്യം തെളിയില്ലെന്നും ആക്ഷേപം.

എൻ.ഐ.എയുടെ അന്വേഷണത്തിനിടെ കണ്ടെത്തിയ ഒരു കാര്യം അവരാവശ്യപ്പെടാതെ സർക്കാർ എങ്ങനെ അന്വേഷിക്കുമെന്നു നേരത്തേ ചോദിച്ച സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ തന്നെയാണ് മാറിയ അഭിപ്രായം ആഗസ്റ്റ് 21 ന് വിശദീകരിച്ചത്. സംസ്ഥാന സർക്കാരിന് അന്വേഷിക്കാനാകുമെങ്കിൽ അന്വേഷിക്കണമെന്നാണു പാർട്ടിയുടെ നിലപാടെന്ന് അദ്ദേഹം പറഞ്ഞു. സാധ്യമാകുന്ന ഏതന്വേഷണത്തിനും സർക്കാർ തയാറാകും, യു.എ.ഇ കോൺസുലേറ്റുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർക്കെതിരെയാണ് കമ്മീഷൻ ആരോപണമുള്ളത്.

കേന്ദ്ര ഏജൻസികളായ എൻ.ഐ. എയും ഇ.ഡിയും കസ്റ്റംസും അന്വേഷിക്കുന്നുണ്ട്. ആരെങ്കിലും അഴിമതി നടത്തിയെങ്കിൽ അവർക്കു കണ്ടെത്താനാകും. സന്ദീപ് നായരുടെ അക്കൗണ്ടിലേക്ക് 75 ലക്ഷം പോയെന്നു പറയുന്നുണ്ട്. അയാൾ ബി.ജെ.പിയാണ്. വസ്തുതകളെല്ലാം പുറത്തുവരട്ടെയെന്നും കോടിയേരി പറഞ്ഞു.

## കോവിഡ്: ഓർത്തഡോക്സ് സഭയിൽ ആദ്യമായി മൃതദേഹം ദഹിപ്പിച്ചു

പെരുവ: കോവിഡ് ബാധിച്ചു മരിക്കുന്ന ഇടവകാംഗങ്ങളുടെ മൃതദേഹം ആവശ്യമെങ്കിൽ ദഹിപ്പിക്കാമെന്ന ഓർത്തഡോക്സ് സഭയുടെ എപ്പിസ്കോപ്പൽ സിനഡ് തീരുമാനപ്രകാരം സഭയിൽ ആദ്യമായി കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ മണ്ണുക്കുന്ന് സെയിന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗത്തിന്റെ മൃതദേഹം സെമിത്തേരിയിൽ ശുശ്രൂഷകൾ നൽകി ദഹിപ്പിച്ചു. തുടർന്നു കുടുംബക്കല്ലറയിൽ സംസ്കരിച്ചു. താന്നിമറ്റം വട്ടം കണ്ടത്തിൽ പൗലോസിന്റ (കുട്ടൻ–66) മൃതദേഹമാണ് പള്ളി സെമിത്തേരിയിൽ ദഹിപ്പിച്ചത്. ആഗസ്റ്റ് 23ന് ഉച്ചയോടെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ശുശ്രൂഷകൾക്ക് കത്തീഡ്രൽ വികാരി ഫാ.ഡോ. വർഗീസ് പി. വർഗീസ്, പ്രധാന ശുശ്രൂഷകൻ ജോൺ ജോയി എന്നിവർ നേതൃത്വം നൽകി. കത്തീഡ്രൽ മാനേജിങ് കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

ഹെൽത്ത് ഇൻസ്പെക്ടർ അലക്സ് പോൾ, വെള്ളൂർ എസ്ഐ എ. സമദ്, വൊളന്റിയർ ടി.എസ്. ശരത് എന്നിവരുടെ നേതൃത്വത്തിലാണ് സംസ്കാരം നടത്തിയത്. കോട്ടയത്തെ അഭയം ചാരിറ്റബിൾ സൊസൈറ്റിയുടെ സംസ്കരണ യൂണിറ്റിലാണ് മൃതദേഹം ദഹിപ്പിച്ചത്. കാൻസർ ബാധിച്ച് ചികിത്സയിലായിരുന്ന പൗലോസിനെ ഈയിടെ ജീവനൊടുക്കിയ നലയിൽ കണ്ടെത്തുകയായിരുന്നു. എവിടെ നിന്നാണ് പൗലോസിന് കോവിഡ് ബാധിച്ചതെന്ന് അറിവായിട്ടില്ല.

## ഐഎസ് ഭീകരൻ പിടിയിൽ

ന്യൂഡൽഹി: ഇന്ത്യയുടെ തലസ്ഥാനത്തു വൻ ആക്രമണം ലക്ഷ്യമിട്ട ഐഎസ് ഭീകരൻ ഏറ്റുമുട്ടലിൽ പിടിയിൽ. ഉഗ്രസ്ഫോടന ശേഷിയുള്ള രണ്ട് പ്രഷർകുക്കർ ബോംബുകളും തോക്കും കണ്ടെടുത്തു.

യുപി ബൽറാംപൂർ സ്വദേശി മുസ്തഖിം ഖാൻ (അബു യൂസഫ്) ആണ് അറസ്റ്റിലായതെന്ന് ഡൽഹി പോലീസ് അറിയിച്ചു. ഒരു വർഷമായി ഇയാൾ നിരീക്ഷണത്തിലായിരുന്നു. ഡൽഹിയിലെ ദൗല കുവാനും കരോൾ ബാഗിനും മധ്യേയുള്ള റിഡ്ജ് റോഡിലൂടെ ആഗസ്റ്റ് 21 നു രാത്രി ബൈക്കിലെത്തിയ മുസ്തഖിം ഖാനെ പോലീസ് തടഞ്ഞു. ഇയാൾ വെടിവെച്ചെങ്കിലും ഏറ്റുമുട്ടലിൽ പോലീസ് കീഴടക്കി. പൊതുസ്ഥലങ്ങളിൽ ബോംബ് വെച്ചശേഷം തന്ത്രപ്രധാന സ്ഥലങ്ങളിൽ ഒറ്റയ്ക്ക് ആക്രമണം നടത്താനാണ് ലക്ഷ്യമിട്ടതെന്നാണ് വാദം. പ്രഷർ കുക്കർ ബോംബിൽ ടൈമർ മാത്രമാണു ഘടിപ്പിക്കാനുണ്ടായിരുന്നത്. സ്വാതന്ത്ര്യദിനത്തിൽ ആക്രമണം നടത്താൻ ശ്രമിച്ചെങ്കിലും ശക്തമായ സുരക്ഷ കാരണം സാധിച്ചില്ല. അഫ്ഗാൻ സംഘങ്ങളാണ് മുസ്തഖിം ഖാനു നിർദേശങ്ങൾ നൽകിയിരുന്നതെന്നും പോലീസ് കരുതുന്നു.

## കോവാക്സിൻ ട്രയലിന് അനുമതി തേടി

ന്യൂഡൽഹി: ഭാരത് ബയോടെക് വികസിപ്പിച്ച 'കോവാക്സിൻ' ത്വക്കിനടിയിൽ കുത്തിവെക്കുന്നതു (ഇൻട്രാഡെർമൽ) ഫലപ്രദമാകുമോയെന്നു പരീക്ഷിക്കുന്നു. പേശികളിൽ കുത്തിവെക്കുന്നതിനു പുറമേ, ത്വക്കിൽ കുത്തിവെക്കുന്നതിനു കൂടി പരീക്ഷണാനുമതി തേടി ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യയെ സമീപിച്ചു.

കോവാക്സിൻ പേശികളിൽ കുത്തിവെക്കുന്ന പരീക്ഷണം രാജ്യത്തെ 12 ആശുപത്രികളിൽ ഒന്നാംഘട്ടം പൂർത്തിയാക്കിയിരുന്നു. രണ്ടാംഘട്ടത്തിലേക്കു കടക്കാനിരിക്കെയാണു ത്വക്കിൽ കുത്തിവെക്കുന്ന രീതി കൂടി പരീക്ഷിക്കുന്നത്. ത്വക്കിലാണെങ്കിൽ, പേശികളിൽ കുത്തിവെക്കുന്നതിനെക്കാൾ കുറഞ്ഞ അളവ് മതിയാകും. ഇതു വഴി കൂടുതൽ പേർക്കു കുത്തിവെപ്പു നൽകാം. വില കുറയ്ക്കാനും കഴിയും. പരീക്ഷണത്തിൽ പങ്കെടുക്കുന്നവരുടെ ആരോഗ്യസ്ഥിതിയും പ്രതിരോധശേഷിയും തുടർച്ചയായി 6 മാസം നിരീക്ഷണ വിധേയമാക്കണം. ഭാരത് ബയോടെക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുമായി ചേർന്നാണ് കോവാക്സിൻ വികസിപ്പിച്ചത്.

# റെയിൽവേ, ബാങ്ക് ഉൾപ്പെടെ കേന്ദ്രജോലികൾക്ക് പൊതുപരീക്ഷ

ന്യൂഡൽഹി: റെയിൽവേയിലും ബാങ്കുകളിലുമുൾപ്പെടെ, കേന്ദ്ര സർക്കാർ ജോലികൾക്ക് ഇനി പൊതു പ്രവേശന പരീക്ഷ (സിഇടി). ഇതിനായി ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി (എൻആർഎ) രൂപീകരിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു. ഓൺലൈൻ സംവിധാനത്തിലൂടെയുള്ള പരീക്ഷയ്ക്ക് രാജ്യത്തെ എല്ലാ ജില്ലയിലും കേന്ദ്രമുണ്ടാവും. മലയാളം ഉൾപ്പെടെ 12 ഭാഷകളിൽ പരീക്ഷയെഴുതാം.

ഗ്രൂപ്പ് ബി, സി (സാങ്കേതിക ഇതര) തസ്തികയിലേക്കു പ്രാഥമിക പരീക്ഷയാണ് എൻആർഎ നടത്തുക. പരീക്ഷാഫലത്തിന് 3 വർഷത്തെ പ്രാബല്യമുണ്ടാവും. ഒരാൾക്ക് ഈ 3 വർഷത്തിനിടെ തന്നെ പല തവണ പരീക്ഷയെഴുതാം (അനുവദനീയ പ്രായപരിധിക്കുള്ളിൽ എത്ര തവണയും സിഇടി എഴുതാം.) ഏറ്റവും മികച്ച ഫലമാവും പരിഗണിക്കുക. ബിരുദം, പ്ലസ്ടു, പത്താം ക്ലാസ് യോഗ്യതകളുള്ളവർക്ക് വെവ്വേറെയാവും പരീക്ഷ.

സ്റ്റാഫ് സിലക്ഷൻ കമ്മീഷൻ (എസ്എസ്സി), റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് പഴ്സനേൽ സിലക്ഷൻ (ഐബിപിഎസ്) എന്നിവയ്ക്കു വേണ്ടിയാവും എൻആർഎ പ്രാഥമിക പരീക്ഷകൾ നടത്തുക. ക്രമേണ കേന്ദ്ര സർക്കാരിന്റെ മറ്റ് റിക്രൂട്ട്മെന്റ് ഏജൻസികളെയും സിഇടിയിൽ ഉൾപ്പെടുത്തും.

സംസ്ഥാനങ്ങൾക്കും, പൊതു സ്വകാര്യ സ്ഥാപനങ്ങൾക്കും സേവനം ലഭ്യമാകും. പൊതുപാഠ്യക്രമത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തി. ചുരുക്കപ്പട്ടിക എൻആർഎ നൽകും.

യോഗ്യരായ ഉദ്യോഗാർത്ഥികളെ അതത് റിക്രൂട്ട്മെന്റ് ഏജൻസികൾ ആവശ്യാനുസരണം അടുത്ത പരീക്ഷകൾക്കു ക്ഷണിക്കും. അവയുടെ അടിസ്ഥാനത്തിലാവും തുടർ നടപടികൾ.

## എല്ലാവർക്കും ക്വാറന്റീൻ വേണ്ട

തിരുവനന്തപുരം: കോവിഡ് ബാധിതരുമായി ഏറ്റവും അടുത്ത സമ്പർക്കത്തിൽ (ഹൈറിസ്ക്) വരുന്നവർക്കു മാത്രം 14 ദിവസം ക്വാറന്റീൻ മതിയെന്ന് ആരോഗ്യ വകുപ്പിന്റെ പുതിയ മാർഗരേഖ. ഒരു മീറ്ററിനുള്ളിൽ 15 മിനിറ്റ് ചെലവഴിച്ചവർ, ശാരീരിക സമ്പർക്കം ഉണ്ടായിരുന്നവർ, ഒരു വീട്ടിൽ കഴിഞ്ഞവർ, വാഹനത്തിനുള്ളിൽ ഒരു മീറ്ററിനുള്ളിൽ ഇരുന്നവർ, സുരക്ഷയില്ലാതെ വസ്തുക്കൾ പങ്കിട്ടവർ തുടങ്ങിയവരെയാണ് ഈ വിഭാഗത്തിൽ പെടുത്തുക.

അകന്ന സമ്പർക്ക (ലോ റിസ്ക്) വിഭാഗത്തിൽ പെടുന്നവർ അനാവശ്യമായി യാത്രകളും ആൾക്കൂട്ടങ്ങളും ഒഴിവാക്കുകയും മാസ്ക് ഉൾപ്പെടെയുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും വേണം.

ഭേദമായവർക്കു നിർബന്ധിത ക്വാറന്റീൻ ഒഴിവാക്കിയെങ്കിലും 7 ദിവസം സാമൂഹിക ഇടപെടലുകൾ നടത്തരുത്. വിദേശത്തു നിന്നുൾപ്പെടെ സംസ്ഥാനത്തിനു പുറത്തപ നിന്നെത്തുന്നവർക്കു 14 ദിവസം ക്വാറന്റീനിൽ തുടരണമെന്ന വ്യവസ്ഥയ്ക്കു മാറ്റമില്ല.

ആരോഗ്യ പ്രവർത്തകരുടെ ക്വാറന്റീൻ അതതു സ്ഥാപനങ്ങളിലെ മെഡിക്കൽ ബോർഡിന് തീരുമാനിക്കാം. സംസ്ഥാനത്തിനു പുറത്തുനിന്നു ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്കോ അത്യാവശ്യ ഹ്രസ്വ സന്ദർശനങ്ങൾക്കോ സ്പെഷൽ പാസുമായി എത്തുന്നവർക്കു ക്വാറന്റീൻ നിബന്ധനയില്ല. ഇവർ 7 ദിവസത്തിനകം മടങ്ങണം.

## എസ്പിബിയുടെ നില മെച്ചപ്പെട്ടു



ചെന്നൈ: കോവിഡ് ചികിത്സയിൽ കഴിയുന്ന ഗായകൻ എസ്.പി. ബാലസുബ്രഹ്മണ്യത്തെ വെന്റിലേറ്ററിൽ നിന്നു മാറ്റിയിട്ടില്ലെങ്കിലും ആരോഗ്യനില തൃപ്തികരമാണെന്ന് എംജിഎം ഹെൽത്ത്കെയർ ആശുപത്രി അറിയിച്ചു. എന്നാൽ ഗുരുതരാവസ്ഥ പൂർണമായി മാറിയിട്ടില്ല. 2 ദിവസം മുൻപ് ആരംഭിച്ച എക്സ്മോ ചികിൽസ ഫലം ചെയ്യുന്നുണ്ട്. യുഎസ്, യുകെ എന്നിവിടങ്ങളിലെ വിദഗ്ധ ഡോക്ടർമാരുമായി വിഡിയോ കോളിലൂടെ ചർച്ച നടത്തിയതായി ആശുപത്രി അധികൃതർ അറിയിച്ചു.

## കത്രികകൊണ്ട് കുത്തേറ്റ് ഭർതൃമാതാവ് കൊല്ലപ്പെട്ട സംഭവം: യുവതി അറസ്റ്റിൽ

തിരുവല്ല: കത്രികകൊണ്ടു കുത്തേറ്റ് വീട്ടമ്മ കൊല്ലപ്പെട്ട സംഭവത്തിൽ മരുമകൾ അറസ്റ്റിൽ. നിരണം കൊമ്പങ്കേരി പ്ലാംപറമ്പിൽ ചാക്കോയുടെ ഭാര്യ കുഞ്ഞൂഞ്ഞമ്മ (66) ആണ് മരിച്ചത്. ഇവരുടെ മകൻ ബിജി ചാക്കോയുടെ ഭാര്യ ലിൻസി (26) ആണ് അറസ്റ്റിലായത്. ആഗസ്റ്റ് 17ന് തിങ്കളാഴ്ച രാത്രി 8നാണ് സംഭവം. നിർമാണത്തൊഴിലാളിയായ ബിജിയെ കഴിഞ്ഞ ദിവസം ചിലർ മർദിച്ചിരുന്നു. പരുക്കിനു ചികിത്സ തേടി തിരുവല്ലയിലെ ആശുപത്രിയിൽ പോയി മടങ്ങിയെത്തിയ ബിജിയും ലിൻസിയുമായി വഴക്കുണ്ടായി. ഇതിനിടയിലാണ് കുഞ്ഞൂഞ്ഞമ്മയ്ക്ക് കുത്തേറ്റതെന്ന് പോലീസ് പറഞ്ഞു. സംഭവസ്ഥലത്തു തന്നെ മരിച്ചു. ഒരുമണിക്കൂറിനു ശേഷമാണ് അയൽവാസികൾ വിവരം അറിയുന്നത്. ജില്ലാ പോലീസ് മേധാവി കെ.ജി. സൈമൺ സംഭവം നടന്ന കൊമ്പങ്കേരിയിലെ വീട്ടിലെത്തി തെളിവെടുപ്പ് നടത്തി. ലിൻസിയെ റിമാൻഡ് ചെയ്തു. കുഞ്ഞൂഞ്ഞമ്മയുടെ സംസ്കാരം പിന്നീട്. മറ്റൊരു മകൻ വിൽസൺ.

## മറയൂരിൽ ആദിവാസി സ്ത്രീ വെടിയേറ്റ് മരിച്ചു

മറയൂർ: ചിന്നാർ വന്യജീവി സങ്കേതത്തിനുള്ളിലെ പാളപ്പെട്ടി ആദിവാസി കോളനിയിൽ ആദിവാസി സ്ത്രീ വെടിയേറ്റു മരിച്ചു. ചന്ദ്രികയാണ് (30) കൊല ചെയ്യപ്പെട്ടത്. ചന്ദ്രികയുടെ സഹോദരീപുത്രൻ കാളിയപ്പൻ (21), കൂടെയുണ്ടായിരുന്ന മണികണ്ഠൻ (22), മാധവൻ (18) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു.



കാളിയപ്പനെ നാട്ടുകാർ പിടികൂടി മരത്തിൽ കെട്ടിയിട്ടു പോലീസിനു കൈമാറുകയായിരുന്നു. മണികണ്ഠനും മാധവനും കടന്നുകളഞ്ഞെങ്കിലും പിന്നീട് അറസ്റ്റിലായി. മണികണ്ഠന്റെ വീട്ടിൽ നിന്ന് പോലീസ് 3 ചെറിയ ആനക്കൊമ്പുകൾ കണ്ടെടുത്തു.

പാളപ്പെട്ടി കോളനിക്കു സമീപം ആഗസ്റ്റ് 21ന് വെള്ളിയാഴ്ച രാത്രി ഒൻപതോടെയാണ് സംഭവം. ജൂലൈ 29ന് മറയൂർ വനമേഖലയിൽ നിന്നു ചന്ദനമരം മുറിച്ചു കടത്തിയതിന് മണികണ്ഠനെ വനംവകുപ്പ് അറസ്റ്റ് ചെയ്തിരുന്നു. പിടിയിലാകാൻ കാരണക്കാരായ വനംവകുപ്പിലെ താൽക്കാലിക വാച്ചർമാരോട് പ്രതികാരം ചെയ്യാനാണ് മണികണ്ഠനും സംഘവും എത്തിയതെന്ന് പോലീസ് പറഞ്ഞു.

വനത്തിനു സമീപമുള്ള കൃഷിഭൂമിയിൽ രാത്രി വന്യമൃഗങ്ങളുടെ ശല്യം ഉണ്ടാകാതിരിക്കാൻ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ കാവൽ കിടക്കുന്നുണ്ട്. ചന്ദ്രികയും മറ്റു സ്ത്രീകളും ഉള്ള കാവൽപുരയിൽ മദ്യപിച്ചെത്തിയ പ്രതികൾ വനംവകുപ്പ് വാച്ചർമാരെ അന്വേഷിച്ചു.

വാച്ചർമാരെ കിട്ടാത്തതിന്റെ ദേഷ്യത്തിൽ സ്ത്രീകളുമായി വഴക്കിട്ടെന്നും മണികണ്ഠൻ ചന്ദ്രികയുടെ കഴുത്തിൽ തോക്കുവെച്ച് ഭീഷണിപ്പെടുത്തിയെന്നും പോലീസ് പറയുന്നു. തുടർന്ന് വെടിവെപ്പുണ്ടായി.

വെടിയുണ്ട ചന്ദ്രികയുടെ കഴുത്ത് തുളച്ച് വെളിയിലെത്തി. സംഭവസ്ഥലത്തുതന്നെ ചന്ദ്രിക മരിച്ചു. മാരികണ്ണന്റെയും പരേതനായ ചാപ്പുവിന്റെയും മകളാണ് ചന്ദ്രിക.



കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 35
August 28, 2020

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
2050 W. Devon Ave.
Chicago, Illinois 60659.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഓരോ മനുഷ്യന്റെയും ആത്മാവിൽ ഒരു ഭീരുവിനെയും ധീരനെയും കാണാം.

**തോമസ് കാർലൈൽ**

ഓർത്തു ദുഃഖിക്കുന്നതിനേക്കാൾ നല്ലത് മറന്നു ചിരിക്കുന്നതാണ്.

**റോസറ്റി**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ജനത്തിനെ ഭയപ്പെടുത്തരുത്

രാഷ്ട്രീയക്കാർ പറയുന്നതും ചരിത്രകാരൻമാർ പറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഒന്നു ഭാവനയും മറ്റത് സത്യവുമാണ്. രാഷ്ട്രീയക്കാരും ചില മാധ്യമങ്ങളും ഇപ്പോൾ ഉണ്ടയില്ലാവെടി വെച്ചുകൊണ്ടിരിക്കുന്നു. സർക്കാർ പക്ഷക്കാരും പ്രതിപക്ഷക്കാരും നടത്തുന്നത് പ്രഹസനമായി മാറുന്നത് നിഷ്പക്ഷമതികൾ നോക്കിക്കാണുന്നുമുണ്ട്. എന്നാൽ, ഇതിനെയെല്ലാം ചരിത്രകാരന്മാർ മറ്റൊരു തരത്തിൽ വീക്ഷിക്കുകയും രേഖകളാക്കുകയും ചെയ്യുമെന്നത് തീർച്ച. അതിനി കാണാൻ പോകുന്നതേയുള്ളൂ. കരുണാകരന്റെ പോലീസ്, ഉമ്മൻചാണ്ടിയുടെ പോലീസ്, പിണറായിയുടെ പോലീസ് എന്നൊക്കെ പറയുമ്പോൾ പോലീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിൽ എത്തുകയും അതാതു സർക്കാരുകളുടെ പ്രതിച്ഛായയെ തന്നെ അത് നിർണയിക്കുകയും ചെയ്യും. ചുരുക്കത്തിൽ, എത്രതന്നെ മികച്ച പ്രവർത്തനം മറ്റു വകുപ്പുകളിൽ ഉണ്ടായാലും നാടിന്റെ ക്രമസമാധാനവും അതു പാലിക്കാൻ ബാധ്യസ്ഥരായ പോലീസിന്റെ മികവും ഭരണത്തിനു മാർക്കിടുന്നതിൽ നിർണായക ഘടകമാകുന്നതാണ് പതിവ്. കോവിഡ് കാലത്ത് സ്തുത്യർഹമായ പ്രവർത്തന പാതയിലാണ് കേരളാ പോലീസെന്ന് അംഗീകരിക്കാൻ സംശയിക്കേണ്ടതില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ ആരോഗ്യപ്രവർത്തകർക്കൊപ്പം കൈയടി ഓരോ പോലീസ് ഉദ്യോഗസ്ഥനും അർഹിക്കുന്നു. ജാഗ്രതയുടെ കടിഞ്ഞാൺ അവരുടെ കൈയിലാണ് മുഖ്യമന്ത്രി നൽകിയിരിക്കുന്നത്. വിശ്വാസം കൂടിയാലും പ്രശ്നമാണെന്ന അടക്കം പറച്ചിലുകൾ ജോലി ചെയ്തു തളർന്ന ചില സേനാംഗങ്ങളിൽനിന്ന് ഉണ്ടാകുന്നത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിലും പെട്ടിട്ടുണ്ടാകും. ചുമതലകളുടെ ബാഹുല്യം പോലീസിനെ തളർത്തുന്നതും പോലീസിനെ മാത്രമേ മുഖ്യമന്ത്രിക്ക് വിശ്വാസമുള്ളോ എന്ന ചോദ്യം മറ്റുള്ളവരിൽനിന്ന് ഉണ്ടാകുന്നതും നാടിനു ഗുണകരമല്ല.

നേരത്തെ കണ്ടെയ്ൻമെന്റ് സോണും മൈക്രോ കണ്ടെയ്ൻമെന്റ് സോണും നിശ്ചയിക്കാൻ പോലീസിനെ ചുമതലപ്പെടുത്തിയ മുഖ്യമന്ത്രി ഇപ്പോഴിതാ കോവിഡ് ബാധിതരുടെ ഫോൺ രേഖകൾ പരിശോധിക്കാനും അവർക്ക് അനുമതി നൽകിയിരിക്കുന്നു. നിയമവും ചട്ടവുമൊന്നും കാര്യമായി പരിഗണിക്കാതെയാണ് മുഖ്യമന്ത്രി പോലീസിന് ഓരോ ചുമതലയും നൽകുന്നതെന്ന വിമർശനം പ്രതിപക്ഷത്തിന്റേതു മാത്രമല്ല; കൂട്ടത്തിലുള്ളവരും ചുമതലനിർവഹിക്കേണ്ടവരും നടത്തുന്ന തീരുമാനങ്ങളിലെ മണ്ടത്തരത്തേയും ഔചിത്യക്കുറവിനേയും വ്യക്തമാക്കുന്നുമുണ്ട്. അസാധാരണകാലത്തെ അസാധാരണ നടപടികളുടെ കൂട്ടത്തിൽ പെടുത്തി ന്യായീകരിക്കാവുന്ന തീരുമാനങ്ങളല്ല സർക്കാരിൽനിന്നുണ്ടാവുന്നത്. കണ്ടെയ്ൻമെന്റ് സോണുകൾ നിശ്ചയിക്കാനും കോവിഡ് വിവരങ്ങൾ ശേഖരിക്കാനുമുള്ള ഉത്തരവാദിത്തം പോലീസിൽനിന്ന് ജില്ലാ ദുരന്ത അതോറിറ്റിക്ക് കൈമാറാൻ തീരുമാനമെടുത്തതോടെ സർക്കാരിന്റേത് തെറ്റായ തീരുമാനായിരുന്നെന്ന് വ്യക്തം. തീരുമാനങ്ങൾ എടുക്കാനും പിന്നീട് തിരുത്താനുമുള്ള സമയമല്ലിത്. കോവിഡിന് എതിരെയെന്നപോലെ തീരുമാനങ്ങളിലും നയങ്ങളിലും ജാഗ്രതവേണം. രോഗികളുമായുള്ള സമ്പർക്ക ഉറവിടം കണ്ടെത്താനുള്ള ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാരെ ഒഴിവാക്കിയാണ് പോലീസിനെ ഏൽപ്പിച്ചത്. എന്നാൽ വ്യാപനം ചെറുക്കുന്നതിൽ കഴിഞ്ഞ രണ്ടാഴ്ചയിലേറെയായി കാര്യമായ പുരോഗതി ഉണ്ടാകാതെ വന്നതോടെ കേരളാ സർക്കാരിനു മാറിച്ചിന്തിക്കേണ്ടി വന്നു. പോലീസ് കണ്ണുരുട്ടിയാൽ എല്ലാം ഭദ്രമായെന്നു ചിന്തിക്കാതെ വകുപ്പുകളുടെ ഏകോപനവും ജനങ്ങളുടെ സഹകരണവും ഉറപ്പാക്കിയാലേ പ്രായോഗിക തലത്തിൽ കോവിഡിന് എതിരായ പ്രതിരോധം സാധ്യമാകൂവെന്ന് സർക്കാർ ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

ഇതിനിടെയാണ് കോവിഡ് രോഗികളുടെ ഫോൺ വിളിയിലെ വിശദാംശങ്ങൾ പോലീസ് പരിശോധനയിലൂടെ കണ്ടെത്തി സമ്പർക്കത്തിലുള്ളവരെ തിരിച്ചറിയാനുള്ള മാർഗം സർക്കാർ ആവിഷ്ക്കരിച്ചത്. ഇത് ഫലപ്രദമായ രീതിയാണെന്ന് മുഖ്യമന്ത്രി വിലയിരുത്തുകയും ചെയ്തു. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയ്ക്കു പുറമെ, മനുഷ്യാവകാശപ്രവർത്തകർ, നിയമജ്ഞർ തുടങ്ങി നിരവധിയാളുകളാണ് പോലീസിനു നൽകിയ സ്വാതന്ത്ര്യം പൊതുജനങ്ങളുടെ സ്വാകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്ന് ആരോപിച്ച് രംഗത്തുവന്നത്. ടെലിഗ്രാഫ് നിയമത്തിന്റെ ലംഘനം ഉൾപ്പെടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. അടുത്തില്ലാത്തവരുമായാണ് ആളുകൾക്ക് സാധാരണ ഫോണിൽ സംസാരിക്കേണ്ടി വരുന്നത്. സമ്പർക്കത്തിലൂടെ മാത്രം ഉണ്ടാകുന്ന കോവിഡിനെ ചെറുക്കാൻ അകലെയിരുന്നു സംസാരിക്കുന്ന കുറെയാളുകളുടെ വിവരം ശേഖരിച്ചതുകൊണ്ട് പ്രയോജനമെന്തെന്ന് പൊതുജനം ന്യായമായും സംശയിക്കും. രോഗം കുറ്റകൃത്യമല്ലെന്നും രോഗി കുറ്റവാളിയല്ലെന്നുമുള്ള മനുഷ്യാവകാശ പ്രവർത്തകരുടെ നിലപാട് ഫോൺ രേഖ നോക്കി കുറ്റവാളിയെ കണ്ടെത്തുന്ന മനോഭാവത്തോടെ ആളുകളെ സമീപിക്കാൻ ഇറങ്ങരുതെന്ന മുന്നിറിയിപ്പ് പോലീസ് സേനയ്ക്കും സർക്കാരിനും നൽകുന്നു. ഏതൊരാൾക്കും ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമാണ് ഫോണെന്നും അതിലെ വിവരങ്ങളുടെ പ്രാധാന്യവും രഹസ്യാത്മകതയും സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പാക്കേണ്ടതും സർക്കാരാണ്. മുഖ്യമന്ത്രി എത്ര ആത്മവിശ്വാസം പ്രകടിപ്പിച്ചാലും സാങ്കേതിക സംവിധാനങ്ങളിലെ പിഴവുകൾ മുതലെടുത്ത് സർക്കാർ ഖജനാവുവരെ കൊള്ളചെയ്യപ്പെടുന്ന കാലത്ത് ഫോൺ വിവരങ്ങൾ ചൂഷണത്തിന് ഉപയോഗിക്കുമെന്ന ജനത്തിന്റെ ഭയപ്പാട് മാറാൻ പോകുന്നില്ല. ജനത്തെ വിശ്വസിപ്പിക്കാൻ കഴിയാത്ത തീരുമാനങ്ങൾ സർക്കാരിനു സമ്മാനിക്കുക മോശം പ്രതിച്ഛായയായിരിക്കും.

# മഹാബലി ഹാസ്യകഥാപാത്രമല്ല

**ടി.ഡി. രാധാകൃഷ്ണൻ നായർ**

വീണ്ടും ഒരോണംകൂടി വരവായി. മലയാളി മനസ്സുകളിൽ മാവേലി സങ്കല്പവും ഒരുവട്ടംകൂടി ഉണരുകയാണ്. മാധ്യമങ്ങളിലൂടെയും പരസ്യങ്ങളിലൂടെയും ഒരു ഹാസ്യ കഥാപാത്രം എന്ന രീതിയിലാണ് മാവേലിയെ ചിത്രീകരിക്കുന്നത്. കുടവയറും കൊമ്പൻ മീശയും കിരീടവും ഓലക്കുടയും ഒക്കെ ഉൾപ്പെടുന്നതാണ് അദ്ദേഹത്തിന്റെ രൂപം. എന്നാൽ, എന്താണ് മാവേലിയെക്കുറിച്ചുള്ള യഥാർഥ സങ്കല്പം?

മഹാബലി ചക്രവർത്തിയെപ്പറ്റി ആധികാരികമായി പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം 'ശ്രീമദ് ഭാഗവതം'ആണ്. വിഷ്ണു ഭക്തനായ പ്രഹ്ലാദന്റെ കൊച്ചുമകനാണ് പിന്നീട് അസുര ചക്രവർത്തിയായ മഹാബലി. ബലിയുടെ കാലഘട്ടം 'യജ്ഞ' സംസ്കാരം നിലനിന്നിരുന്ന കാലഘട്ടത്തിലായിരിക്കണം. യജ്ഞത്തിന്റെ ഒരു പ്രധാനഭാഗം ദാനധർമങ്ങൾ തന്നെ. 'ബലി' എന്ന വാക്കു തന്നെ ദാനത്തെ പ്രതിനിധീകരിക്കുന്നതാണ്. സ്വത്തും ധനവും എടുത്തുവെക്കേണ്ടതല്ല; പകർന്നുകൊടുക്കേണ്ടതാണ് എന്ന ധാർമികതയും നിലനിന്നിരുന്നു. വാസ്തവത്തിൽ ഓണത്തിന്റെ സന്ദേശവും അതുതന്നെ.

പ്രതാപശാലിയായ ബലി ചക്രവർത്തി ഭൂലോകവും ദേവലോകവും ഒക്കെ കീഴടക്കിയപ്പോൾ ദേവൻമാർ മോചനത്തിനായി മഹാവിഷ്ണുവിനെ സമീപിച്ചുവെന്ന് പുരാണം. വിഷ്ണു അതിനായി തെരഞ്ഞെടുത്ത സമയം ബലി ചക്രവർത്തി 'വിശ്വജിത്യാഗം' അനുഷ്ഠിക്കുമ്പോഴായിരുന്നു. ഈ യാഗാനുഷ്ഠാനത്തിൽ ബ്രാഹ്മണരെ ആദരിച്ച് അവർക്ക് ധാരാളം സ്വത്തുക്കളും ധനവും ദാനം കൊടുക്കുന്ന പതിവുണ്ട്. ബലിയുടെ യജ്ഞശാലയിൽ കുള്ളനായ ഒരു ബ്രാഹ്മണകുമാരന്റെ ബ്രഹ്മചാരി ഭാവത്തിൽ വിഷ്ണു വന്നതും മൂന്നടി മണ്ണുമാത്രം ആവശ്യപ്പെട്ടതുമായ കഥയെല്ലാം എല്ലാവർക്കും അറിയാവുന്നതാണ്.

എല്ലാ സ്വത്തുക്കളും തന്നെത്തന്നെയും അദ്ദേഹം ദാനം ചെയ്തത് ഒരു മഹാദാനമാവുകയും ബലി ചക്രവർത്തി 'മഹാബലി' ആവുകയും ചെയ്തു എന്നാണ് കഥയുടെ ചുരുക്കം. നർമദാനദിയുടെ വടക്കേതീരത്താണ് ബലി അശ്വമേധയോഗം (വിശ്വജിത്) നടത്തിയതെന്ന് ഭാഗവതം പറയുന്നു. നർമദ മുതൽ മഹാബലി പുരം വരെയുള്ള തീരപ്രദേശമായിരിക്കണം 'മാവേലിനാട്'എന്ന് കരുതാം.

ഋഷി ദർശനത്തിൽ ജീവചൈതന്യത്തിന്റെ വിശ്വരൂപത്തെ മനുഷ്യരൂപത്തിൽ അവതിരിപ്പിച്ചാൽ ആ രൂപത്തിന്റെ കാല് പാതാളവും തല സ്വർഗവും എന്നുകാണാം. പതിന്നാല് ലോകങ്ങളിൽ ബാക്കിയുള്ളവ ഇവയുടെ ഇടയിലും വരും. അതിലൊന്നാണ് സുതലം. ബലി ചക്രവർത്തിയെ പാതാളത്തിലാക്കിയപ്പോൾ (കാൽച്ചുവട്ടിൽ) അസുര സൈന്യം അക്രമത്തിനൊരുങ്ങിയെങ്കിലും വിഷ്ണുപാർഷദന്മാർ അവരെ തോല്പിച്ചു. ബലി ബന്ധനസ്ഥനായെങ്കിലും അദ്ദേഹത്തിന്റെ ധാർമികതയും നീതി നിഷ്ഠയും വിശ്വചൈതന്യത്തോടുള്ള ഭക്തിയും മനസ്സിലാക്കിയ വിഷ്ണുഭഗവാൻ ബലിക്ക് ഉടനെത്തന്നെ ഇന്ദ്രലോകത്തേക്കാൾ സുന്ദരമായ 'സുതലം' തന്നെ കൊടുത്ത് അവിടത്തെ ചക്രവർത്തി ആക്കിയത്രെ. ഭൂമിക്കടിയിലേക്ക് ചവിട്ടിത്താഴ്ത്തി എന്നത് വസ്തുതകൾ ഗ്രഹിക്കാതെ ആരോ എഴുതിവിട്ടൊരു ആശയംമാത്രം.

മനുഷ്യനിൽത്തന്നെയാണ് ദേവാസുര ചിന്തകൾ ഉടലെടുക്കുന്നത്. അന്യോന്യം വിപരീതങ്ങളായ ഈ ചിന്തകളുടെ സംഘർഷം ഉണ്ടാകുമ്പോൾ വിശ്വചൈതന്യ ചിന്തകളിലൂടെ മാത്രമേ അത് സമ്യക്കായി പരിഹരിക്കപ്പെടുകയുള്ളൂവെന്ന് താത്ത്വികവശം.

ദാനം ചെയ്യാൻ തീരുമാനിച്ച ദേവചിന്തയും അസുരചിന്തയായി ആവിർഭവിച്ച താക്കീതുകളും തമ്മിലുണ്ടായ സംഘർഷം ബലി ചക്രവർത്തിയിലെ വിശ്വചൈതന്യചിന്തയാകുന്ന 'പ്രജ്ഞാന'ത്തിലൂടെ പരിഹരിക്കപ്പെട്ടു.




ധാർമികതയും സത്യസന്ധതയും നീതിനിഷ്ഠയും മുഖമുദ്രയായിട്ടുള്ള മഹാബലിയെ ലക്ഷണയുക്തനായ ഒരു യുഗപുരുഷനായിട്ടുതന്നെ വേണം ചിത്രീകരിക്കാൻ. അതാണ് കലാകാരന്റെ ധാർമികത.

## കലഹിക്കാത്ത ഭർത്താവിനെ വേണ്ടെന്ന് യുവതി

ലക്നൗ: "അദ്ദേഹം എന്നെ ആവശ്യത്തിലേറെ സ്നേഹിക്കുന്നു. തെറ്റുകളെല്ലാം ക്ഷമിക്കുന്നു. എന്റെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുന്നു. ഇങ്ങനെയൊരാളുടെ കൂടെ ജീവിക്കാൻ എനിക്കു പ്രയാസമാണ്. അതിനാൽ ദയവായി വിവാഹമോചനം അനുവദിക്കണം." യുവതിയുടെ ആവശ്യമറിഞ്ഞ് ഉത്തർപ്രദേശിൽ സംഭാലിലെ ശരി അത്ത് കോടതി വിസ്മയിച്ചു. 18 മാസത്തെ ദാമ്പത്യത്തിനു ശേഷവും ഭർത്താവിന്റെ സ്നേഹം ഉൾക്കൊള്ളാൻ തനിക്കു കഴിയുന്നില്ലെന്ന് യുവതി വിശദീകരിച്ചു. "അദ്ദേഹം എന്നോട് ക്ഷോഭിക്കുകയോ ഒരു കാര്യത്തിലെങ്കിലും നിരാശപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചിലപ്പോൾ എനിക്കായി പാചകം ചെയ്യും. വീട്ടുജോലികളിൽ സഹായിക്കുകയും ചെയ്യും. ഇത്തരമൊരു അന്തരീക്ഷത്തിൽ എനിക്കു ശ്വാസംമുട്ടുന്നു. എനിക്ക് അദ്ദേഹത്തോടു തർക്കിക്കാനും വഴക്കുകൂടാനും ആഗ്രഹമുണ്ട്." മറ്റെന്തെങ്കിലും ഗുരുതരമായ ആരോപണം ഭർത്താവിനെതിരെയുണ്ടോ എന്ന കോടതിയുടെ ചോദ്യത്തിന് ഇല്ലെന്നായിരുന്നു മറുപടി. താൻ ഭാര്യയുടെ സന്തോഷം മാത്രമാണ് ആഗ്രഹിച്ചതെന്ന് ചൂണ്ടിക്കാട്ടിയ ഭർത്താവകാട്ടെ, വിവാഹമോചനം അനുവദിക്കരുതെന്ന് കോടതിയോട് അപേക്ഷിച്ചു. ആവശ്യം കോടതി നിരസിച്ചെങ്കിലും യുവതി പിൻമാറിയില്ല. പഞ്ചായത്തിനെ സമീപിച്ചു. അവരും വിസമ്മതിച്ചതോടെ തൽക്കാലം വഴിയടഞ്ഞു.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas
DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
MIDWEST WINDOWS
DOORS & SIDING
www.mymidwestwindows.com
45%
Off for Windows
40%
Off for Doors
and Siding
FREE ESTIMATE
Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi
Plenty of parking.
Beautician near by
Mosquito proof house
Currency exchange near by
Cook available to cook with your choice
Kottayam Railway Station & Town near by
Excellent ayurvedic massage place near by
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# ഓർത്തഡോക്സ് സഭയുമായി കൂദാശാബന്ധം അവസാനിപ്പിക്കുന്നു: യാക്കോബായ സഭ

കോലഞ്ചേരി: ഓർത്തഡോക്സ് സഭയുമായി കൂദാശാബന്ധങ്ങൾ അവസാനിപ്പിക്കാൻ യാക്കോബായ സഭാ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. 1975ൽ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കൽപന പ്രകാരം മുടക്കിയ ഓർത്തഡോക്സ് സഭയുമായി ആരാധനയിലോ പ്രാർത്ഥനയിലോ കൂദാശകളിലോ ഇനി ബന്ധപ്പെടില്ല. ആ സഭയിൽ നിന്നു യാക്കോബായ സഭയിലേക്കു വരുന്നവർക്കു മൂറോൻ അഭിഷേകം നിർബന്ധമായിരിക്കും. യാക്കോബായ സഭയുടെ പള്ളികൾ പിടിച്ചെടുത്തു വിശ്വാസികളെ പുറത്താക്കുന്നതിൽ പ്രതിഷേധിച്ചും ദേവാലയങ്ങൾ സംരക്ഷിക്കാൻ നടപടി ആവശ്യപ്പെട്ടും തിരുവനന്തപുരത്ത് മെത്രാപ്പൊലീത്തമാർ ഉപവാസമിരിക്കും. കോടതികളിൽ നിന്നും അധികാരികളിൽ നിന്നും യാക്കോബായ സഭയ്ക്കു നീതി ലഭിക്കുന്നില്ല.

മുളന്തുരുത്തി പള്ളിയിൽ നടക്കുന്ന പോലീസ് അതിക്രമത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണം. മെത്രാപ്പൊലീത്തമാരെയും വൈദികരെയും വിശ്വാസികളെയും പോലീസ് മർദിച്ചതിൽ സുന്നഹദോസ് പ്രതിഷേധിച്ചു. ഉത്തരവാദികളായ റവന്യൂ ഉദ്യോഗസ്ഥനും പോലീസിനുമെതിരെ നടപടി വേണം. എല്ലാ പള്ളികളിലും പ്രതിഷേധ പരിപാടികൾ നടത്തി. റിലേ സത്യാഗ്രഹവും തുടങ്ങി. പള്ളി കയ്യേറ്റം അവസാനിപ്പിച്ചാൽ മാത്രമേ ഓർത്തഡോക്സ് സഭയുമായി ചർച്ചയുള്ളൂ എന്നു യോഗം വ്യക്തമാക്കി. സുന്നഹദോസിൽ അധ്യക്ഷത വഹിച്ച് മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ്, യാക്കോബായ സഭാ വിശ്വാസകൾക്കു ലഭിക്കേണ്ട നീതി ഉറപ്പുവരുത്താൻ സർക്കാർ തയാറാകണമെന്ന് ആവശ്യപ്പെട്ടു.

ചരിത്ര സ്മാരകമായ പള്ളികൾ സർക്കാർ ഏറ്റെടുത്തു സംരക്ഷിക്കണം. 2 സഭകൾക്കും ആരാധനയ്ക്കു സൗകര്യമൊരുക്കണം. ഓർത്തഡോക്സ് സഭയുടെ നീതിപൂർവമല്ലാത്ത നിലപാടിൽ പ്രതിഷേധിച്ച് സഭാ ഐക്യവേദികളിൽ നിന്നു യാക്കോബായ സഭ വിട്ടു നിൽക്കും. കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കെ പള്ളി കയ്യേറ്റം വ്യാപകമായതിൽ ദുരൂഹതയുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

# തിരുവനന്തപുരം വിമാനത്താവളം എതിർപ്പ് തള്ളി അദാനിക്ക്

ന്യൂഡൽഹി: കേരളത്തിന്റെ കടുത്ത എതിർപ്പ് തള്ളി തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും അദാനി ഗ്രൂപ്പിനെ ഏൽപ്പിക്കാൻ കേന്ദ്ര മന്ത്രിസഭ തിരുമാനിച്ചു. ജയ്പുർ, ഗുവാഹട്ടി വിമാനത്താവളങ്ങളുടെ നടത്തിപ്പും പൊതു-സ്വകാര്യ-പങ്കാളിത്ത വ്യവസ്ഥയിൽ അദാനി ഗ്രൂപ്പിനു കൈമാറും. 50 വർഷത്തേക്കാണ് വിമാനത്താവളങ്ങൾ സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ പത്രസമ്മേളനത്തിൽ അറിയിച്ചു.

സ്വകാര്യവത്കരണത്തിനുള്ള ടെൻഡർ 2019 മാർച്ചിൽ പൂർത്തിയായതാണെങ്കിലും കൂടുതൽ തുക കോട്ട് ചെയ്ത അദാനി ഗ്രൂപ്പിന് വിമാനത്താവളം കൈമാറുന്നത് കേരളത്തിന്റെ എതിർപ്പിനെത്തുടർന്ന് നീട്ടിവെക്കുകയായിരുന്നു. കേരള സർക്കാരിന്റെകൂടി ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്ന വിമാനത്താവളം സ്വകാര്യകമ്പനിക്ക് കൈമാറുന്നത് ഒഴിവാക്കാൻ കേരളം ചെലുത്തിയ സമ്മർദങ്ങൾ തള്ളിയാണ് ഇപ്പോഴത്തെ തീരുമാനം.

വിമാനത്താവളം സ്വന്തംനിലയ്ക്ക് സംസ്ഥാനം നടത്താമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേരിട്ടുകണ്ട് അറിയിച്ചിരുന്നു. ഇതിനായി കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ ട്രിവാൻഡ്രം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(ടിയാൽ) എന്ന കമ്പനിയുണ്ടാക്കി ടെൻഡറിൽ പങ്കെടുത്തു. കൂടുതൽ തുക വാഗ്ദാനംചെയ്ത അദാനി ഗ്രൂപ്പിന് ടെൻഡർ ലഭിച്ചശേഷവും സമ്മർദം തുടർന്നു. അദാനി ഗ്രൂപ്പ് ടെൻഡറിൽ പറഞ്ഞ തുക നൽകിയും നടത്തിപ്പ് ഏറ്റെടുക്കാമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചെങ്കിലും കേന്ദ്രം വഴങ്ങിയില്ല. സംസ്ഥാനവുമായി ചേർന്ന് വിമാനത്താവള നടത്തിപ്പിന് അദാനി ഗ്രൂപ്പ് തയ്യാറാണെന്ന് ശശി തരൂർ എം.പി. വ്യക്തമാക്കിയിരുന്നു. എന്നാൽ, ഈ നിർദേശം മുഖ്യമന്ത്രി തള്ളി.

അദാനിക്ക് കൈമാറുന്നതിനെതിരെ കേരളം നൽകിയ ഹർജി ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. ആദ്യം നൽകിയ റിട്ട്ഹർജി സാങ്കേതികകാരണം ചൂണ്ടിക്കാട്ടി തള്ളിയിരുന്നു. പ്രത്യേക സ്യൂട്ട് നൽകണമെന്നായിരുന്നു നിരീക്ഷണം. സുപ്രീംകോടതിയിൽ സ്യൂട്ട് നൽകിയെങ്കിലും റിട്ട് ഹർജിയായി തന്നെ കേൾക്കാൻ നിർദേശിച്ചു. കേസ് തീർപ്പാക്കാതെതന്നെ ടെൻഡർ തുടരാമെന്ന് അനുവദിച്ചിരുന്നു.

## കേന്ദ്ര തീരുമാനം പിൻവലിക്കണം എന്ന് സർവകക്ഷി യോഗം

തിരുവനന്തപുരം: രാജ്യാന്തര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും അദാനി എന്റർപ്രൈസസിനെ ഏൽപിക്കാനുള്ള കേന്ദ്ര തീരുമാനം പിൻവലിക്കണമെന്ന് സർവകക്ഷി യോഗം. മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗത്തിൽ ബിജെപി ഒഴികെ എല്ലാ കക്ഷികളും വിമാനത്താവള സ്വകാര്യവൽക്കരണം എതിർത്തു. നിയമ നടപടി തുടരുന്നതിനൊപ്പം ഒറ്റക്കെട്ടായി മുന്നോട്ടു പോകാനും യോഗം തീരുമാനിച്ചു. വിമാനത്താവള മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിനു മുഖ്യ പങ്കാളിത്തമുള്ള സ്പെഷൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണമെന്നാണു കേരളം ആവശ്യപ്പെട്ടിരുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു.

Ann's Beauty Salon

517 N. Wolf Road, Hillside, IL 60162

annsalon@gmail.com

A Full Service Salon & Spa

For all your Beauty Care Needs



Lissy

(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment

708-547-6787

Business Hours

Tue - Fri 9:30 a.m to 7 p.m.

Sat. 8 a.m. - 5 p.m.

Sunday appointment only

Monday closed

-Special-

Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

Thank you for your support! Since 1995

We Specialize In:

Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.

Achieve all your real estate needs with us

“Satisfied customers are our primary goal”

"We are hiring brokers"

Please contact Sabu Achettu for more information

Achieve Brokers

Alexander Mathew 847 650 0110 (alexmathewchicago@gmail.com)

Luke Chirayil (Kochumon) Cell 630 808 2125 (lchirayil@gmail.com)

Arkadiusz Jamula 773 671 5555 (aj.jamula@gmail.com)

Mohan Sebastian 847 331 1123 (realtormohan@yahoo.com)

Benny Joseph (Puthukulam) 847 612 4319 (bennyrealtor@comcast.net)

Prince Eapen 224 659 0336 (eapenrealtor@gmail.com)

Biju Jacob 847 840 5532 (bijubjacob@gmail.com)

Renchi Varghese 847 845 7361 (renchirealtor@yahoo.com)

Eby George 1 773 671 3911 (Ebychengannur@yahoo.com)

Roy John 708 833 2769 (royjohnreb@yahoo.com)

George (Babu) Mathew 847-602-9326 (georgelrealtor@gmail.com)

Sabu Achettu (Managing Broker) 847 687 5100 (saburealtor@sbcglobal.net)

George Panicker 847 401 7771 (realtorpanicker@gmail.com)

Shawn S Achettu 847-529-7962 (realtorachettu@gmail.com)

James P Kannookadan 847 910 7866 (jimkannoox@hotmail.com)

Sheljo Abraham 331-202-6087 cell (realtorsheljo@gmail.com)

Jinson Vachachira 618-203-9142 (VachaRealtor@gmail.com)

Soy Mathew 847 769 1805 (soymathew@sbcglobal.net)

Joe Luke Chirayil (Appu) 647-691-3121 (realtorjoeluke@gmail.com)

Stiby Abraham 773 -355-8880 (stibyrealtor@gmail.com)

John Lyndon Gatus 224 258 8235 (realtoryjohn1992@gmail.com)

Tino Tomy 847-651-2923.(realtortino@gmail.com)

John (Thengumoottil) Mathew 847 309 2826 (realtorjthengum@gmail.com)

Thomas (Karikulam) Kuruvilla 847 219 6050 thomasrealtor557@gmail.com

Jolly Joseph 630-615-9240 (realtorjollyjoseph@gmail.com)

Tomy Plathottathil Mathew 773-349-7154 (tomyrealtor1229@gmail.com)

Luka Chirayil 630 290 1524 (lchirayil22@yahoo.com)

“For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group”

834 E Rand RD Suite 6, Mount Prospect, IL 60056

Real Estate for diversified investors and promise for future generations.

# സൂമിനു പകരം ആലപ്പുഴക്കാരന്റെ വികൺസോൾ

കോട്ടയം: സൂം ആപ്പിനെ കടത്തിവെട്ടി ഇന്ത്യയുടെ ഔദ്യോഗിക വീഡിയോ കോൺഫറൻസിംഗ് ആപ് രൂപീകരണത്തിൽ മലയാളിത്തിളക്കം. രാജ്യ



ത്തിന്റെ ഔദ്യോഗിക വീഡിയോ കോൺഫറൻസിംഗ് ആപ്ലിക്കേഷൻ തയാറാക്കാനുള്ള ചലഞ്ചിൽ ആലപ്പുഴ സ്വദേശി ജോയി സെബാസ്റ്റ്യന്റെ നേതൃത്വത്തിലുള്ള ചേർത്തല പള്ളിപ്പുറം ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന ടെക്ജൻഷ്യ സോഫ്റ്റ്‌വെയർ ടെക്നോളജീസ് വിജയിച്ചു. ആത്മനിർഭർ ഭാരതിന്റെ ഭാഗമായി മേക്ക് ഇൻ ഇന്ത്യ വീഡിയോ കോൺഫറൻസിംഗ് പ്രോഡക്ട് നിർമിക്കാൻ ഇന്ത്യൻ കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കുമായി ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം സംഘടിപ്പിച്ച ചലഞ്ചിലാണ് വികൺസോൾ എന്ന ആപ് നിർമിച്ച് ജോയ് സെബാസ്റ്റ്യന്റെ ടെക്ജൻഷ്യ വിജയിച്ചത്. സമ്മാനമായി ഒരുകോടി രൂപയും മൂന്നു വർഷത്തേക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വീഡിയോ കോൺഫറൻസിംഗ് പ്രവർത്തനങ്ങളുടെ പങ്കാളിത്ത കരാറുമാണ് ലഭിക്കുക.

വിവരസാങ്കേതിക വകുപ്പിന്റെ ചുമതലയുള്ള കേന്ദ്രമന്ത്രി രവിശങ്കർ പ്രസാദാണ് ചലഞ്ചിലെ വിജയികളെ പ്രഖ്യാപിച്ചത്. സമ്മാനത്തിനു പുറമേ പത്തു ലക്ഷം രൂപ അടുത്ത മൂന്ന് വർഷത്തേക്ക് പുതിയ ആപ്പിന്റെ പ്രവർത്തനത്തിനു ലഭിക്കും. സർക്കാർ സ്ഥാപനങ്ങളുടെ ആഭ്യന്തര ഉപയോഗത്തിന് കരാർ അടിസ്ഥാനത്തിൽ ഇനി വികൺസോൾ ആയിരിക്കും ഉപയോഗിക്കുക.

ബിസിനസ് കോൺഫറൻസുകൾക്കായി വികൺസോൾ ബിസിനസ്, ഓൺലൈൻ ക്ലാസ്റൂമുകൾക്കായി വികൺസോൾ എഡ്യൂക്കേഷൻ, വികൺസോൾ ഫാമിലി എന്നീ വീഡിയോ കോൺഫറൻസിംഗ് ആപ്പുകളും ഇതിലുണ്ട്. ഏറ്റവും മികച്ച ദൃശ്യ-ശ്രവ്യമികവാണ് ഇവർ ഉറപ്പുനൽകുന്നത്.

കഴിഞ്ഞ മേയിൽ ആപ് നിർമാണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കമ്പനികളുടെ ഷോർട്ട്ലിസ്റ്റിൽ ടെക്ജൻഷ്യയും ഇടം പിടിച്ചു. കേരളത്തിൽനിന്ന് ഈ പട്ടികയിൽ ഇടം പിടിച്ച ഏക ഐടി സ്ഥാപനവും ടെക്ജൻഷ്യ ആയിരുന്നു. കേന്ദ്ര വിവര സാങ്കേതിക മന്ത്രാലയത്തിനു ലഭിച്ച 2,000 അപേക്ഷകളിൽ നിന്നാണ് ടെക്ജൻഷ്യ ഉൾപ്പെട്ട 30 കമ്പനികളെ വീഡിയോ കോൺഫറൻസിംഗ് ആപ് നിർമാണത്തിനായി തെരഞ്ഞെടുത്തത്. ഓരോ കമ്പനിയുടെയും അവതരണത്തിനുശേഷം ടെക്ജൻഷ്യ ഉൾപ്പെടെ 12 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്തു.

2009ൽ കൊച്ചിയിൽ നിന്നാണ് ടെക്ജൻഷ്യയുടെ തുടക്കം. 2018ലെ പ്രളയകാലത്ത് മികച്ച കൺട്രോൾ റൂം പ്രവർത്തനം കാഴ്ചവെച്ച ഐടി കമ്പനിയാണ് ടെക്ജൻഷ്യ.

ജോയിയുടെ ഭാര്യ ലിൻസി, പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂളിൽ അധ്യാപികയാണ്. മകൻ അലൻ ലിയോ തേർട്ടീന്ത് സ്കൂളിലും മകൾ ജിയ സെയിന്റ് ജോസഫ്സ് ഗേൾസ് സ്കൂളിലും പഠിക്കുന്നു.

## അത് അഞ്ജുവായിരുന്നു; മരണത്തിലും നെഞ്ചോടു ചേർന്ന് അയലത്തെ കുഞ്ഞും






മൂന്നാർ: മകളല്ല, കൂടെപ്പിറപ്പല്ല... അതിനെല്ലാമപ്പുറം ഏഴു വയസുകാരി ലക്ഷണശ്രീ അഞ്ജുവിന് എല്ലാമായിരുന്നു. ലക്ഷണയ്ക്കു തിരിച്ചും. പെട്ടിമുടിയിലെ ദുരന്തഭൂമിയിൽ, മണ്ണിനടിയിൽനിന്നു ഈയിടെ ഇരുവരുടെയും ചേതനയറ്റ ശരീരങ്ങൾ പുറത്തെടുക്കുമ്പോൾ അമ്മയും മകളുമെന്നാണു തെരച്ചിൽ സംഘം കരുതിയത്. കാരണം, മരണപുതപ്പിനടിയിൽ ലക്ഷണയെ അഞ്ജു മാറോടുചേർത്ത് പിടിച്ചിരുന്നു. അടുത്തടുത്ത ലയങ്ങളിൽ കഴിഞ്ഞിരുന്ന അഞ്ജുമോളുടെയും ലക്ഷണയുടെയും ആത്മബന്ധം അത്രയ്ക്കായിരുന്നു.

അഞ്ജുവിനൊപ്പമാണു ലക്ഷണ മിക്കദിവസവും ഉറങ്ങിയിരുന്നത്. അത്തരമൊരു ഉറക്കത്തിനിടെ ഇരുവരെയും മരണം കവർന്നു. ചെറുപ്പത്തിലേ അമ്മയെ നഷ്ടപ്പെട്ട അഞ്ജുമോൾ അമ്മൂമ്മ ചന്ദ്രയ്ക്കൊപ്പം പെട്ടിമുടി പത്തുമുറി ലയത്തിലെ ഏഴാംനമ്പർ വീട്ടിലാണു താമസിച്ചിരുന്നത്. ലക്ഷണ തൊട്ടടുത്ത് ആറാംമുറി ലയത്തിലെ നാലാംനമ്പർ വീട്ടിൽ രാജയുടെയും ശോഭനയുടെയും ഏകമകൾ. രാജയും ശോഭനയും ദുരന്തത്തിൽ മരിച്ചു. ലക്ഷണ തീരെക്കുഞ്ഞായിരുന്ന നാൾമുതൽ അഞ്ജുവിന്റെ സ്നേഹ പരിലാളനയിലാണു വളർന്നത്. പാലക്കാട് ചിറ്റൂർ കോളജിൽ നിന്നു ബി.എ തമിഴ് പഠിച്ചിറങ്ങിയ അഞ്ജുവിന് അധ്യാപികയാകാനായിരുന്നു മോഹം. അടിമാലിയിലെ ബി.എഡ്. കോളജിൽ പ്രവേശനം തേടിയതിനു പിന്നാലെയാണ് എല്ലാം തകർത്ത ഉരുൾപൊട്ടൽ ദുരന്തം. രണ്ടുമാസം കഴിഞ്ഞാൽ അഞ്ജുവിന്റെ വിവാഹമായിരുന്നു. കോവിഡ് കാലത്ത് സ്കൂൾ അവധിയായിരുന്നാൽ അഞ്ജുവും ലക്ഷണയും എപ്പോഴും ഒന്നിച്ചായിരുന്നു.

## പണ്ഡിറ്റ് ജസ്‌രാജ് ഓർമയായി

ന്യൂയോർക്ക്: ഹിന്ദുസ്ഥാനി സംഗീതത്തിലെ പുതുമകളുടെ സ്രഷ്ടാവും ഭക്തിരസപ്രധാനമായ 'മേവതി ഖരാന' ശൈലിയുടെ ആചാര്യനുമായ പണ്ഡിറ്റ് ജസ്‌രാജ് (90) ഓർമയായി. കോവിഡ് നിയന്ത്രണങ്ങൾ കാരണം യുഎസിൽ തങ്ങിയ അദ്ദേഹത്തിന്റെ അന്ത്യം ന്യൂജേഴ്സിയിലായിരുന്നു.

ഗായകനും ഗായികയ്ക്കും ഒരേസമയം വ്യത്യസ്ത രാഗാലാപനത്തിനു വഴിയൊരുക്കുന്ന ജുഗൽ ബന്ദിയുടെ വേറിട്ട രൂപമായ ജസ്‌രംഗിക്കു രൂപം നൽകിയതിലൂടെ ഹിന്ദുസ്ഥാനി സംഗീതത്തിന് പുതുവഴി തീർത്തത് ജസ്‌രാജായിരുന്നു.




രാജസ്ഥാനിൽ ഉത്ഭവിച്ച മേവതി ഖരാന ശൈലിയിലെ നാലാം തലമുറയായിരുന്നു പണ്ഡിറ്റ് ജസ്‌രാജ്. ഹരിയാനയിലെ ഹിസ്സാറിൽ (ഇപ്പോൾ ഫത്തേഹാബാദ്) 1930 ജനുവരി 28ന് ജനിച്ചു. സ്വാതന്ത്ര്യാനന്തരം കൊൽക്കത്തയിലേക്കു ജസ്‌രാജന്റെ കുടുംബം താമസം മാറി. അവിടെ സംഗീതാധ്യാപകനും ആകാശവാണിയിൽ ഉദ്യോഗസ്ഥനുമായി. 13 വർഷത്തെ കൊൽക്കത്ത വാസത്തിനു ശേഷം 1963ൽ മുംബൈയിൽ മടങ്ങിയെത്തി.

ഭഗവദ്ഗീതയിലെയും ഉപനിഷത്തിലെയും വേദങ്ങളിലെയും ശ്ലോകങ്ങൾക്കു പുറമേ 300 ൽ ഏറെ കൃതികൾ ചിട്ടപ്പെടുത്തിയ അദ്ദേഹം ലഡ്കി സഹ്യാദ്രികി, ബീർ ബൽ മൈ ബ്രദർ, 1920 തുടങ്ങിയ ചലച്ചിത്രങ്ങളിലും പാടി. പത്മശ്രീ (1975), പത്മഭൂഷൺ (1999), പത്മവിഭൂഷൺ (2000), കേരള സർക്കാരിന്റെ സ്വാതി സംഗീത പുരസ്കാരം (2008) തുടങ്ങി ഒട്ടേറെ ബഹുമതികൾ തേടിയെത്തി.

ചലച്ചിത്ര സംവിധായകൻ വി. ശാന്താറാമിന്റെ മകൾ മധുര ശാന്താറാം ആണ് ഭാര്യ. മക്കൾ: സംഗീത സംവിധായകനായ സാരംഗ് ദേവ് പണ്ഡിറ്റ്, ടിവി- ചലച്ചിത്ര താരം ദുർഗ ജസ്‌രാജ്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS




Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

www.mydentisttoday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കാർ വാങ്ങാനെത്തിയ കുടുംബത്തെ ആക്രമിച്ച് അഞ്ചുപവന്റെ മാല കവർന്നു

കോട്ടയം: പരസ്യം കണ്ടു കാർ വാങ്ങാനെത്തിയ കുടുംബത്തെ ആക്രമിച്ചു അഞ്ചു പവന്റെ സ്വർണമാല കവർന്നു. പുതുപ്പള്ളിയിൽ ആഗസ്റ്റ് 18ന് ഉച്ചയ്ക്ക് ഒന്നരയ്ക്കാണു സംഭവം.

ചങ്ങനാശേരി സ്വദേശിയായ ചാക്കോച്ചന്റെ (50) കഴുത്തിൽകിടന്ന മാലയാണു സംഘം മോഷ്ടിച്ചത്. ഇന്നോവ വിൽക്കാനുണ്ടെന്ന പരസ്യം കണ്ട് വിളിച്ചു ചോദിച്ചു കാർ കാണാനെത്തിയപ്പോഴാണു തട്ടിപ്പിനിരയായത്.

ഒരാഴ്ച മുൻപായിരുന്നു സംഭവങ്ങളുടെ തുടക്കം. ഓൺലൈൻ കാർ വിൽപ്പന സൈറ്റിൽ പരസ്യം കണ്ടു ചാക്കോച്ചൻ സംഘത്തെ ബന്ധപ്പെട്ടു. പുതുപ്പള്ളിയിൽ ഇന്നോവ വിൽക്കാനുണ്ടെന്നായിരുന്നു പരസ്യം.

പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഫോണിൽ വിളിച്ച കുടുംബത്തോട് ആഗസ്റ്റ് 18ന് പുതുപ്പള്ളിയിൽ എത്താനായിരുന്നു നിർദേശം. പുതുപ്പള്ളിയിൽ എത്തിയശേഷം, ഇയാളെ ഫോണിൽ ലഭിച്ചെങ്കിലും പല സ്ഥലങ്ങൾ മാറ്റി പറഞ്ഞു ചാക്കോച്ചനെയും കുടുംബത്തെയും വഴി തെറ്റിച്ചു.

ഏറ്റവും ഒടുവിൽ പഞ്ചായത്ത് ഭാഗത്ത് എത്താനാണ് ഫോണിൽ എതിർതലയ്ക്കലുണ്ടായിരുന്നയാൾ നിർദേശിച്ചത്. ഇത് അനുസരിച്ച് എത്തിയ ചാക്കോച്ചനെയും കുടുംബത്തെയും ചുവന്ന സ്വിഫ്റ്റ് കാറിലെത്തിയ സംഘം ആക്രമിക്കുകയായിരുന്നു.

ഇന്നോവ കാണിച്ചു തരാമെന്നു പറഞ്ഞു മൂന്നംഗ സംഘം ആളൊഴിഞ്ഞ വീട്ടിലേയ്ക്കു കയറ്റിയ ശേഷം കുരുമുളക് സ്പ്രേ മുഖത്ത് അടിച്ച് ചാക്കോച്ചന്റെ കഴുത്തിൽക്കിടന്ന മാല പൊട്ടിക്കുകയായിരുന്നു. ഇവർ ബഹളം വെച്ചതോടെ മാല മോഷ്ടിച്ച സംഘം ചുവന്ന സ്വിഫ്റ്റ് കാറിൽ ഞാലിയാകുഴി ഭാഗത്തേയ്ക്കു രക്ഷപ്പെട്ടതായി ചാക്കോച്ചൻ ഈസ്റ്റ് പോലീസിനു മൊഴി നൽകി.

അസ്വസ്ഥത അനുഭവപ്പെട്ട ചാക്കോച്ചൻ പുതുപ്പള്ളിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി. തുടർന്നു ഈസ്ററ് സ്റ്റേഷൻ ഹൗസ് ഓഫീസർ ഇൻസ്പെക്ടർ നിർമ്മൽ ബോസിന്റെ നേതൃത്വത്തിൽ പോലീസ് സംഘം സ്ഥലത്ത് എത്തി.

തുടർന്നു, പ്രദേശത്തെ സി.സി.ടി.വി. ക്യാമറ ദൃശ്യങ്ങൾ അടക്കം ശേഖരിച്ചിട്ടുണ്ട്. ചാക്കോച്ചന്റെ മൊഴിയെടുത്തു പോലീസ് കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## പഞ്ചായത്ത് വൈസ് പ്രസിഡണ്ടിന്റെ മുഖത്ത് ഭർത്താവ് ആസിഡൊഴിച്ചു

മുരിക്കാശ്ശേരി: പഞ്ചായത്ത് കമ്മിറ്റി കഴിഞ്ഞ് വീട്ടിലെത്തിയ ജനപ്രതിനിധിയുടെ മുഖത്ത് ഭർത്താവ് ആസിഡ് ഒഴിച്ചു. ഗുരുതരമായി പൊള്ളലേറ്റ വാത്തിക്കുടി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.ആർ. ശ്രീജ(33)യെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരുടെ ഭർത്താവ് പൂമാംകണ്ടം പൊട്ടനാംകുന്നേൽ അനിൽകാമാറി(43)നെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ആഗസ്റ്റ് 18ന് വൈകിട്ട് അഞ്ചോടെയാണ് സംഭവം. ഉച്ചയ്ക്കത്തെ പഞ്ചായത്ത് കമ്മിറ്റി കഴിഞ്ഞ് വീട്ടിൽ എത്തിയ ശ്രീജയോട് അനിൽ കുമാർ കയർക്കുകയായിരുന്നു. ഇരുവരും തമ്മിലുള്ള തർക്കത്തിനിടെ, വീടിന്റെ പുറകിൽ സൂക്ഷിച്ചിരുന്ന ആസിഡ് എടുത്തുകൊണ്ടുവന്ന് അനിൽ കുമാർ ശ്രീജയുടെ മുഖത്തേക്കൊഴിക്കുകയായിരുന്നു. പ്രാണരക്ഷാർഥം തിരിഞ്ഞോടിയപ്പോൾ ആസിഡ് ശ്രീജയുടെ പുറത്തും വീണു. ശ്രീജയുടെ നിലവിളി കേട്ടാണ് നാട്ടുകാർ ഓടിക്കൂടിയത്. തുടർന്ന്, പഞ്ചായത്ത് പ്രസിഡണ്ട് പി.കെ. രാജുവും മറ്റ് ജനപ്രതിനിധികളും സ്ഥലത്തെത്തി. ഇവരാണ് ശ്രീജയെ മുരിക്കാശേരിയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചത്. പൊള്ളൽ ഗുരുതരമായതിനാൽ ഉടൻതന്നെ തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. മുഖത്തും പുറത്തും ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്. 48 മണിക്കൂറിനു ശേഷമേ പൊള്ളലിന്റെ തീവ്രത മനസ്സിലാകൂ.

വീട്ടിൽതന്നെയുണ്ടായിരുന്ന അനിൽകുമാറിനെ മുരിക്കാശേരി പോലീസ് കസ്റ്റഡിയിലെടുത്തു. കോവിഡ് പരിശോധനയ്ക്ക് ശേഷം അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കും. റബ്ബർ പാൽ ഉറയ്ക്കാൻ വാങ്ങിയ ആസിഡാണ് ഇയാൾ ആക്രമിക്കാൻ ഉപയോഗിച്ചതെന്ന് പോലീസ് പറഞ്ഞു.

## കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് പിടിയിൽ

മൂന്നിലവ്: വസ്തു പോക്കുവരവ് ചെയ്ത് കരം സ്വീകരിക്കുന്നതിന് 50,000 രൂപ കൈക്കൂലി വാങ്ങിയെന്ന കേസിൽ മൂന്നിലവ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് റെജി തോമസിനെ (52) വിജിലൻസ് അറസ്റ്റ് ചെയ്തു. മേലുകാവ് മേച്ചാൽ സ്വദേശിയായ മിനിയുടെ പരാതിയെത്തുടർന്നാണ് അറസ്റ്റ്. പരാതിക്കാരിയുടെ



മാതാവിന്റെ പേരിൽ ഇല്ലിക്കൽ കല്ലിന് സമീപമുള്ള ഒരേക്കർ 40 സെന്റ് വസ്തു പതിച്ചു നൽകാൻ നാല് വർഷം മുമ്പ് ഹൈക്കോടതി ഉത്തരവുണ്ടായിരുന്നു. വസ്തു പോക്കുവരവ് ചെയ്ത് കരം കൊടുക്കുന്നതിന് മിനി പലതവണ വില്ലേജിലെത്തിയെങ്കിലും സാധിച്ചില്ല.

തുടർന്ന് ഇടനിലക്കാരനായ ജോസ് മുഖേന റെജിയെ സമീപിച്ചപ്പോൾ കൈക്കൂലി നൽകണമെന്ന് അറിയിച്ചു. ആദ്യ ഗഡുവായി 40,000 രൂപ മിനി ജോസിന്റെ കൈയിൽ ഏൽപ്പിച്ചു. എന്നാൽ 10,000 രൂപ മാത്രം റെജിക്ക് നൽകി ബാക്കി ജോസ് എടുത്തു. വീണ്ടും 50,000 രൂപ നൽകിയാൽ മാത്രമേ വസ്തു പോക്കുവരവ് ചെയ്യുകയുള്ളൂവെന്ന് റെജി മിനിയെ അറിയിച്ചു.

തുടർന്ന് മിനി കോട്ടയം വിജിലൻസ് എസ്.പി. വി.ജി. വിനോദ് കുമാറിനെ വിവരം അറിയിച്ചു. അദ്ദേഹത്തിന്റെ നിർദേശപ്രകാരം കോട്ടയം വിജിലൻസ് ഡി.വൈ.എസ്.പി രവീന്ദ്രനാഥിന്റെയും കിഴക്കൻ മേഖലാ ഡി.വൈ.എസ്.പി കെ.കെ. വിശ്വനാഥന്റെയും നേതൃത്വത്തിലുള്ള സംഘം റെജിയുടെ മേലുകാവിലെ വീടിന് സമീപം കാറിൽവെച്ച് കൈക്കൂലി വാങ്ങുന്നതിനിടെ പിടികൂടുകയായിരുന്നു.

## മത്തായിയുടെ മരണം: അന്വേഷണത്തിന് സിബിഐ

കൊച്ചി: വനംവകുപ്പ് കസ്റ്റഡിയിലെടുത്ത ചിറ്റാർ അരീക്കാവ് സ്വദേശി പി.പി.മത്തായിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ സിബിഐ അന്വേഷത്തിന് ഹൈക്കോടതി ഉത്തരവിട്ടു. കസ്റ്റഡി മർദനത്തെ തുടർന്നാണ് മത്തായി മരിച്ചതെന്നും അന്വേഷണം സിബിഐക്കു വിടണമെന്നും ആവശ്യപ്പെട്ട് ഭാര്യ ഷീബമോൾ നൽകിയ ഹർജിയിലാണ് സിംഗിൾ ബെഞ്ചിന്റെ തീരുമാനം.

ആഗസ്റ്റ് 21ന് ഹൈക്കോടതി ഹർജി പരിഗണിച്ചപ്പോൾ അന്വേഷണം സിബിഐക്കു വിടുന്നതിൽ എതിർപ്പില്ലെന്ന് സർക്കാർ അഭിഭാഷകൻ അറിയിക്കുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചെന്നും സർക്കാർ വ്യക്തമാക്കി. കുടുംബത്തിനു നീതി ലഭിക്കുന്ന വിധത്തിൽ സിബിഐ വിശദമായി അന്വേഷണം നടത്തുമെന്നാണു പ്രതീക്ഷയെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. ഹർജി പരിഗണനയ്ക്കു വന്നപ്പോൾ, എന്തുകൊണ്ടാണ് ഇതുവരെ ആരെയും കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാത്തതെന്ന് ഹൈക്കോടതി വാക്കാൽ ചോദിച്ചു. അന്വേഷണം ശരിയായ ദിശയിൽ പുരോഗമിക്കുകയാണെന്നും തെളിവുശേഖരണവും മൊഴിയെടുപ്പും കൃത്യമായി നടന്നുവരികയാണെന്നും സർക്കാർ വിശദീകരിച്ചു. പോസ്റ്റ്മോർട്ടം നടത്തി ജൂലൈ 31ന് വിട്ടുകൊടുത്ത മൃതദേഹം ബന്ധുക്കൾ ഇതുവരെ സംസ്കരിക്കാത്തതിൽ ഹൈക്കോടതി അതൃപ്തി പ്രകടിപ്പിച്ചു. കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ മാനസികാവസ്ഥ പരിഗണിക്കണമെന്ന് അഭിപ്രായപ്പെട്ട ഹൈക്കോടതി എത്രയും വേഗം സംസ്കാരം നടത്താൻ നടപടിയെടുക്കണമെന്നും ഹർജിക്കാരോട് നിർദേശിച്ചു.

കഴിഞ്ഞ ജൂലൈ 28നാണ് വനംവകുപ്പ് സ്ഥാപിച്ച സിസിടിവി ക്യാമറകൾ നശിപ്പിച്ചെന്ന ആരോപണത്തെത്തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ മത്തായിയെ കസ്റ്റഡിയിലെടുത്തത്. അന്നു വൈകുന്നേരം ആറുമണിയോടെ മത്തായിയുടെ



മൃതദേഹം കിണറ്റിൽ കണ്ടെത്തി. തുടർന്ന് രജിസ്റ്റർ ചെയ്ത കേസിൽ മനഃപൂർവമല്ലാത്ത നരഹത്യ ഉൾപ്പെടെയുള്ള കുറ്റം ചുമത്തിയിട്ടുണ്ടെന്നാണ് പോലീസ് കോടതിയിൽ അന്വേഷണ റിപ്പോർട്ട് നൽകിയത്.

കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്താണ് അന്വേഷണം പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈഎസ്പിയെ ഏൽപിച്ചതെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. നരഹത്യ, മോചനദ്രവ്യം ആവശ്യപ്പെട്ട് തട്ടിക്കൊണ്ടുപോകൽ, കൃത്രിമ രേഖ ചമയ്ക്കൽ തുടങ്ങി പത്തു വകുപ്പുകൾ ചേർത്ത് കേസെടുത്തിട്ടുണ്ടെന്നും പോലീസ് കോടതിയെ അറിയിച്ചിട്ടുണ്ട്.

ഇതിനിടെ, ചിറ്റാറിലെ ഡെപ്യൂട്ടി റേഞ്ച് ഓഫീസറായിരുന്ന ആർ. രാജേഷ്കുമാർ ഹൈക്കോടതിയിൽ നൽകിയ മുൻകൂർ ജാമ്യാപേക്ഷ 24നു പരിഗണിക്കും.

BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS



Mathew Kunjappy
Managing Broker
Emsons Realty LTD

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

Call: 1-630-935-4333 • Fax: 1-630-785-6605

Email: mk@emsonsrealty.com

IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA


FLOWERS USA HD
Tastes of Kerala
From God's Own Country
ഫ്ളവേഴ്സ് യു എസ് എ
ഓണസദ്യ
അമേരിക്കൻ മലയാളി വീട്ടമ്മമാരുടെ രുചിക്കൂട്ടുകളും കൈപുണ്യവും
ലോകമലയാളികളിലേക്ക് എത്തിക്കുവാനായി FLOWERS TV USA
ഒരുക്കുന്ന സദ്യവട്ടം...നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു
ഓണവിഭവത്തിന്റെ റെസിപ്പിയും, നിങ്ങളുടെ ഫോട്ടോയും സഹിതം
flowerstvusa@gmail.com എന്ന ഇമെയിലിലേക്ക് അയക്കുക.
തിരഞ്ഞെടുക്കപ്പെടുന്ന റെസിപ്പിയുടെ വീഡിയോ ഷൂട്ടിങ്ങിനും കൂടുതൽ
വിവരങ്ങൾക്കുമായി ഞങ്ങളുടെ പ്രൊഡക്ഷൻ ടീം നിങ്ങളുമായി ബന്ധപ്പെടും.
എൻട്രികൾ സ്വീകരിക്കുന്നത് ഓഗസ്റ്റ് 20 വരെ
NIMA MONISH: 404 908 7165, SOUMINI PATTATHIL : 847 444 9799
BIJU ZACHARIA: 847 630 6462
WWW.FLOWERSTV.US

# സുപ്രീംകോടതി ബെഞ്ചിന്റേത് നാടകീയ ചുവടുമാറ്റം


ന്യൂഡൽഹി: ചീഫ് ജസ്റ്റിസിനെയും സുപ്രീം കോടതിയെയും വിമർശിച്ചുള്ള അഭിഭാഷകൻ പ്രശാന്ത് ഭൂഷന്റെ ട്വീറ്റുകൾ ക്രിമിനൽ കോടതിയലക്ഷ്യമെന്നു ഓഗസ്റ്റ് 14നു വിധിച്ച ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ സുപ്രീംകോടതി ബെഞ്ച് ആഗസ്റ്റ് 20 നു നടത്തിയതും ചുവടുമാറ്റം.

ശിക്ഷിക്കരുതെങ്കിൽ, പ്രശാന്ത് നടത്തിയ പ്രസ്താവന തിരുത്തണമെന്നു കോടതി നിബന്ധന വെച്ചു. ശിക്ഷയിൽ ഉദാരസമീപനം വേണമെങ്കിൽ കുറ്റക്കാരൻ മാപ്പു പറയണം. പ്രസ്താവന ന്യായീകരണമാണോ പ്രകോപനമാണോയെന്ന ചോദ്യവും കോടതി ഉന്നയിച്ചു. പ്രസ്താവന തിരുത്തില്ലെന്നു പ്രശാന്ത് വ്യക്തമാക്കിയെങ്കിലും ആലോചിക്കാൻ സമയം നൽകുകയാണു കോടതി ചെയ്തത്. അറ്റോർണി ജനറൽ (എജി) കെ.കെ. വേണുഗോപാലിനോട് ആലോചിച്ച ശേഷമാണ് പ്രസ്താവന പുനഃപരിശോധിക്കാൻ സമയം നൽകാൻ കോടതി തീരുമാനിച്ചത്. ട്വീറ്റുകൾ കോടതിയലക്ഷ്യമെന്നു വിലയിരുത്തി കോടതി സ്വമേധയാ എടുത്തകേസിൽ എജിക്കും കോടതി നോട്ടീസ് നൽകിയിരുന്നു. പക്ഷേ, കേസ് വാദത്തിനെടുത്തപ്പോൾ നിലപാടുപറയാൻ അവസരം നൽകിയില്ല. പ്രശാന്തിനുവേണ്ടി ഹാജരായ രാജീവ് ധവാൻ ആവശ്യപ്പെട്ടപ്പോഴാണ് 20ന് എജിക്ക് അവസരം നൽകിയത്. പ്രശാന്തിനെ ശിക്ഷിക്കരുതെന്ന് എജി വാദിച്ചു. സുപ്രീം കോടതിയിൽ ജനാധിപത്യം പരാജയപ്പെട്ടെന്നു പറഞ്ഞ 5 ജഡ്ജിമാരുടെ പട്ടികയും ഉന്നത ജുഡീഷ്യറിയിലെ അഴിമതിയെക്കുറിച്ചു മുൻ ജഡ്ജിമാർ നടത്തിയ പരാമർശങ്ങളും തന്റെ പക്കലുണ്ടെന്ന് എജി പറഞ്ഞു. കേസിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് കോടതി എജിക്കു മറുപടി നൽകി. വിധി പുനഃപരിശോധിക്കാൻ സുപ്രീംകോടതിക്കുള്ള അധികാരത്തെക്കുറിച്ച് പ്രശാന്തിനു വേണ്ടി ഹാജരായ ദുഷ്യന്ത് ദവെ വാദിച്ചു. പുനഃപരിശോധന ഹർജി നൽകുമെന്ന് 17നു ധവാൻ പറഞ്ഞതാണെന്നും ഇപ്പോൾ വേണമെങ്കിലും ആകാമെന്നും കോടതി പറഞ്ഞു. 24 മണിക്കൂറിനകം പുനഃപരിശോധനാ ഹർജി നൽകണമെന്നുണ്ടെങ്കിൽ സുപ്രീംകോടതിയുടെ ചട്ടങ്ങൾ മാറ്റണമെന്നു ദവെ തിരിച്ചടിച്ചു. പുനഃപരിശോധനാ ഹർജിക്ക് 30 ദിവസത്തെ സമയമുണ്ടെന്നു ദവെ വാദിച്ചപ്പോൾ, ജസ്റ്റിസ് അരുൺ മിശ്രയുടെ ബെഞ്ചിൽ നിന്ന് കേസ് ഒഴിവാക്കാനുള്ള ശ്രമമെന്ന പ്രതീതിയുണ്ടാകരുതെന്നു ബെഞ്ചിലുൾപ്പെട്ട ജസ്റ്റിസ് ബി.ആർ. ഗവായ് പറഞ്ഞു. സെപ്റ്റംബർ മാസം 2നു ജസ്റ്റിസ് മിശ്ര വിരമിക്കുന്ന പശ്ചാത്തലത്തിലായിരുന്നു ഈ പരാമർശം. ശിക്ഷ സംബന്ധിച്ച് കാര്യങ്ങൾ മറ്റൊരു ബെഞ്ചിനു വിടണമെന്ന ദവെയുടെ വാദം ബെഞ്ച് അംഗീകരിച്ചില്ല. കുറ്റത്തിന്റെയും കുറ്റക്കാരന്റെയും പ്രകൃതം പരിഗണിക്കേണ്ടതുണ്ടെന്നു ധവാൻ വാദിച്ചു. ജുഡീഷ്യറിയുടെ പ്രവർത്തനരീതിയെക്കുറിച്ച് അടുത്തകാലത്തായി ഏറെ ചർച്ചയുണ്ട്. ജസ്റ്റിസ് മിശ്ര കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരുന്നപ്പോൾ മമത ബാനർജി ജഡ്ജിമാർക്കെതിരെ നടത്തിയ പരാമർശങ്ങളുടെ പേരിൽ നടപടിയെടുക്കാതിരുന്നതും ധവാൻ ഓർമിപ്പിച്ചു. മുൻ ജഡ്ജിമാരായ ആർ.എം. ലോധയും കുര്യൻ ജോസഫും എ.പി. ഷായും മദൻ ബി. ലൊക്കൂറും പ്രശാന്തിനെ പിന്തുണച്ചിട്ടുണ്ടെന്നും അവർക്കെതിരെയും നടപടിയുണ്ടാകുമോയെന്നും ധവാൻ ചോദിച്ചു.

# ഏറ്റവും കൂടിയ ശിക്ഷ തരിക

ന്യൂഡൽഹി: സുപ്രീംകോടതിയിൽ ക്രിമിനൽ കോടതിയലക്ഷ്യത്തിനു തനിക്കുള്ള ശിക്ഷ സംബന്ധിച്ച കേസിലെ വാദത്തിനിടെ, മഹാത്മാഗാന്ധി 1922 മാർച്ച് 18ന് അഹമ്മദാബാദ് ജില്ലാ–സെഷൻസ് കോടതിയിൽ നടത്തിയ പ്രസ്താവനയിലെ വാക്യങ്ങൾ അനുസ്മരിച്ചാണു മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ നിലപാടു വ്യക്തമാക്കിയത്.

യങ് ഇന്ത്യയിൽ പ്രസിദ്ധീകരിച്ച 3 ലേഖനങ്ങളുടെ പേരിൽ രാജ്യദ്രോഹക്കുറ്റമാണു ഗാന്ധിജിക്കും പ്രസാധകൻ ശങ്കർലാൽ ബാങ്കർക്കുമെതിരെ ചുമത്തപ്പെട്ടത്. ഇരുവരും കുറ്റമേറ്റു. ശിക്ഷയെക്കുറിച്ച് എന്തു പറയാനുണ്ടെന്ന ജഡ്ജി റോബർട്ട് എസ്. ബ്രൂം ഫീൽഡിന്റെ ചോദ്യത്തിനു



മറുപടിയായി നടത്തിയ പ്രസ്താവന ഗാന്ധിജി ഇങ്ങനെയാണ് അവസാനിപ്പിച്ചത്: 'നിയമത്തിന്റെ മുന്നിൽ ബോധപൂർവമായ കുറ്റവും എന്റെ ദൃഷ്ടിയിൽ ഒരു പൗരന്റെ പരമമായ കടമയുമാണു ഞാൻ ചെയ്തിരിക്കുന്നത്. ജഡ്ജീ, താങ്കളുടെ മുന്നിലുള്ള വഴിയിതാണ്: ഒന്നുകിൽ, താങ്കൾ രാജിവെക്കുക – അതു താങ്കൾക്കു സാധിക്കില്ലെന്ന് എനിക്കറിയാം; താങ്കൾ നടപ്പാക്കാൻ നിയുക്തമായ നിയമം തിന്മയാണെന്നും വാസ്തവത്തിൽ ഞാൻ നിരപരാധിയാണെന്നും താങ്കൾ കരുതുന്നുവെങ്കിൽ തിന്മയോടു താങ്കൾ വിയോജിക്കുക. അല്ല, താങ്കൾ നടപ്പാക്കുന്ന നിയമം ഈ രാജ്യത്തെ ജനത്തിനു നല്ലതും എന്റെ നടപടി ജനദ്രോഹകരവുമാണെന്നു കരുതുന്നുവെങ്കിൽ എനിക്കു പരമാവധി ശിക്ഷ നൽകുക.'

പ്രശാന്ത് ആഗസ്റ്റ് 20ന് കോടതിയിൽ പറഞ്ഞത്: 'ഞാൻ കുറ്റക്കാരനെന്ന വിധി എന്നെ വേദനിപ്പിക്കുന്നു. ഞാൻ തീർത്തും തെറ്റിദ്ധരിക്കപ്പെട്ടു എന്നതിലാണ് വേദന. തെളിവു നൽകാൻ അവസരം നൽകാതെയാണു കോടതി തീരുമാനത്തിലെത്തിയതെന്നതു ഞെട്ടലുണ്ടാക്കുന്നു. ഏതു ജനാധിപത്യത്തിലും ഭരണഘടനാവ്യവസ്ഥ സംരക്ഷിക്കപ്പെടണമെങ്കിൽ തുറന്ന വിമർശനം ആവശ്യമെന്നു ഞാൻ വിശ്വസിക്കുന്നു.

ഭരണഘടനാ വ്യവസ്ഥയുടെ സംരക്ഷണമെന്നത് വ്യക്തിപരവും തൊഴിൽപരവുമായ താൽപര്യങ്ങൾക്കൊപ്പമായിരിക്കണം. എന്റെ പരമമായ കടമയെന്നു ഞാൻ കരുതുന്ന കാര്യം ചെയ്യാനുള്ള ചെറിയ ശ്രമമായിരുന്നു എന്റെ ട്വീറ്റുകൾ. എനിക്ക് ഉത്തമ ബോധ്യമായ കാര്യങ്ങൾ വ്യക്തമാക്കിയ ട്വീറ്റുകൾക്കു മാപ്പു പറയുന്നതു കപടവും നിന്ദ്യവുമാകും. അതിനാൽ, തന്റെ വിചാരണവേളയിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പറഞ്ഞത് എളിമയോടെ പരാവർത്തനം ചെയ്യാൻ മാത്രമാണ് എനിക്കു സാധിക്കുക: ഞാൻ കരുണ ചോദിക്കുന്നില്ല. നിയമപരമായി എനിക്കു നൽകാവുന്ന എന്തു ശിക്ഷയും സന്തോഷപൂർവം സ്വീകരിക്കാൻ ഞാൻ തയാറാണ്.'

# പ്രത്യേക അറിയിപ്പ്

## വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

## ഫോട്ടോ അയയ്ക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

## എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപ സമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളു. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.






# പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

## TRIBUTE TO RAJIV GANDHI:


# A CHAMPION OF 'PANCHAYATI RAJ'

George Abraham

"We are on the threshold of a mighty revolution…it is a revolution that will bring democracy to the doorsteps of crores of Indians", Rajiv Gandhi once said. To empower India's people, especially the long-neglected masses in the rural villages, Rajiv Gandhi championed the cause of Panchayati Raj. It is one of the many reforms that would radically change the nation's course for years to come, and it is only appropriate that we are again reminded of the legacy and sacrifice on his 76th birth anniversary.

Rajiv Gandhi was the youngest Prime Minister when he took the oath of office at the age of 40 after the assassination of Mrs. Indira Gandhi. He is known more for his innovative ideas regarding India's future in Information Technology and how it should lead the world in the 21st century. His policies to create a new department of Telecommunications together with his readiness to bring in a young and capable NRI, Sam Pitroda, from the U.S. to help in that endeavor changed the face of India as an IT superpower that brings home about 150 Billion dollars in annual foreign exchange earnings from technology services.

If we look back in history, the Indian economy has been primarily based on agriculture. In the 1990s, nearly 70% of India's workforce was engaged in farming, although agriculture accounted for only 33% of India's Gross national product. Though most of the people lived in the rural villages, the bureaucracy and the political class enunciated policies and plans favoring the urban dwellers and their surroundings. In his visionary mindset, Rajiv Gandhi saw an excellent opportunity to orchestrate substantive change in transferring the power over to the people.



Rajive Gandhi

In his speech addressing the Parliament in 1989, introducing the 64th amendment bill, Rajiv Gandhi spoke with a passion. "A free people are a people who choose their own representatives. A free people are a people who are governed by their will and ruled with their consent. A free people are a people who participate in decisions affecting their lives and their destinies". There is nothing more reassuring than to hear these words from a man who was solidly committed to the democratic principles and process and willing to be accountable to every citizen of the country.

The Panchayati Raj concept has been around for some time. However, it was mostly confined to the bureaucratic circles. But the idea started to blossom when Rajiv Gandhi introduced the "Responsive Administration' concept as part of a 20-point program. Together with Mani Shankar Aiyar, joint Secretary at the PMO, Mr. Vinod Pandey coordinated producing the report with input from various ministries and state governments. It should also be noted that Rajiv Gandhi had held numerous meetings, especially with District Magistrates, to lobby and convince the skeptics among them to join him in proclaiming Panchayati Raj institutions as the third tier of the government after the Center and the States."

The state of Karnataka was a trailblazer in the issue of reservation for women and allocated 25% of all seats to women in as early as 1984. However, the proposed amendment provided 30 percent of reservation for women and proportional representation for scheduled castes and scheduled tribes. Although many in the opposition found this idea further to dilute their power or encroach to their territory, they could not find a rationale to oppose these reform plans. Although the Constitution (Sixty-fourth Amendment) Bill got a two-thirds majority in the Lok Sabha, in the Rajya Sabha on 15 October 1989, it failed to meet the mandatory requirement by two votes. However, in September 1991, the Congress government under Narasimha Rao introduced the 72nd (Panchayats) and 73rd (Nagarpalikas) constitutional amendment bills, and these amendments to the Constitution brought about a fundamental change not only in the realm of local self-government but also in India's federal character.



George Abraham

Dr. George Mathew, Chairman of the Institute of Social Sciences, in New Delhi, who has made a substantial contribution in the last several decades promoting the idea of Panchayati Raj into an action plan is quoted as saying "the pioneering efforts made by Prime Minister Rajiv Gandhi was his strategic foresight and pivotal imprimatur within the larger ambit of India's policymaking apparatus that sowed the seeds for the progressive realization of Mahatma Gandhi's vision for Gram swaraj. Thus the 64th constitutional amendment Bill introduced in Parliament by Rajiv Gandhi on 15 May 1989 was historic".

(see page 22)



Rahul Gandhi giving tribute to his father Rajive Gandhi on August 20th



KERALA EXPRESS
പ്രവാസി താളുകൾ

കഥ

# കന്യകൻ

ഷാജൻ ആനിത്തോട്ടം

"എടോ, പണം പിടുങ്ങാനുള്ള അടവൊന്നും എന്റെയടുത്ത് വേണ്ട. കൂടുതൽ വേണമെങ്കിൽ നേരെയങ്ങ് പറഞ്ഞാൽ മതി. ഇനിയിപ്പോൾ ഇന്ത്യൻ റുപ്പി പോരെങ്കിൽ ഡോളറായിട്ട് വേണമെങ്കിലും തരാം. ഒരു പരസ്യം ഇടണമെങ്കിൽ നിങ്ങളുടെയൊക്കെ കാല് പിടിക്കണമെന്നുവച്ചാൽ.."

പീലിപ്പോസിന് ദ്വേഷ്യം അടക്കാനായില്ല. അര മണിക്കൂറിലധികമായി അയാൾ വാദിക്കുകയാണ്. ക്ലാസ്സിഫൈഡ് ആഡ്സ് സെക്ഷൻ ക്ലാർക്കിന്റെ മുമ്പിൽ ഒരു വിനീതവിധേയനെപ്പോലെ നിന്ന് കാര്യം അവതരിപ്പിച്ചിട്ടും നടക്കില്ലെന്ന് വന്നാൽ? ഇതെന്താ വെള്ളരിക്കാപ്പട്ടണമാണോ? പട്ടിക്കും പൂച്ചയ്ക്കും പണിക്കാരിക്കും വേണ്ടി വരെ പരസ്യമിടാം. ഒരു ഉളുപ്പുമില്ലാതെ അതിനുവേണ്ടി കാശ് വാങ്ങി, അരപ്പേജോ മുഴുപ്പേജോ പരസ്യമിടുന്നതിന് കുഴപ്പമില്ല, ഒരു ജീവിതപങ്കാളിയെ കിട്ടാൻ എത്ര പേരുടെ കാലുപിടിക്കണം... അയാൾക്ക് രോഷമടക്കാനായില്ല.

"പണത്തിന്റെ പ്രശ്നമല്ല സാർ. ഇങ്ങനെയൊരു പരസ്യമിടുന്നത് ഞങ്ങളുടെ എത്തിക്സിന് എതിരാണ്. എത്ര പണം തന്നാലും ഇതിടാൻ പറ്റില്ല സർ. 'മനോമോഹിനി'ക്കൊരു ഇമേജ് ഉണ്ട് ഇവിടുത്തെ വായനക്കാർക്കിടയിൽ. അത് കളയുന്ന കാര്യം നടപ്പില്ല സാർ." സെക്ഷൻ കാർക്ക് മധുസൂദനൻ പിള്ള വിനയം കൈവിടാതെ തന്റെ നിലപാട് ആവർത്തിച്ചു.

"ഒലക്കേടെ മൂട്. എത്തിക്സിന്റെ കാര്യമൊന്നും നിങ്ങൾ എന്നെ പഠിപ്പിക്കേണ്ട. എന്ത് ഇമേജാണ് നിങ്ങൾക്കുള്ളത്? മനുഷ്യനെ ഇക്കിളിപ്പെടുത്തുന്ന കുറെ മൂന്നാംകിട നോവലുകളും പെരുപ്പിച്ചു കാണിക്കുന്ന കുറെ ക്രൈം സ്റ്റോറികളുമല്ലേ ഈ മോഹിനിയിൽ കുത്തിനിറച്ച് വിടുന്നത്? പണ്ട് ലക്ഷങ്ങളുടെ കോപ്പി വിറ്റിരു സ്ഥാനത്ത് ഇപ്പോൾ എത്ര ആയിരം കാണും നിങ്ങളുടെ സർക്കുലേഷൻ?"

"അത് പിന്നെ, ഈ ടെലിവിഷൻ സീരിയലുകൾ വന്നതോടെ ഞങ്ങൾക്ക് കുറെ വായനക്കാരികളെ നഷ്ടപ്പെട്ടു എന്നത് നേരാണ്. എന്നാലും ഇന്നും ലക്ഷക്കണക്കിന് പേർ ഞങ്ങളുടെ വാരിക വായിക്കുന്നുണ്ട്. സാറ് തന്നെ ഈ പരസ്യത്തിന് ഞങ്ങളുടെ വാരിക തെരഞ്ഞെടുത്തത് ഞങ്ങളുടെ സ്ത്രീ വായനക്കാരെ മനസ്സിൽ കണ്ടുകൊണ്ടാണെന്ന് നേരത്തെ പറഞ്ഞായിരുന്നല്ലോ. അതാണ് സത്യം. എത്ര ടെലിവിഷൻ സീരിയലുകൾ വന്നാലും ഞങ്ങളുടെ വാരിക വരുത്തുന്നവരും വായിക്കുന്നവരുമായി ലക്ഷങ്ങൾ ഈ കേരളത്തിലുണ്ടാവും."

പീലിപ്പോസ് പിന്നെയും തർക്കിക്കാനൊരുങ്ങുമ്പോഴേയ്ക്കും പിള്ളയുടെ ഇൻർകോമിലേക്ക് 'ഐസ്മുറി'യിൽനിന്നും സന്ദേശമെത്തി. "യേസ് സർ, യേസ് സാർ... ഓക്കെ സാർ...." എന്ന് ഭവ്യതയോടെ മറുപടി പറഞ്ഞിട്ട് അയാൾ പീലിപ്പോസിനോട് പറഞ്ഞു:

"സാറിനോട് അങ്ങോട്ട് ചെല്ലാൻ പറയുന്നു.. സിസി ടിവിയിലൂടെ എല്ലാ മദ്ദേഹം കണ്ടിട്ടുണ്ടായിരിക്കും. സാറ് ചെന്നാട്ടെ."

ഓഫീസിന്റെ വടക്കേയറ്റത്തുള്ള ചീഫ് എഡിറ്ററുടെ റൂമിലേക്ക് മധുസൂദനൻപിള്ള പീലിപ്പോസിനെ ആനയിച്ചു. ഐസ്മുറിയെന്ന് ജീവനക്കാർ ഇരട്ടപ്പേരിട്ട് വിളിക്കുന്ന അടച്ചിട്ട ആ മുറിയാണ് ഓഫീസിലെ എയർകണ്ടീഷനിംഗ് സൗകര്യമുള്ള ഏക സ്ഥലം. അവിടെ വച്ചിരിക്കുന്ന ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷനിലൂടെ തന്റെ ജീവനക്കാരെയും സന്ദർശകരെയും സദാ വീക്ഷിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുക എന്നത് മുതലാളി കം മാനേജിംഗ് ഡയറക്ടർ കം ചീഫ് എഡിറ്ററുടെ മുഖ്യ വിനോദമാണ്.

വാതിലിൽ പിള്ള മെല്ലെ മുട്ടുമ്പോൾ പീലിപ്പോസ് ഭിത്തിയിലെ മനോഹരമായ നെയിം ബോർഡിലേക്ക് നോക്കി-

കുര്യാക്കോസ് മാഞ്ഞൂരാൻ

ചീഫ് എഡിറ്റർ.

നല്ല ഭംഗിയുള്ള ഡിസൈൻ, അയാൾ മനസ്സിൽ പറഞ്ഞു. അകത്ത് സിംഹാസനംപോലെ തോന്നിക്കുന്ന വലിയൊരു കറങ്ങുന്ന കസേരയിൽ ഉപവിഷ്ഠനായിരുന്ന മുതലാളി, പീലിപ്പോസിനെ ആദരപൂർവ്വം സ്വീകരിച്ചിരുത്തി. അയാളുടെ മുഖവും രൂപവും എവിടെയോ കണ്ടുപരിചയമുള്ളതുപോലെ പീലിപ്പോസിന് തോന്നി. വെളുത്ത് തുടുത്ത വലിയ മുഖത്തെ കപ്പടാമീശയും ഉരുണ്ട് ചുവന്ന കണ്ണുകളും തടിച്ചുരുണ്ട ശരീരത്തിലിട്ടിരിക്കുന്ന സിൽക്ക് ജുബയും മാഞ്ഞൂരാന്റെ ഗരിമ വിളിച്ചോതുന്നതായിരുന്നു. അയാളുടെ മുമ്പിൽ താനൊരു കൊച്ചുകുഞ്ഞാകുന്നോയെന്ന് പീലിപ്പോസ് ഭയപ്പെട്ടു.

"എന്താണ് സാർ പ്രശ്നം?" അതിഥിക്ക് കുടിക്കാൻ ജൂസ് വരുത്തുന്നതിന് ഇൻർകോമിലൂടെ ഓർഡർ ചെയ്യുന്നതിനിടെ മാഞ്ഞൂരാൻ പീലിപ്പോസിനോട് ചോദിച്ചു.

"പ്രശ്നമൊന്നുമില്ല സാറേ. ഞാനൊരു ആഡ് കൊടുക്കാൻ വന്നതാണ്; വധുവിനെ ആവശ്യമുണ്ടെന്നൊരു പരസ്യം. വൈഫ് മരിച്ചുപോയ ഒരു പ്രവാസിയാണ് ഞാൻ. അമേരിക്കയിലാണ് സെറ്റിൽ ചെയ്തിരിക്കുന്നത്. അവിടെ സിറ്റിസൺഷിപ്പുണ്ട്; ദൈവം തമ്പുരാന്റെ അനുഗ്രഹം കൊണ്ട് അത്യാവശ്യം സാമ്പത്തികവുമുണ്ട്. പ്രായം പത്തമ്പത് കഴിഞ്ഞെങ്കിലും ഒരു അന്തിക്കൂട്ടില്ലാത്തതിന്റെ കുറവ് ഇപ്പോൾ ശരിക്കും അനുഭവപ്പെടുന്നു. അല്ലാതെ വയസ്സുകാലത്ത് പെണ്ണുംകെട്ടി അവളേം കൊണ്ട് ചുറ്റിയടിക്കാനുള്ള പൂതികൊണ്ടൊന്നുമല്ല കേട്ടോ."

"മക്കൾ?"

"നാല് പെമ്പിള്ളേരാണുള്ളത്. രണ്ടിന്റെ കല്യാണം കഴിഞ്ഞു. ബാക്കിയുള്ള രണ്ടുപേരും കോളജിൽ പഠിക്കുവാ. അവർക്ക് രണ്ടുപേർക്കും ബോയ്ഫ്രണ്ട്സും ഉണ്ട്. ഒരുത്തിയുടേത് ഒരു കറമ്പനാണെങ്കിലും മറ്റേത് നമ്മുടെ പള്ളിക്കാരൻ പയ്യൻ തന്നെയാണ് കേട്ടോ." പീലിപ്പോസ് ലേശം മടിച്ചിട്ടാണെങ്കിലും മനസ്സ് തുറന്നു.

"അത് ശരി. എന്നാപ്പിന്നെ അച്ചായന് അവിടെ വല്ലവരേയും നോക്കത്തില്ലായിരുന്നോ? അവിടെയാവുമ്പോൾ മരിച്ചതോ ഡിവോഴ്സ് ആയതോ മറ്റോ ഉള്ള കേസുകൾ ഇഷ്ടംപോലെ കാണുമല്ലോ. നാട്ടിൽനിന്നും ഇത്ര കഷ്ടപ്പെട്ട് ഒരാളെ തേടിപ്പിടിച്ച്, അതിനെയും ഫയൽ ചെയ്ത് കൊണ്ടുപോകാനുള്ള തത്രപ്പാട് വല്ലതും അനുഭവിക്കണോ"? മാഞ്ഞൂരാൻ സാമാന്യബുദ്ധിക്ക് തോന്നുന്ന ഒരു സംശയം പ്രകടിപ്പിച്ചു.



ലേഖകൻ

"അതല്ലേ പ്രശ്നം... തുറന്നുപറയാമല്ലോ സാറേ, അവിടെ എന്റെയീ പ്രായത്തിൽ ഞാൻ മനസ്സിലുദ്ദേശിച്ചതുപോലൊരുത്തിയെ കിട്ടാൻ പാടാ. എന്നെ പരിഹസിക്കരുത്. സെക്കന്റ് മാര്യേജാണെങ്കിലും എനിക്കൊരു വെർജിനെത്തന്നെ കിട്ടണം. അതാണ് 'പെൺകുട്ടി കന്യകയായിരിക്കണം' എന്ന് പരസ്യത്തിൽ പ്രത്യേകം എഴുതണമെന്ന് ഞാനാവശ്യപ്പെട്ടത്. പക്ഷേ ആ ക്ലാർക്ക് അതിന് സമ്മതിക്കുന്നില്ല. പണം എത്ര വേണമെങ്കിലും അടയ്ക്കാമെന്ന് ഞാൻ പറഞ്ഞുനോക്കി. അയാളല്ലല്ലോ കൊടുക്കുന്നത്, ഞാനല്ലേ? മതം, ജാതി, സാമ്പത്തികം അതൊന്നും എനിക്ക് പ്രശ്നമല്ലെന്ന് പ്രത്യേകം എഴുതുന്നുണ്ടല്ലോ. അക്കൂടെ ഈ കാര്യവുമങ്ങ് ചേർത്താൽ പോരേ? ഒരു ബോക്സ് പരസ്യമങ്ങോട്ട് കൊടുത്താൽ എനിക്ക് പറ്റിയ പാർട്ണറെ അധികം വൈകാതെ കിട്ടുമെന്നാണ് എന്റെ വിശ്വാസം. എത്തിക്സിനെതിരാണ് പോലും. എന്ത് എത്തിക്സ്? ചോദിക്കുന്ന പണമല്ലേ അങ്ങോട്ട് അടയ്ക്കുന്നത്?" ഒരു കൊച്ചുകുട്ടിയുടെ നിഷ്ക്കളങ്കതയോടെയാണ് പീലിപ്പോസ് അത്രയും പറഞ്ഞത്.

കുര്യാക്കോസ് മാഞ്ഞൂരാൻ അയാളെ അടിമുടി നോക്കി. കഴുത്തിൽ വലിയൊരു സ്വർണ്ണമാലയും കൈയിൽ തടിച്ചൊരു ബ്രേസ്ലറ്റുമിട്ട് ശരിക്കുമൊരു പ്രാഞ്ചിയേട്ടൻ ലുക്കിലാണ് പീലിപ്പോസിന്റെ ഇരിപ്പ്. ശീതികരിച്ച മുറിയിലിരുന്നിട്ടും അയാളുടെ കഷണ്ടി കയറിത്തുടങ്ങിയ നെറ്റിയിൽ വിയർപ്പ് പൊടിഞ്ഞിരിക്കുന്നത് മാഞ്ഞൂരാൻ പ്രത്യേകം ശ്രദ്ധിച്ചു. വളരെ ഭംഗിയായി മുണ്ടും ജുബ്ബയുമണിഞ്ഞിരിക്കുന്ന ശരീരത്തിൽ ആകെ മിസ്ഫിറ്റായി കാണപ്പെടുന്നത് ക്ലീൻ ഷേവ് ചെയ്ത ആ മുഖത്തിനിണങ്ങാത്ത വലിയൊരു കണ്ണടയാണ്. സ്വർണ്ണഫ്രെയിമിലുള്ളതാണെങ്കിലും സാമാന്യത്തിലധികം കട്ടിയുള്ള ചില്ലിന്റെ അഭംഗി അയാളുടെ മുഖത്തിനാകെ ഒരു ചേർച്ചക്കുറവ് നൽകുന്നുണ്ടെന്ന് മാഞ്ഞൂരാന് തോന്നി. സഹതാപവും അവജ്ഞയും പരിഹാസവും ഒരുപോലെ നിറഞ്ഞ ഒരു ചിരി മാഞ്ഞൂരാന്റെ മുഖത്ത് വിടർന്നു.

തന്റെ നേരെ നോക്കി വെറുതെ ചിരിച്ചുകൊണ്ടിരിക്കുന്ന മാഞ്ഞൂരാനോട് ഒടുവിൽ പീലിപ്പോസ് ചോദിച്ചു:

"സാറൊന്നും പറഞ്ഞില്ല... തുക വല്ലതും കൂടുതൽ വേണമെങ്കിൽ ധൈര്യമായിട്ട് ചോദിച്ചോ കേട്ടോ. അടുത്ത എഡിഷനിൽ എന്റെ പരസ്യം വരുമോ?"

ചോദിച്ചതിനല്ല കുര്യാക്കോസ് മറുപടി പറഞ്ഞത്. പകരം ഒരു ചോദ്യമയാൾ എടുത്തിട്ടു.

"അച്ചായൻ കഴിക്കുമോ? ഇന്ന് വൈകുന്നേരം ഫ്രീയാണെങ്കിൽ നമുക്ക് സിറ്റിയിലെ ആ ഹോട്ടലിൽ കൂടാം. അവിടെ ബാറിലിരുന്ന് രണ്ടെണ്ണം വീശിക്കൊണ്ടാവുമ്പോൾ കാര്യങ്ങൾ സംസാരിക്കാനൊരു സുഖവുമുണ്ട്. എന്തു പറയുന്നു?"

"എനിക്ക് സമ്മതം. സാറിനെപ്പോലുള്ള വലിയ ആൾക്കാരുടെയൊപ്പമിരുന്ന് രണ്ട് ഡ്രിങ്ക്സ് കഴിക്കുന്നത് എനിക്കൊരു ക്രെഡിറ്റാണല്ലോ. എന്നാൽപ്പിന്നെ ഞാനിത്തിരി ഷോപ്പിംഗ് ഒക്കെ നടത്തിയിട്ട് വൈകുന്നേരം അങ്ങോട്ടെത്തിക്കോളാം. ഡ്രൈവർ എന്റെ നാട്ടുകാരൻ പയ്യൻ തന്നെയാണ്. എനിക്കുവേണ്ടി എത്ര മണിക്കൂറ് വേണമെങ്കിലും കാത്തുക്കെട്ടികിടന്നോളും. പൈസ ഇഷ്ടംപോലെയല്ലേ നമ്മൾ കൊടുക്കുന്നത്." പീലിപ്പോസ് കണ്ണിറുക്കിച്ചിരിച്ചുകൊണ്ട് വൈകിട്ടത്തെ കൂടിക്കാഴ്ചയ്ക്കുള്ള ക്ഷണം സന്തോഷപൂർവ്വം സ്വീകരിച്ചു.

സന്ധ്യയ്ക്ക് ഏറെ മുമ്പുതന്നെ പീലിപ്പോസ് സ്റ്റാർ ഹോട്ടലിന്റെ ലൗഞ്ചിലെത്തി മാഞ്ഞൂരാനുവേണ്ടി കാത്തിരുന്നു. രാവിലെ ഓഫീസിൽ വെച്ച് കണ്ടതിൽ നിന്നും വ്യത്യസ്തമായി പാന്റും ഷർട്ടുമിട്ട് വന്ന ചീഫ് എഡിറ്ററെ പീലിപ്പോസിന് ആദ്യം മനസ്സിലായില്ല. അദ്ദേഹത്തിന്റെ കപ്പടാ മീശയില്ലായിരുന്നുവെങ്കിൽ തനിക്ക് ആളെ ഒട്ടും തിരിച്ചറിയാനാവുമായിരുന്നില്ലെന്ന് പീലിപ്പോസ് വിചാരിച്ചു. തന്നെക്കണ്ട് ഭവ്യതയോടെ എഴുന്നേറ്റുനിന്ന പീലിപ്പോസിന്റെ കൈപിടിച്ച് കുലുക്കി മാഞ്ഞൂരാൻ റൂഫ്ടോപ്പിലെ ബാറിലേക്ക് കൂട്ടിക്കൊണ്ടുപോയി.

"നമുക്ക് ഒരു റൂമെടുത്ത് അവിടെയിരുന്നാലോ സാറേ? എ.സി. മുറിതന്നെ ഞാനെടുക്കാം. ഇവിടെയാവുമ്പോൾ ഒരു പ്രൈവസി ഇല്ലല്ലോ. തന്നെയുമല്ല, സാറിവിടെയിരുന്ന് പബ്ലിക്കായി മദ്യപിക്കുന്നത് ആരെങ്കിലും കണ്ടാൽ മോശമല്ലേ?" പീലിപ്പോസ് ന്യായമായ ഒരു സംശയം ഉന്നയിച്ചു.

"ഒരു മോശവുമില്ലന്നേ. നമ്മളെന്താ വല്ല അനാശാസ്യത്തിനും വന്നതാണോ? ഞാനിവിടെ വല്ലപ്പോഴുമൊക്കെ വരുന്നതാണ്. അച്ചായൻ ദേ അങ്ങോട്ട് നോക്കിക്കേ. കോടിമത പാലം കാണുന്നില്ലേ? അപ്പുറത്ത് ദേ കായലങ്ങനെ ശാന്തമായി ഉറങ്ങിക്കിടക്കുന്നു. ഈ ആംബിയൻസ് ഒരു എ.സി. മുറിയിലും കിട്ടില്ല. നമുക്കീ കോർണർ ടേബിളെടുക്കാം." ചിരപരിചിതനെപ്പോലെ മാഞ്ഞൂരാൻ ബാറിന്റെ അറ്റത്തെ ഇരിപ്പിടം തെരഞ്ഞെടുത്തു.

"ശരി, ഇനി പറയൂ. അച്ചായനെന്തിനാണ് വേണ്ടാത്ത കാര്യത്തിനുവേണ്ടി കടുംപിടുത്തം പിടിക്കുന്നത്? നാട്ടിൽ നിന്നും പെണ്ണ് വേണമെന്ന് നിർബന്ധമാണെങ്കിൽ ഓക്കെ, നല്ല സുന്ദരികളായ യുവതികളെ അച്ചായനെ കിട്ടും. ഈ പ്രായത്തിലും അച്ചായനെ കണ്ടാൽ ഒരു ലുക്കുണ്ട്. പക്ഷേ മറ്റേ കാര്യത്തിനുവേണ്ടി വലിയ വാശി വേണോ?"

'സീസറി'ന്റെ കഴുത്ത് ഞെരിച്ച് രണ്ട് ഗ്ലാസ്സുകളിലേക്ക് പകരുന്നതിനിടയിൽ മാഞ്ഞൂരാൻ സംഭാഷണത്തിന് തുടക്കമിട്ടു. ഇരുന്നയിരുപ്പിൽ രണ്ട് തവണ ഗ്ലാസ്സ് കാലിയാക്കിയിട്ട് പീലിപ്പോസ് പറഞ്ഞു:

"എന്റെ സാറേ, അതൊരു വാശി മാത്രമല്ല, ആഗ്രഹവും കൂടിയാണെന്ന് കൂട്ടിക്കോ. പണ്ട് ഞാൻ പഠിച്ചിറങ്ങിയ കാലത്താണ് സാറാമ്മ അമേരിക്കയിൽനിന്ന് വന്ന് എന്നെ കെട്ടിക്കൊണ്ടു പോവുന്നത്. അമേരിക്കയല്ലേ, നല്ല വരുമാനമുണ്ടാക്കുന്ന പെണ്ണല്ലേ എന്നൊക്കെയോർത്തപ്പോൾ ഞാനധികമൊന്നും ആലോചിച്ചില്ല. അവളെപ്പറ്റി അവിടെപ്പോയി തിരക്കാനൊക്കെ നമ്മളെക്കൊണ്ട് പറ്റുമോ? എന്നാ പറയാനാന്നേ, ഞാനവിടെ ചെന്ന് കഴിഞ്ഞപ്പോഴാ അവളൊരു പോക്ക് കേസായിരുന്നെന്ന് പലരും പറഞ്ഞുകേട്ടത്. എനിക്കത് മനസ്സിലാകുവോ ചെയ്തു."

ടച്ചിംഗ്സിൽ കൈവയ്ക്കാതെ രണ്ട് പെഗ്ഗ് കൂടി വലിച്ചകത്താക്കിയിട്ട് പീലിപ്പോസ് ശബ്ദം താഴ്ത്തി തുടർന്നു:

"ചത്തുപോയവരെപ്പറ്റി ദോഷം പറയരുതെന്നാണല്ലോ പ്രമാണം. എന്നാലും എങ്ങനെ പറയാതിരിക്കും സാറേ.... അവളുടെ വഴിവിട്ട ജീവിതം കൊണ്ട് നഷ്ടം വന്നത് എനിക്കാണ്. അവിടെയുള്ളവർ രഹസ്യമായി എന്നെ വിളിക്കുന്നത് എന്താണെന്നോ? 'ടാക്സി ഡ്രൈവർ'! ഞാൻ ചെന്ന് അധികം താമസിയാതെ കൂടിയ ഒരു പാർട്ടിയിൽവെച്ച് എന്തോ കാര്യത്തിന് ഒരുത്തനോട് ചെറുതായൊന്നുടക്കിയപ്പോൾ അവനെന്നെ നേരിട്ടങ്ങനെ വിളിച്ചപ്പോഴാ സംഗതി നാട്ടുകാർക്കൊക്കെ അറിയാമെന്ന് ഞാൻ മനസ്സിലാക്കിയത്. ഒവേറിയൻ കാൻസർ വന്ന് അവളങ്ങ് പോയെങ്കിലും

(ശേഷം 22-ാം പേജിൽ)

# ബ്യൂട്ടി ടിപ്സുമായി ലേഖ എം.ജി. ശ്രീകുമാർ




ലേഖ ശ്രീകുമാർ ചെയ്ത പാചക വിഡിയോകളിൽ പലരുടെയും കമന്റുകൾ ബ്യൂട്ടി ടിപ്സ് പറഞ്ഞു തരൂ എന്നായിരുന്നു. അവരുടെ ആവശ്യപ്രകാരമാണ് ലേഖ ശ്രീകുമാർ സൗന്ദര്യ സംരക്ഷണ രീതികൾ തന്റെ പുതിയ വീഡിയോയിലൂടെ പങ്കുവച്ചത്.

ചെറുപ്പം മുതലേ ശീലിച്ചു വരുന്ന ചിട്ടകളും രീതികളും കൂടാതെ തനിക്കുണ്ടായ അനുഭവങ്ങളും വിവരിക്കുന്നുണ്ട് പുതിയ വിഡിയോയിൽ. തന്റെ മുടി സംരക്ഷണത്തിന് ചെയ്യുന്നതും ഫങ്ഷനുകൾക്ക് പോകുമ്പോൾ എന്തൊക്കെയാണ് ചെയ്യുന്നതെന്നും പറയുന്നുണ്ട്.

വിഡിയോ പബ്ലിഷ് ചെയ്തു മണിക്കൂറുകൾക്കുള്ളിൽ ഒരുലക്ഷം കാഴ്ചക്കാരുമായി വൈറലായിരിക്കുകയാണ്. തിരക്കുകൾക്കിടയിൽ അമേരിക്കൻ മലയാളികൾ ഇത് കാണുകയും ഫോളോ ചെയ്യാൻ ശ്രമിക്കുമെന്നും ലേഖ എം.ജി. ശ്രീകുമാർ ഞങ്ങളോട് പ്രതികരിച്ചു.

വീഡിയോ കാണുന്നതിനായി ലേഖ ശ്രീകുമാറിന്റെ ചാനൽ സന്ദർശിക്കുക: youtube.com/lekhamgsreekumarofficial

# കോഴിക്കോട് വിമാനത്താവളത്തിന് വേണ്ടി കെഎംസിസി യുഎസ്എയും ഹൈക്കോടതിയെ സമീപിക്കുന്നു

കോഴിക്കോട്: കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തെ മറയാക്കി വിമാനത്താവളത്തിനെതിരെ നേരത്തെ പ്രവർത്തിച്ചിരുന്ന ചില ഉദ്യോഗസ്ഥരുടെ ലോബി പ്രവർത്തനങ്ങൾ വീണ്ടും ശക്തിപ്പെടുത്തിയിട്ടുണ്ടെന്ന് കെഎംസിസിയുടെ യുഎസ്എ-കാനഡാ കമ്മിറ്റികൾ വിലയിരുത്തി. ആ ലോബിയാണ് ഇപ്പോൾ കരിപ്പൂർ വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതെന്നും അവർക്ക്

**മൊയ്തീൻ പുത്തൻചിറ**

വേണ്ടിയാണ് കേരളാ ഹൈക്കോടതിയിൽ കരിപ്പൂർ അടച്ചു പൂട്ടാൻ യശ്വന്ത് ഷേണായ് എന്ന വ്യക്തി കേസ് നൽകിയതെന്നും കെഎംസിസി ആരോപിച്ചു. ഈ നീക്കത്തിന് പിന്നിൽ എയർപോർട്ട് അതോറിറ്റിയിലെ ചില ഉന്നത് ഉദ്യോഗസ്ഥരുടെ പങ്കുണ്ടോയെന്ന് സംശയിക്കാവുന്ന തരത്തിലാണ് പരാതിയിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വശങ്ങളും വിവരവുമെന്നും പരാതി വായിക്കുന്ന ഏതൊരാൾക്കും ബോധ്യമാകും. അതിനാൽ ദാരുണമായ ഈ അപകടത്തെ ഉയർത്തിക്കാട്ടി വിമാനത്താവളത്തെ തകർക്കാനുള്ള ശ്രമം മലബാർ ജനത ഒറ്റക്കെട്ടായി നേരിടുമെന്നും കെ.എം.സി.സി യു.എസ്.എ കമ്മിറ്റി നിയമപരമായി അതിനെ പിന്തുണയ്ക്കുമെന്നും സംഘടനാ ഭാരവാഹികൾ അറിയിച്ചു.

കരിപ്പൂർ എയർപോർട്ടിലെ റൺവേയും റിസയും എല്ലാം വൈഡ് ബോഡി വിമാനങ്ങൾ ഇറങ്ങാൻ അനുയോജ്യമായ ശേഷം മാത്രമാണ് വിദേശ വിമാനങ്ങൾക്ക് ഇറങ്ങാൻ കേന്ദ്ര വ്യോമയാന മന്ത്രാലയവും കേന്ദ്ര മന്ത്രിസഭയും അന്താരാഷ്ട്രതലത്തിലുള്ള വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ അനുമതി നൽകിയത്.

യാത്രക്കാരുടെ സുരക്ഷയ്ക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന വിദേശ വിമാനങ്ങൾ ഒന്നുംതന്നെ ഇന്ത്യയിലെ വിമാനത്താവളങ്ങളിൽ ഇത്തരം അപകടത്തിൽ നാളിതുവരെ പെട്ടിട്ടുമില്ല. തന്നെയുമല്ല, മലബാറിലെ സാധാരണക്കാരായ പ്രവാസികളുടെ യാത്രയ്ക്കും കയറ്റുമതിക്കും ടൂറിസം വ്യവസായത്തിനും ഏറെ ഗുണപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്ന കരിപ്പൂർ നല്ല ലാഭത്തിൽ ഓടുന്ന കേരളത്തിലെ ഏക പൊതുമേഖലാ എയർപോർട്ട് കൂടിയാണ്. വസ്തുതകൾ ഇങ്ങനെയെല്ലാമാണെങ്കിലും ചില കുബുദ്ധികൾ കരിപ്പൂരിനെതിരെ നിരന്തരം പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നതിനിടയിലാണ് എയർപോർട്ട് തന്നെ അടച്ചു പൂട്ടണമെന്നാവശ്യപ്പെട്ട് കോടതിയിൽ ഹർജി ഫയൽ ചെയ്യുന്നത്. ഈ അവസരത്തിൽ അമേരിക്കയിലെ അംഗീകൃത സംഘടനയായ കെ.എം.സി.സി ഹൈക്കോടതിയിൽ ഈ കേസിൽ കക്ഷി ചേർന്ന് നിയമപരമായി പോരാടാൻ തീരുമാനിച്ചതായി കാനഡ കെഎംസിസി നേതാവ് വി. അബ്ദുൽ വാഹിദ് അറിയിച്ചു. കേരള ഹൈക്കോടതിയിലെ അഭിഭാഷകനായ അഡ്വ. എം. മുഹമ്മദ് ഷാഫിയാണ് കരിപ്പൂരിനെ ആശ്രയിക്കുന്ന മുഴുവൻ പ്രവാസി മലയാളികൾക്കും വേണ്ടി ന്യൂയോർക്കിൽ താമസിക്കുന്ന പൊതുപ്രവർത്തകനായ യു.എ. നസീർ (കോട്ടക്കൽ) നൽകുന്ന കേസിൽ ഹൈക്കോടതിയിൽ ഹാജരാകുക.



# പള്ളികൾ ഏറ്റെടുക്കാൻ ബലപ്രയോഗം നിർഭാഗ്യകരം: സിറോ മലബാർ സിനഡ്

കൊച്ചി: യാക്കോബായ സഭയുടെ കൈവശമുള്ള പള്ളികൾ ഏറ്റെടുക്കുമ്പോൾ സംഘർഷവും ബലപ്രയോഗവും കോവിഡ് ചട്ടലംഘനവും ഉണ്ടാകുന്നത് നിർഭാഗ്യകരമെന്ന് സിറോ മലബാർ സഭാ സിനഡ്. കോടതി ഉത്തരവ് നടപ്പാക്കണം. എന്നാൽ, പൊതു നന്മയെയും സമാധാനത്തെയും കരുതി കക്ഷികൾ വിട്ടുവീഴ്ച ചെയ്യേണ്ടതുണ്ട്. അതു ക്രൈസ്തവ മൂല്യമാണ്.

നിയമ വ്യാഖ്യാനവും നടപ്പാക്കലും സ്നേഹവും സമാധാനവും ഉറപ്പുവരുത്തണം. നിയമം നടപ്പാക്കാൻ പ്രായോഗിക പ്രശ്നമുണ്ടെങ്കിൽ സാവകാശം നൽകണം.

കൂടുതൽ സമയം വേണമെങ്കിൽ കോടതിയെ ബോധ്യപ്പെടുത്താൻ അധികാരികൾക്കു കക്ഷികൾക്കും ചുമതലയുണ്ട്. കോവിഡ് ദുരിത നാളുകളിൽ സമാധാനാന്തരീക്ഷം പുലർത്താനും അനുരഞ്ജനം സ്വീകരിക്കാനും എല്ലാവരും സഹകരിക്കണം.

# തിരുവാർപ്പ് പള്ളിയും ഏറ്റെടുത്തു

കോട്ടയം: കോട്ടയം ഡിവൈഎസ്പിയുടെയും 9 സിഐമാരുടെയും നേതൃത്വത്തിൽ വൻ പോലീസ് സംഘമാണ് ആഗസ്റ്റ് 20ന് പുലർച്ചെ തിരുവാർപ്പ് മർത്തശ്മൂനി പള്ളി ഏറ്റെടുക്കൽ നടപടികൾക്ക് സ്ഥലത്തെത്തിയത്. റവന്യൂ സംഘത്തിനൊപ്പം ആരോഗ്യ വകുപ്പിലെയും അഗ്നിരക്ഷാസേനയിലെയും അംഗങ്ങളുണ്ടായിരുന്നു.


പള്ളിക്കു മുന്നിൽ പ്രതിഷേധവുമായെത്തിയ വിശ്വാസികളെ നീക്കം ചെയ്യാൻ പിപിഇ കിറ്റ് ധരിച്ചാണ് പോലീസ് സംഘം എത്തിയത്. വിശ്വാസികൾ സഹകരിക്കണം എന്ന് പോലീസ് മൈക്ക് അനൗൺസ്മെന്റ് നടത്തി. സ്ത്രീകൾ അടക്കമുള്ളവർ പിന്മാറാതെ പള്ളിക്കു മുന്നിൽ കുത്തിയിരുന്നു പ്രാർത്ഥിക്കാനും മുദ്രാവാക്യം വിളിക്കാനും തുടങ്ങി. ഇവരെ പോലീസ് അവിടെനിന്നു പള്ളി മതിൽക്കെട്ടിനു പുറത്തിറക്കി.


**യാക്കോബായ സഭ മുംബൈ ഭദ്രാസനാധിപൻ തോമസ് മാർ അലക്സന്ത്രയോസിനെ തിരുവാർപ്പ് മർത്തശ്മൂനി പള്ളിയിലെ പള്ളിമേടയിൽ നിന്നു പോലീസ് പുറത്തേക്ക് എത്തിക്കുന്നു.**

തുടർന്നായിരുന്നു പള്ളിമേടയിൽ എത്തി തോമസ് മാർ അലക്സന്ത്രയോസ് താമസിച്ചിരുന്ന മുറിയുടെ പൂട്ട് പൊളിച്ച് അകത്തു കയറിയത്. മെത്രാപ്പൊലീത്തയെ പോലീസ് ജീപ്പിലേക്ക് കൊണ്ടുപോയി. വിശ്വാസികൾ പോലീസ് ജീപ്പിന്റെ അടുത്തേക്ക് ഓടിയെത്തി. ഇതിനിടയിൽ നിലത്തുവീണ ഇരുപത്തിയേഴിൽച്ചിറ ബിജു ചാണ്ടിയുടെ കൈക്കു പരുക്കേറ്റു. ഇദ്ദേഹത്തെ ആംബുലൻസിൽ ജില്ലാ ആശുപത്രിയിലേക്കു മാറ്റി.

പള്ളിയും പരിസരവും പൂട്ടി സൂക്ഷിക്കാനും ഹർജിക്കാരനായ ഓർത്തഡോക്സ് സഭയിലെ ഫാ. എ.വി. വർഗീസിന് എന്നു കൈമാറാൻ സാധിക്കുമെന്ന് അറിയിക്കാനുമായിരുന്നു ഹൈക്കോടതി ജില്ലാ കളക്ടർക്കു നൽകിയ നിർദേശം.


# മാതൃദിനത്തിൽ വിശിഷ്ടാതിഥികളുടെ ആശംസകൾ



മാർ മാത്യു മൂലക്കാട്ട്



മാർ ജോസഫ് പണ്ടാരശ്ശേരിൽ



മോൺ. തോമസ് മുളവനാൽ



ഫാ. സജി പിണർകയിൽ




തോമസ് ചാഴികാടൻ



അലക്സ് മഠത്തിൽതാഴെ



രാജു ചെമ്മാച്ചേരിൽ



വിവിൻ ഓണശ്ശേരിൽ

സാൻഹോസെ: ക്നാനായ കത്തോലിക്കാ കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ, സാൻ ഹോസെയുടെ ആഭിമുഖ്യത്തിൽ മദേഴ്സ്ഡേ വ്യത്യസ്തമായ രീതിയിൽ ആഘോഷിച്ചു. ലോകം മുഴുവൻ കോവിഡ് 19 ദുരനുഭവത്തിലൂടെ കടന്നുപോകുമ്പോൾ ഒന്നിച്ചുകൂടി മാതൃദിനാഘോഷം നടത്താനാകാത്ത സാഹചര്യത്തിൽ മദർഡെ ദിനത്തിൽ സജി പിണർകയിലിന്റെ നേതൃത്വത്തിൽ ഓൺലൈനിൽ കൂടി വിശുദ്ധ ബലിയും തുടർന്ന് നമ്മുടെ അമ്മമാർക്കും അമ്മച്ചിമാർക്കും കോട്ടയം ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ടിലിന്റെയും ബിഷപ്പ് മാർ ജോസഫ് പാണ്ടാരശേരിലിന്റെയും ആശംസകളും സമാധാന ആശിർവാദവും കെസിസിഎൻസി ഓൺലൈനിൽകൂടി ഒരുക്കുകയും ചെയ്തു.

ചിക്കാഗോ ക്നാനായ കത്തോലിക്കാ റീജിയൻ ഡയറക്ടർ തോമസ് മുളവനാൽ അച്ചന്റെയും കോട്ടയം തോമസ് ചാഴികാടൻ എംപിയുടെയും കെസിസിഎൻഎ പ്രസിഡണ്ട് അലക്സ് മഠത്തിൽതാഴെയുടെയും കെസിസിഎൻഎ വെസ്റ്റേൺ റീജിയൺ ഡയറക്ടർ രാജു ചെമ്മാച്ചേരിലും കെസിസിഎൻസി സ്പിരിചൽ ഡയറക്ടർ സജി അച്ചൻ, കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിൽ എന്നിവരുടെ ആശംസകളും ഓൺലൈൻ വഴി ഒരുക്കി.

മാതൃദിനത്തിൽ റോസാപുഷ്പങ്ങൾകൊണ്ട് മനോഹരമാക്കിയ മാതാവിനെയും തുടർന്ന് സാൻഹൊസ കമ്മ്യൂണിറ്റിയിലെ എല്ലാ അമ്മമാരുടെയും ചിത്രങ്ങൾ വീഡിയോയിലൂടെ പ്രദർശിപ്പിക്കുകയും ചെയ്തു. ക്നാനായ പരമ്പരാഗത വേഷത്തിലും കുട്ടികളും അമ്മയും ക്രിയേറ്റീവ് ആയുള്ള ചിത്രങ്ങളും മാതൃദിനം വ്യത്യസ്തമാക്കി. കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിൽ, പ്രബിൻ ഇലഞ്ഞിക്കൽ, ഷീബ പുറയംപള്ളിൽ, സ്റ്റീഫൻ വേലിക്കട്ടേൽ, ഷിബു പാലക്കാട്ടു എന്നിവർ പരിപാടികൾക്കു നേതൃത്വം കൊടുത്തു.

# ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ സ്വാതന്ത്ര്യദിനാഘോഷം

**കോര ചെറിയാൻ**

ഫിലാഡൽഫിയ: ഇന്ത്യയുടെ 74-ാം സ്വാതന്ത്ര്യദിനം ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ചാപ്റ്റർ പ്രസിഡണ്ട് സന്തോഷ് ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ മല്ലു കഫേ സമ്മേളന ഹാളിൽ ആഘോഷിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി രാപകലില്ലാതെ ത്യാഗോജ്ജ്വലമായി പോരാടിയ ദേശസ്നേഹികളായ ഏവരോടുമുള്ള കൃതാർത്ഥത സമ്മേളനത്തിൽ സംബന്ധിച്ച ഏവരും പ്രകടിപ്പിച്ചു.




ബ്രിട്ടീഷ് മഹാസാമ്രാജ്യത്തിന്റെ ക്രൂര ഭരണത്തിൽനിന്നും മുക്തി നേടിയ സ്വതന്ത്ര ഭാരതം ഇപ്പോൾ അമേരിക്കയ്ക്കും ചൈനയ്ക്കുംശേഷം ലോകശക്തിയായി മാറിയിരിക്കുന്നതായി സന്തോഷ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ വെളിപ്പെടുത്തി.

ദേശീയ സുരക്ഷിതത്വത്തിനും കാലാനുഷ്ഠമായ വ്യതിയാനത്തിനും കോൺഗ്രസ് പാർട്ടിതന്നെ വീണ്ടും ഭരണത്തിൽ എത്തണമെന്നും നാഷണൽ പ്രസിഡണ്ട് ജോബി ജോർജും ഇന്ത്യയിലെ വർഗ്ഗവിവേചനവും മതയുദ്ധവും കൈവെടിയണമെന്നു ജോർജ് ഓലിക്കലും പ്രസംഗത്തിൽ സൂചിപ്പിച്ചു.

ദേശീയ പ്രബുദ്ധതയും ഐക്യതയും കൈവരിക്കുവാനും വർഗ്ഗീയത അവസാനിപ്പിക്കുവാനും കോൺഗ്രസ് ഭരണംതന്നെ ആവശ്യമെന്ന് അലക്സ് തോമസ് അറിയിച്ചു.

ചാപ്റ്റർ നേതൃത്വനിരയിലുള്ള ഫിലിപ്പോസ് ചെറിയാൻ, സാബു സ്കറിയ, ജീമോൻ ജോർജ്, തോമസ് ചാണ്ടി, ജോൺ സാമുവേൽ, കൊച്ചുമോൻ വലിയത്തെ, ജെയിംസ് പീറ്റർ, സജി, സന്തോഷ്, ഷാജി എന്നിവരുടെ പ്രസംഗങ്ങളിൽ മുഖ്യമായും ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പായി ഇന്ത്യൻ ജനത അനുഭവിച്ച ക്ലേശ ജീവിത ചരിത്രവും സ്വാതന്ത്ര്യത്തിനു ശേഷമുള്ള സുഖപൂർണ്ണമായ ജീവിത വ്യതിയാനവും സന്താപ സന്തോഷങ്ങളും ഓർമ്മപ്പെടുത്തി.

ചാപ്റ്റർ സെക്രട്ടറി ഷാലു പുന്നൂസ് തന്റെ കൃതജ്ഞതാ സന്ദേശത്തിൽ




ലേഖകൻ

ഇന്ത്യയുടെ സാമ്പത്തിക വളർച്ചയോടൊപ്പം ശാസ്ത്രീയമായ പുരോഗതിയും വിദ്യാഭ്യാസ രംഗത്തുള്ള ആധുനിക വ്യതിയാനങ്ങളേയും കുറിച്ച് പ്രസംഗിച്ചു.

# കൈരളി ടി.വി യുടെ 20-ാമത് വാർഷികത്തിന് മമ്മൂട്ടിയുടെ ആശംസ

ന്യൂയോർക്ക്: കൈരളിയുടെ ഇരുപതാം പിറന്നാളിൽ ആശംസയുമായി മലയാളത്തിന്റെ മഹാനടൻ മമ്മൂട്ടിയും. രണ്ടായിരം ആഗസ്റ്റ് 17ന് ചിങ്ങപ്പിറവിയിലാണ് മലയാളിക്ക് പുതിയ ദൃശ്യാവിഷ്കാരത്തിന്റെ വിളമ്പരമായി കൈരളി പിറന്നത്. ഇരുപത് വർഷങ്ങൾക്കിപ്പുറം അതേ ആഗസ്റ്റ് 17ന് തന്നെയാണ് ചിങ്ങപ്പിറവിയെന്നതും യാദൃശ്ചികം. 'മഹാരോഗങ്ങളും പെരുമഴയും ദുരന്തങ്ങളുമൊക്കെ ചുറ്റി നിൽക്കുന്ന കാലത്താണ് ഈ ചിങ്ങം പുലരുന്നത്. എപ്പോഴും ചിങ്ങം നമുക്ക് സൗഭാഗ്യവും സമൃദ്ധിയും കൊണ്ടുവരാറുണ്ട്, ഈ പുലരുന്ന ചിങ്ങവും നമുക്ക് സൗഭാഗ്യവും സമൃദ്ധിയും സന്തോഷവും സമാധാനവും ആരോഗ്യകരവും കൊണ്ടുവരട്ടെയെന്ന് നമുക്ക് ആഗ്രഹിക്കാമെന്ന് മമ്മൂട്ടി ആശംസയിൽ പറഞ്ഞു. കൈരളിയുടെ എല്ലാ പ്രേക്ഷകർക്കും ചിങ്ങ പുലരിയുടെ ആശംസകൾ.



# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചിക്കാഗോ സ്വാതന്ത്ര്യദിനം ആഘോഷിച്ചു

**സതീശൻ നായർ**

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്, ചിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ 74-ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

ഓൺലൈനിലൂടെ സംഘടിപ്പിച്ച സ്വാതന്ത്ര്യദിന ചടങ്ങിൽ ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് പ്രൊഫസർ തമ്പി മാത്യു അദ്ധ്യക്ഷത വഹിക്കുകയും ഏവരേയും സ്വാഗതം ചെയ്യുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽനിന്നു മുൾക്കൊണ്ട ചൈതന്യമാണ് നവീന ഭാരതത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കരുത്തു നൽകിയതെന്ന് പ്രസിഡണ്ട് അദ്ദേഹത്തിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഏവരേയും ഓർമിപ്പിച്ചു.

തദവസരത്തിൽ ഐ.ഒ.സി കേരളാ ചാപ്റ്റർ ചെയർമാൻ തോമസ് മാത്യു, പ്രസിഡണ്ട് ലീലാ മാരേട്ട്, ജനറൽ സെക്രട്ടറി സജി കരിമ്പന്നൂർ ട്രഷറർ രാജൻ പടവത്തിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് സതീശൻ നായർ, ഐ.ഒ.സി ചിക്കാഗോ ചാപ്റ്റർ ട്രഷറർ ആന്റോ കവലയ്ക്കൽ, വൈസ് പ്രസിഡണ്ടുമാരായ ജോസി കുരിശുങ്കൽ, ഹെറാൾഡ് ഫിഗരേദോ, കൂടാതെ അച്ചൻകുഞ്ഞ്, പ്രവീൺ തോമസ് തുടങ്ങിയവരും സ്വാതന്ത്ര്യദിനാശംസകൾ നൽകി.

ജോയിന്റ് സെക്രട്ടറി സജി കുര്യൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

# തെരഞ്ഞെടുപ്പ് പരിഷ്കരണ ബില്ലിൽ ഗവർണർ ഒപ്പു വെച്ചു

**മൊയ്തീൻ പുത്തൻചിറ**

ന്യൂയോർക്ക്: മെയിൽ-ഇൻ വോട്ടിംഗ് അഥവാ തപാൽ വോട്ട് വിപുലീകരിക്കുന്നതിനും പരിരക്ഷിക്കുന്നതിനുമായി മൂന്ന് ബില്ലുകൾ സർക്കാർ അംഗീകരിച്ചതിനെത്തുടർന്ന് ഗവർണർ ആൻഡ്രൂ ക്യൂമോ ഒപ്പുവെച്ചു. ഇതോടെ നവംബറിലെ പൊതു തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ന്യൂയോർക്കുകാർക്കും തപാൽവഴി വോട്ടു ചെയ്യാനാകും.

മെയിൽ ഇൻ ബാലറ്റിംഗിൽ ക്രമക്കേടുകളുണ്ടാകുമെന്നും വഞ്ചനയാണെന്നും ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്നും യാതൊരു തെളിവുകളുമില്ലാതെ പ്രസിഡണ്ട് ഡോണാൾഡ് ട്രംപ് ഉന്നയിച്ചുകൊണ്ടിരിക്കുന്ന അവകാശവാദം പൊളിച്ചടുക്കുന്നതാണ് ആഗസ്റ്റ് 20ന് വ്യാഴാഴ്ച ക്യൂമോ ഒപ്പുവെച്ച നിയമത്തിലൂടെ വ്യക്തമാക്കുന്നത്. കോവിഡ്-19ന്റെ അപകടസാധ്യതകൾ കണക്കിലെടുത്ത് വൈറസ് ബാധിക്കുമോ എന്ന ഭയത്താൽ വോട്ടു രേഖപ്പെടുത്താൻ ഹാജരാകാൻ സാധിക്കാത്ത ന്യൂയോർക്കുകാർക്ക് തപാൽ വോട്ട് അനുവദിക്കും.

തെരഞ്ഞെടുപ്പ് ദിവസം ബാലറ്റുകൾ പോസ്റ്റ്മാർക്ക് ചെയ്യാൻ അനുവദിക്കുന്നതിലൂടെ സംസ്ഥാനത്തെ സമ്മതിദായകരുടെ വോട്ടുകൾ കൃത്യമായി രേഖപ്പെടുത്താൻ തപാൽ വകുപ്പിന്റെ സേവനങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നു. കൂടാതെ എല്ലാ പോസ്റ്റൽ ബാലറ്റുകളും തെരഞ്ഞെടുപ്പ് ദിനത്തിലോ അതിന് മുമ്പോ പോസ്റ്റ്മാർക്ക് ചെയ്തതോ ആണെങ്കിൽ തെരഞ്ഞെടുപ്പ് ബോർഡ് സ്വീകരിച്ചതായി ഉറപ്പാക്കുന്നു.

യുഎസ് തപാൽ സേവനത്തിനെതിരെ മുൻപെങ്ങും കേട്ടുകേൾവി പോലുമില്ലാത്ത വിധമുള്ള ആക്രമണത്തിനാണ് ഫെഡറൽ ഭരണകൂടം ഉത്തരവിട്ടത്. കൂടാതെ കോവിഡ്-19 പാൻഡെമിക്കിനിടയിലും സുരക്ഷിതവും വ്യക്തിപരവുമായ വോട്ടിംഗ് നടത്താനുള്ള കഴിവിനെ ഭീഷണിപ്പെടുത്തുന്നു. ഈ നടപടികൾ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളിൽ വിജയകരവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് നിർണ്ണായകമാണെന്ന് ബില്ലിൽ ഒപ്പിട്ടുകൊണ്ട് ഗവർണർ ക്യൂമോ പറഞ്ഞു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ജനാധിപത്യത്തിനെതിരെ നടത്തുന്ന ആക്രമണമാണ്. അത്തരം



തടസ്സങ്ങളെ അതിജീവിക്കുക മാത്രമല്ല, എല്ലാ ന്യൂയോർക്കുകാർക്കും ഈ നവംബറിൽ ഭയമില്ലാതെ വോട്ടവകാശം വിനിയോഗിക്കുന്നത് എളുപ്പമാക്കുകയും ചെയ്യുക എന്നതാണ് തന്റെ കടമ എന്നും ഗവർണർ കൂട്ടിച്ചേർത്തു.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി വോട്ട് ചെയ്യാൻ അർഹതയുള്ള സമ്മതിദായകർക്ക് തപാൽ ബാലറ്റ് അയയ്ക്കാൻ ക്യൂമോ നിർദ്ദേശിക്കുമ്പോൾ തന്നെ, ന്യൂയോർക്കുകാർ ഓൺലൈനിലോ ഫോണിലൂടെയോ വ്യക്തിപരമായോ മെയിലിലൂടെയോ തപാൽ ബാലറ്റിന് അഭ്യർത്ഥിക്കേണ്ടതുണ്ട്.

നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ സമ്മതിദായകർക്ക് ബാലറ്റുകൾ മെയിൽ ചെയ്യാനോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് കേന്ദ്രങ്ങളിലോ തെരഞ്ഞെടുപ്പ് ദിനത്തിൽ ഏതെങ്കിലും പോളിംഗ് സ്റ്റേഷനിലോ പ്രത്യേകം സൗകര്യമുണ്ടായിരിക്കും.

സംസ്ഥാനത്ത് നടന്ന പ്രൈമറിയെത്തുടർന്ന് കഴിഞ്ഞമാസം നിയമസഭാംഗങ്ങൾ ബില്ലുകൾക്ക് അംഗീകാരം നൽകിയിരുന്നു. തപാൽ വോട്ടിംഗിന് അഭൂതപൂർവമായ പ്രതികരണമാണ് അന്ന് ലഭിച്ചത്. തപാൽ വോട്ടുകൾ വർദ്ധിച്ചത് നിരവധി പ്രശ്നങ്ങൾക്ക് കാരണമാവുകയും ഒടുവിൽ 80,000 ബാലറ്റുകൾ നഗരത്തിലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിരസിക്കുകയും ചെയ്തു. സാക്ഷ്യപ്പെടുത്തിയ ഫലമനുസരിച്ച് 403,000 ബാലറ്റുകളിൽ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് സ്വീകരിക്കേണ്ടി വന്നത് 319,000 എണ്ണം മാത്രമാണ്. കാരണം, പോസ്റ്റ്മാർക്കുകളിലെ പ്രശ്നങ്ങൾ വോട്ടർമാർ അവരുടെ ബാലറ്റ് അടങ്ങിയ കവറിൽ ഒപ്പടുന്നതിൽ പരാജയപ്പെട്ടത് എന്നിവ മൂലം പതിനായിരക്കണക്കിന് വോട്ടുകൾ അസാധുവായി.

ജൂണിൽ നടന്ന തെരഞ്ഞെടുപ്പിൽ ഉണ്ടായ ചില വിവാദങ്ങൾ പരിഹരിക്കുന്നതിനും കോവിഡ്-19 പ്രതിസന്ധിക്കിടയിൽ സമ്മതിദായകർക്ക് സുഖപ്രദമായ വോട്ടിംഗ് ഉറപ്പാക്കുതിനും സിസ്റ്റത്തിൽ വിശ്വാസമുണ്ടെന്നും ഉറപ്പുവരുത്തുന്നതിനാണ് ഈ നടപടികൾ എന്ന് സെനറ്റ് ഭൂരിപക്ഷ നേതാവ് ആൻഡ്രിയ സ്റ്റുവാർട്ട്-കസിൻസ് (യോങ്കേഴ്സ്) അഭിപ്രായപ്പെട്ടു.

"വോട്ടിംഗ് പ്രവേശനം നമ്മുടെ ജനാധിപത്യത്തിന്റെ അടിസ്ഥാന അടിത്തറയാണ്. കോവിഡ്-19 പാൻഡെമിക് മൂലം ന്യൂയോർക്കിലെ ആരും തന്നെ അവരുടെ ഭരണഘടനാപരമായ വോട്ടവകാശം വിനിയോഗിക്കുന്നതിന് അവരുടെ

(ശേഷം 24-ാം പേജിൽ)

# റിപ്പബ്ലിക്കൻ കൺവൻഷന് തിരശീല ഉയർന്നു

**ജോജോ തോമസ് പാലത്ര**

ന്യൂയോർക്ക്: റിപ്പബ്ലിക്കൻ കൺവൻഷന് തിരശീല ഉയർന്നു. ട്രംപ്-പെൻസ് രണ്ടായിരത്തി പതിനാറിൽ വാഗ്ദാനം ചെയ്ത ഭരണ നേട്ടങ്ങൾക്ക് ജന പിന്തുണ നൽകി തുടർ ഭരണത്തിലുള്ള ജനവിശ്വാസം നേടിയെടുക്കുവാൻ കഴിയുമെന്ന ആത്മവിശ്വാസം അലയടിച്ചുയരുവാൻ പോന്ന നാലു കൺവൻഷൻ ദിനങ്ങളിൽ പ്രഗൽഭരായ അമേരിക്കൻ രാഷ്ട്രീയ സാമൂഹിക പ്രബുദ്ധരും ജനസമ്മതി നേടിയിട്ടുള്ളവരുമായ പ്രസംഗകർ അമേരിക്കൻ ജനതയുമായി സംവേദനം ചെയ്യുന്നു. കൺവൻഷന്റെ ആദ്യദിനം ആഗസ്റ്റ് 24നു തിങ്കളാഴ്ചയായിരുന്നു. ഡോണൾഡ് ട്രംപ് ജൂനിയർ, നിക്കി ഹെയ്‌ലി, സ്റ്റീവ് സ്കെലിസ്, ടിം സ്കോട്ട് എന്നിവർ പങ്കെടുത്തു.

രണ്ടാം ദിനം ചൊവ്വാഴ്ച: മെലാനി ട്രംപ്, മൈക്ക് പോംപേയ്, എറിക് ട്രംപ്, ടിഫാനി ട്രംപ് എന്നിവരും മൂന്നാം ദിനം ബുധനാഴ്ച: വൈസ് പ്രസിഡണ്ട് മൈക്ക് പെൻസ്, സെനറ്റർ ജോണി ഏണസ്റ്റ്, കെല്ലിയൻ കോൺവേയ്, ലോറ ട്രംപ് എന്നിവരും കൺവൻഷന്റെ അവസാന ദിനവും അതിപ്രധാന ദിവസവുമായ വ്യാഴാഴ്ച: മികച്ച ജനപ്രിയനായ റൂഡി ജൂലിയാനി സെനറ്റ് മജോറിറ്റി നേതാവ് മിച് മക്കോനെൽ, ഇവാനാ ട്രംപ്, അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് എന്നിവരാണ്. ഈ കാലഘട്ടത്തിന്റെ ആവശ്യമായി തീർന്നിരിക്കുന്ന ട്രംപ്-പെൻസ് തുടർഭരണം എന്ന് പരക്കെ ഉയർന്നു വരുന്ന ശംഖൊലി നാദം. ഈ രാജ്യം ഒരു കുട്ടിച്ചോറായി മാറാതിരിക്കണമെങ്കിൽ വരും തലമുറ ഈ രാജ്യത്തിൽ സുരക്ഷിതരായി ജീവിക്കുവാൻ ട്രംപ്-പെൻസ് പ്രതിനിദാനം ചെയ്യുന്ന നേതൃത്വം ഈ തെരഞ്ഞെടുപ്പിൽ നിർണായകമാണെന്ന് ചിന്തിക്കുവാൻ പ്രബുദ്ധരായ സമ്മതിദായകർ മുന്നോട്ടു വന്ന് ഈ രാജ്യം സുരക്ഷിതമാക്കുവാൻ ട്രംപ്-പെൻസ് ടീമിനെ വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

# സിഎംഎ വിദ്യാഭ്യാസ പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു

**ജോഷി വള്ളിക്കളം**

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ 2020-ലെ ഹൈസ്കൂൾ ഗ്രാജ്വേറ്റുകളിൽ നിന്നും വിദ്യാഭ്യാസ പുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ അസോസിയേഷൻ അംഗത്വമുള്ള മാതാപിതാക്കളുടെ കുട്ടികളിൽ നിന്നുമാത്രം.



ജോൺസൺ കണ്ണക്കാടൻ



ജോഷി വള്ളിക്കളം



ചാക്കോ മറ്റത്തിപ്പറമ്പിൽ

ചിക്കാഗോ മലയാളി അസോസിയേഷൻ സാമൂഹിക സാംസ്കാരിക തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസ മേഖലയിലും പരിപോഷിക്കുന്നതിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്.

ആപ്ലിക്കേഷൻ സെപ്റ്റംബർ ഒന്നിനു മുൻപായി ലഭിക്കേണ്ടതാണ്. ഒന്നാം സമ്മാനമായ ക്യാഷ് അവാർഡും ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് സാബു നടുവീട്ടിലും രണ്ടാം സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത് ചാക്കോ മറ്റത്തിപ്പറമ്പിലുമാണ്.

കൂടുതൽ വിവരങ്ങൾക്ക്: ജോൺസൺ കണ്ണക്കാടൻ 8474770564, ജോഷി വള്ളിക്കളം 3126856749, ചാക്കോ മറ്റത്തിപ്പറമ്പിൽ 8473738756

# കമലാ ഹാരിസിന്റെ ഔദ്യോഗിക നാമനിർദേശം പൂർത്തിയായി

വാഷിങ്ടൺ: ജീവിതത്തിലെ എല്ലാ നേട്ടങ്ങളും ചെന്നൈക്കാരി അമ്മയ്ക്കു സമർപ്പിച്ച ഡെമോക്രാറ്റിക് പാർട്ടി വെർചൽ കൺവൻഷനിൽ കമലാ ഹാരിസ് യുഎസ് വൈസ് പ്രസിഡണ്ട് പദവിയിലേക്കുള്ള ഡെമോക്രാറ്റ് പാർട്ടി സ്ഥാനാർഥിയായി ഔദ്യോഗിക നാമനിർദേശം ലഭിച്ചതിനുള്ള മറുപടി പ്രസംഗത്തിലാണു കമല, അമ്മയെ അനുസ്മരിച്ചത്.

സഹജീവി സ്നേഹവും കരുണയും മൂല്യബോധവും പരോപകാര ശീലവും തന്നിൽ വളർത്തിയെടുത്തത് അമ്മ ശ്യാമള ഗോപാലൻ ആണെന്നു പറഞ്ഞപ്പോൾ കമലയുടെ കണ്ഠമിടറി.

'സമൂഹത്തെ സേവിക്കുമ്പോഴാണു ജീവിതം സാർഥകമാകുന്നതെന്ന് അമ്മയാണ് എന്നെ പഠിപ്പിച്ചത്. ഇപ്പോൾ അമ്മ കൂടെയുണ്ടായിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു: കമല പറഞ്ഞു.

2009ലാണു ശ്യാമള മരിച്ചത്. പോലീസ് ക്രൂരതയ്ക്കിരയായി കറുത്തവർഗക്കാരൻ ജോർജ് ഫ്ളോയ്ഡിന്റെ മരണവും അമേരിക്കയിലെ വനിതാ വോട്ടവകാശ ശതാബ്ദിയും പ്രത്യേകം പരാമർശിച്ച കമല, വംശീയവിദ്വേഷത്തിനു വാക്സീനൊന്നുമില്ലെന്നും കമല പറഞ്ഞു. ആശംസകളുമായി പ്രസിഡണ്ട് സ്ഥാനാർത്ഥി ജോ ബൈഡനും കമലയുടെ ഭർത്താവ് ഡഗ്ലസും വേദിയിലെത്തി.



ഡെമോക്രാറ്റ് പാർട്ടി വെർചൽ കൺവൻഷനിൽ കമലാ ഹാരിസും ഭർത്താവ് ഡഗ്ലസും

പാർട്ടി നാമനിർദേശം സ്വീകരിച്ചുള്ള പ്രസംഗത്തിൽ തന്റെ തമിഴ് പൈതൃകം ചേർത്തുപിടിച്ചു കമലാ ഹാരിസ്.

കുടുംബമെന്നാൽ തന്നെ സംബന്ധിച്ചിടത്തോളം ഭർത്താവും മക്കളും അമ്മാവന്മാരും 'ചിത്തി'മാരും (അമ്മയുടെ സഹോദരിമാർ) ആണെന്നാണു കമല പറഞ്ഞത്. ചിത്തി എന്ന തമിഴ് വാക്ക് ഉപയോഗിച്ചതു ലോകമെങ്ങും തമിഴ് സമൂഹം ആഘോഷിച്ചു. അമേരിക്കയിൽ കൂടുതൽ പേരും ഗൂഗിളിൽ തെരഞ്ഞവാക്കും ചിത്തി തന്നെ.

# നമ്മുടെ സാക്ഷര കേരളത്തിനെന്തു പറ്റി?

എത്സി ബേബി

വളരെ ദുഃഖത്തോടുകൂടിയാണ് ഈ വരികൾ എഴുതുന്നത്. കാരണം ഞാൻ ജനിച്ചു വളർന്ന കേരളം ഇങ്ങനെയൊന്നുമല്ലായിരുന്നു. "മാവേലി നാടു വാണിടും കാലം"! "എന്റെ പൂർവ്വ പിതാക്കന്മാർ ജീവിച്ചിരുന്ന കാലം"! എന്തിനേറെ- ഈ എഴുത്തുകാരി ജനിച്ചു വളർന്ന ചെറുപ്പകാലം! എത്ര മനോഹരമായിരുന്നു! ഓർക്കുമ്പോൾ ഹൃദയത്തിനു കൗതുകം നൽകുന്ന ആ നല്ല കാലം! നിർഭാഗ്യവശാലോ ഗതികേടുകൊണ്ടോ ചെറു പ്രായത്തിൽതന്നെ കേരളം വിടേണ്ടിവന്നെങ്കിലും തിരിഞ്ഞു നോക്കിക്കൊണ്ട് മനം കുളിർക്കുന്ന നല്ല നല്ല ഓർമ്മകൾ അയവിറക്കാവുന്ന മനോഹരമായ കൊച്ചുകേരളം! ഞാൻ ജനിച്ചു വളർന്ന കുട്ടുകുടുംബം! അയൽവാസികൾ! പഠിച്ചിരുന്ന സ്കൂൾ! ആരാധിച്ചിരുന്ന ദേവാലയങ്ങൾ, അമ്പലങ്ങൾ, പള്ളികൾ, എന്റെ സമപ്രായരായ കൂട്ടുകാർ! ബന്ധുമിത്രാദികൾ, കുടുംബാംഗങ്ങൾ! എല്ലാം എത്ര നല്ലതായിരുന്നു എന്ന് എന്റെ മക്കളോടും കൊച്ചുമക്കളോടുമൊക്കെ വർണ്ണിച്ചു വിവരിച്ചു പറയുമ്പോൾ അവർ കൗതുകത്തോടെ അവയൊക്കെ കേൾക്കാൻ കൊതിച്ചിരുന്നു. എന്നാൽ ഇന്ന് അവയൊക്കെ കേവലം കിഴവിക്കഥകളായിപ്പോയതോർത്തു ദുഃഖിക്കുന്നു.

എന്റെ ചെറുപ്പകാലത്ത് ഞങ്ങളുടെ ഗ്രാമത്തിൽ ലജ്ജാകരമായ ഒരു സംഭവം നടന്നു അപ്പോൾ എന്റെ അമ്മ പറഞ്ഞ ഒരു വാക്ക് ഇന്നെന്നപോലെ ഓർക്കുന്നു. "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ"! എത്രയോ വർഷങ്ങൾക്കുമുമ്പ് പരിശുദ്ധനായ ദൈവം തന്റെ തിരുവചനത്തിലൂടെ അരുളിച്ചെയ്ത ഈ വാക്കുകളുടെ അർത്ഥം അന്നെനിക്കു മനസ്സിലായില്ലായിരുന്നു.

പക്ഷേ, വലിയ ഉന്നത വിദ്യാഭ്യാസമോ പഠിപ്പോ ഒന്നും ഇല്ലാതിരുന്ന എന്റെ അമ്മയ്ക്ക് അതിന്റെ അർത്ഥം അറിയാവുന്നതുകൊണ്ടായിരുന്നു ആ വേദവാക്യം അന്ന് യഥോചിതം പ്രസ്താവിച്ചത്.

ഇന്ന് മൃഗങ്ങൾപോലും ചെയ്യാൻ മടിക്കുന്ന ഹീനകൃത്യങ്ങളാണ് മാന്യന്മാരെന്നു നടിക്കുന്ന മനുഷ്യർ കാട്ടിക്കൂട്ടുന്നതെന്നതാണത്ഭുതം! സാമൂഹികതിന്മകളും ധാർമ്മികാധഃപതനവും വർദ്ധിച്ചു ധാർമ്മികമൂല്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാക്ഷരകേരളം ഇത്രമാത്രം അധഃപതിച്ചുപോയല്ലോ എന്നോർക്കുമ്പോൾ ദുഃഖിച്ചുപോകുകയാണ്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും മറ്റും നടക്കുന്ന സംഭവങ്ങൾ കേൾക്കുമ്പോൾ "ദൈവത്തിന്റെ സ്വന്തം നാട്" എന്നു പറഞ്ഞിരുന്ന കേരളത്തെക്കുറിച്ച് അഭിമാനം കൊള്ളുമായിരുന്നു. എന്നാൽ ഇപ്പോൾ അതു പിശാചിന്റെ നാടായി മാറിപ്പോയിരിക്കുന്നു എന്നോർക്കുമ്പോൾ ഖേദിക്കുകയല്ലാതെ എന്തു ചെയ്യും?.

എന്താണ് നമ്മുടെ നല്ല കേരളം ഇങ്ങനെ അധഃപതിക്കാനുള്ള കാരണം? വിദ്യാഭ്യാസം പുരോഗമിച്ചതാണോ? സാമ്പത്തികമായി ഉന്നതനിലവാരത്തിലേക്കുയർന്നതോ? പരിഷ്കാരങ്ങളും സംസ്കാരങ്ങളും പുരോഗമിച്ച് നമ്മുടെ പാരമ്പര്യങ്ങളേയും കുടുംബബന്ധങ്ങളേയും ചവിട്ടിത്താഴ്ത്തി നവീനോപദേശങ്ങളുടെയും നൂതനകണ്ടുപിടുത്തങ്ങളുടെയും വിദേശ സംസ്കാരങ്ങളുടെയും പിന്നാലെപോയതാണോ? പണ്ടൊക്കെ നമ്മുടെ ഒരു കുടുംബത്തിലേക്കു കയറിച്ചെന്നാൽ വാർദ്ധക്യത്തിലുള്ള കാർന്നോന്മാർ! അവരെ മാനിച്ചും സംരക്ഷിച്ചും കരുതിയും വന്നിരുന്ന അവരുടെ മക്കൾ! കുടുംബം നിറയെ മക്കളും മാതാപിതാക്കളും അന്യോന്യം സ്നേഹിച്ചും മാനിച്ചും അവരവ



ലേഖിക

രുടെ ചുമതലകൾ നിർവഹിച്ചും കൂടുമ്പോൾ ഇമ്പം എന്നു പറയത്തക്ക കുടുംബാന്തരീക്ഷം! അയല്ക്കാരും നാട്ടുകാരുമെല്ലാം അന്യോന്യം അറിഞ്ഞും കയറി ഇറങ്ങി സൗഹൃദം പുലർത്തിയിരുന്ന ഗ്രാമവാസികൾ! നാട്ടിൽ നടക്കുന്ന വിവാഹങ്ങൾ, ഉത്സവങ്ങൾ, മതാചാരങ്ങളെല്ലാം ജാതിമത വർണ്ണഭേദമില്ലാതെ സഹകരിച്ചും സഹായിച്ചും സന്തോഷിച്ചും നടത്തിയിരുന്ന നല്ലകാലം!

ചില മദ്യപാനികളും വഴക്കാളികളും അനുസരണം കെട്ടമക്കളും ഒക്കെ അങ്ങിങ്ങായി ഉണ്ടായിരുന്നു. അവരെയെല്ലാം കൈകാര്യം ചെയ്യാൻ കരുത്തുള്ള "കാർന്നോന്മാരും" അന്നുണ്ടായിരുന്നു. അവരെ എല്ലാവരും മാനിക്കയും ഭയക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ള നമ്മുടെ സാക്ഷരകേരളത്തിന്റെ അവസ്ഥ ഇന്ന് എത്രയോ വികലമായിപ്പോയിരിക്കുന്നു. വിദ്യാഭ്യാസ യോഗ്യതകളോടൊപ്പം ഉന്നത ഉദ്യോഗങ്ങളും സമ്പത്തും വർണ്ണശബളങ്ങളായ കെട്ടിടങ്ങളും വ്യാപാരകേന്ദ്രങ്ങളും ആധുനിക കണ്ടുപിടുത്തങ്ങളായ ടെലഫോൺ, ടി.വി. വാർത്താമാധ്യമങ്ങളുമെല്ലാം പുരോഗമിച്ചതോടെ അവയൊക്കെ ദൈവാനുഗ്രഹങ്ങളായി കരുതി എങ്കിലും അവയൊക്കെ വികലമാക്കി പൈശാചിക ചേഷ്ടകളാക്കി മാറ്റി, കുടുംബങ്ങളേയും വ്യക്തികളേയും സമൂഹത്തേയും സാമൂഹികമര്യാദകളേയും മലിനമാക്കി. ഇന്ന് അധർമ്മങ്ങളുടേയും അകൃത്യങ്ങളുടെയും കേളീരംഗമായി മാറിപ്പോയി എന്നതാണ് വേദനാകരം!

ജനിപ്പിച്ച അപ്പൻ സ്വന്തം മകളെ ലൈംഗികചൂഷണം ചെയ്യുന്നു. നൊന്തുപ്രസവിച്ച അമ്മമാർ കാമഭ്രാന്തിളകി സ്വന്തം മക്കളെ തല്ലിക്കൊന്ന് കാമുകന്മാരുടെ പുറകെ പോകുന്നു. വയോധികൻ പിഞ്ചുകുഞ്ഞുങ്ങളെ ലൈംഗികചൂഷണം ചെയ്യുന്നു. മദ്യപാനം, ലഹരിമരുന്നുകൾ, വിഷവിഭവങ്ങൾ സുലഭമായി പരസ്യമായി വിറ്റഴിക്കുന്നു. അവയിൽ ആർത്തിപൂണ്ട് ജനം സമനില തെറ്റി മൃഗതുല്യരായിത്തീർന്നിരിക്കുന്നു. വിശ്വസിക്കാൻ പറ്റാത്ത ഗുരുക്കന്മാർ, മതാദ്ധ്യക്ഷന്മാർ, പുരോഹിതന്മാർ എന്തിനേറെ സുരക്ഷിതം ലവലേശമില്ലാത്ത കുടുംബാന്തരീക്ഷം.

വിദ്യാലയങ്ങൾ, ദേവാലയങ്ങൾ! അനാവശ്യമായ ആഡംബരങ്ങൾക്കും ആർഭാടങ്ങൾക്കുമായി പണം വാരി എറിയുമ്പോൾ ഒരു വശത്ത് ഭവനങ്ങളില്ലാതെ ശരിക്കു ഭക്ഷിപ്പാനാഹാരമില്ലാതെ സ്വന്തം മക്കളുടെ വിവാഹം പോലും നടത്തുവാനാകാതെ ഞെരുങ്ങുന്ന മനുഷ്യജീവിതങ്ങൾ!

പ്രായമായ മാതാപിതാക്കളെ വഴിയിലിറക്കിവിട്ടു മാന്യരായി സുഖലോലുപതയിൽ കഴിയുന്ന മക്കൾ! ഭാര്യാഭർത്താക്കന്മാർ തമ്മിൽതല്ലി വിവാഹമോചനം നേടി മക്കളെ അനാഥാലയങ്ങളിലാക്കുന്ന ക്രൂരഹൃദയന്മാർ! മൃഗങ്ങളേയും പക്ഷികളേയും നോക്കി പാഠം പഠിക്കത്തക്ക പ്രകൃതിപോലും നമ്മുടെ മുമ്പാകെ ലജ്ജിച്ചു നാണിച്ചു നില്ക്കുകയല്ലേ? മുട്ടയിടാൻ കാലമാകുമ്പോൾ പക്ഷികൾ സുരക്ഷിതസ്ഥാനം നോക്കി കൂടുണ്ടാക്കി മുട്ടയിട്ടു വിരിയിച്ച് തള്ളപക്ഷിയും ഇണയും ചേർന്ന് കുഞ്ഞുങ്ങളെ പോറ്റിവളർത്തി പറപ്പിച്ചുവിടുന്നതു കാണാൻ കണ്ണുള്ളവരുണ്ടോ? മൃഗങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു മുലയൂട്ടുമ്പോൾ ആരെങ്കിലും അടുത്തുചെന്നാൽ അവരെ തുരത്തി ഓടിച്ചു കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതു കണ്ടുപഠിക്കേണ്ടതല്ലേ?

നമ്മുടെയൊക്കെ വീടുകളിൽ വളർത്തുന്ന കോഴികൾ മുട്ടയിട്ട് പൊരുന്നി അടയിരുന്ന് എത്ര സഹനത്തോടും ത്യാഗത്തോടും കൂടെയാണ് മുട്ടകൾ വിരിയിക്കുന്നത്. കോഴി തന്റെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതു വിവരിക്കേണ്ടതില്ലല്ലോ. ഇവയൊക്കെ കണ്ടാലും കേട്ടാലും പഠിക്കാത്ത മാനഹീനനായ മനുഷ്യൻ മൃഗതുല്യമെന്നുപോലും പറയാൻ പറ്റാത്ത അവസ്ഥ!

നമ്മുടെയൊക്കെ സമൂഹത്തിൽ നടക്കുന്ന അധർമ്മങ്ങൾ പെരുകിവരികയല്ലേ? യുവതലമുറകളെ നോക്കി വിമർശിക്കുകയും കുറ്റംപറയുകയും ചെയ്യുമ്പോൾ ഒരു കാര്യം ഓർക്കണം. ഇതിനൊക്കെ ഉത്തരവാദികൾ അവരുടെ മാതാപിതാക്കൾതന്നെയല്ലേ? അവർ വളരുന്ന അന്തരീക്ഷമാകുന്നു അവരെ വഷളാക്കുന്നത്. മാതാപിതാക്കൾ, മതാദ്ധ്യക്ഷന്മാർ, ഗുരുക്കന്മാർ ഇവരൊക്കെയാണ് മാനസാന്തരപ്പെടേണ്ടത്.

ഇന്നു നാം അഭിമുഖീകരിക്കുന്ന പ്രകൃതിക്ഷോഭങ്ങൾ, പകർച്ചവ്യാധികൾ, മാരക രോഗങ്ങൾ, ക്ഷാമം, ഭൂകമ്പം ഇവയെല്ലാം സർവ്വശക്തനായ ദൈവം അധർമ്മികളുടെ കണ്ണുകൾ തുറക്കാൻ അനുവദിക്കുന്നതാണെന്നു പറഞ്ഞാൽ നെറ്റി ചുളിക്കേണ്ട ആവശ്യമില്ല. ലോകം അതിന്റെ അന്ത്യത്തിലേക്കുനീങ്ങുകയാണ്. ദൈവത്തെ ഭയന്നു, ഭയഭക്തിയിൽ നന്മചെയ്തും, ദൈവത്തെ ആരാധിച്ചും പ്രാർത്ഥിച്ചും വിളിച്ചപേക്ഷിച്ചും ജീവിച്ച് രക്ഷപ്രാപിക്കുക. ദൈവം അധർമ്മികളെ ഉന്മൂലനാശം ചെയ്യും എന്നതിന്റെ ഉദാഹരണമാണ് നോഹയുടെ കാലത്തെ ജലപ്രളയവും സോദോം ഗൊമോറയുടെ നാശവും എന്നോർക്കുക. നാശത്തിലേക്കു പോകുന്നവരെ ഓർത്തു ദുഃഖിച്ചു കരഞ്ഞു പ്രാർത്ഥിക്കുന്നതോടൊപ്പം നമ്മിലേക്കു വിരൽ ചൂണ്ടി നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തി ദൈവത്തിനു പ്രസാദമുള്ള ജീവിതം കാഴ്ചവെക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

## ഹൂസ്റ്റൺ മലയാളം സൊസൈറ്റിയുടെ

# ചിരി ഒരു ഔഷധം

മണ്ണിക്കരോട്ട്

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ ഭാഷാസ്നേഹികളുടെ സംഘടനയായ മലയാളം സൊസൈറ്റിയുടെ 2020-ലെ ആഗസ്റ്റ് മാസ സമ്മേളനം 9ന് ഞായറാഴ്ച വൈകിട്ട് 4ന് കോൺഫറൻസ് കോളിലൂടെ നടത്തി. പങ്കെടുത്ത എല്ലാവർക്കും ജോർജ് മണ്ണിക്കരോട്ട് സ്വാഗതം ആശംസിച്ചു. ആദ്യമായി മലയാളം സൊസൈറ്റിയിലെ അംഗങ്ങൾ ഏറ്റവും പുതുതായി എഴുതിയ പുസ്തകങ്ങളെക്കുറിച്ച് സ്വയം പരിചയപ്പെടുത്തി. നൈനാൻ മാത്തുള്ള അദ്ദേഹത്തിന്റെ വെളിപ്പാടുപുസ്തക വ്യാഖ്യാനവും ജോൺ കുന്തറ അദ്ദേഹത്തിന്റെ "Stories Appa Told" എന്ന ഇംഗ്ലീഷ് പുസ്തകവും അവതരിപ്പിച്ചു.

'മിഷനറിമാർ മലയാളത്തിന്റെ വളർത്തച്ഛൻമാർ' എന്ന വിഷയം മണ്ണിക്കരോട്ടും 'ചിരി ഒരു ഔഷധം' എന്ന വിഷയം സുകുമാരൻ നായരും അവതരിപ്പിച്ചു. എ.സി. ജോർജായിരുന്നു മോഡറേറ്റർ. സംസ്കാരത്തിന്റെ സർവ്വതോന്മുഖമായ വികാസത്തിന് ഭാഷയുടെ അനസ്യൂതമായ വളർച്ച അനിവാര്യമാണ് എന്ന ആമുഖത്തോടെയാണ് മണ്ണിക്കരോട്ട് വിഷയം അവതരിപ്പിച്ചത്. ജാതിയും മതവും തീണ്ടലും തൊടീലുമൊക്കെ കൂടാതെ വികലമായ ഭാഷയും ചേർന്ന് സൃഷ്ടിച്ച കലുഷിതമായ ഒരു അന്തരീക്ഷത്തിലാണ് ദൈവസ്നേഹത്തിന്റെ സന്ദേശവുമായി മിഷനറിമാർ കേരളത്തിൽ എത്തിച്ചേരുന്നത്. ഭാഷ വളരണമെങ്കിൽ ശാസ്ത്രീയമായി നിർമിച്ച ശബ്ദകോശങ്ങളും വ്യാകരണഗ്രന്ഥങ്ങളും ഉണ്ടാകണമെന്ന യാഥാർഥ്യം മിഷനറിമാർ മനസ്സിലാക്കി. അതോടൊപ്പം ഭാഷ എല്ലാജനങ്ങളിലും ഒരുപോലെ എത്തിക്കണം. എങ്കിൽ മാത്രമേ മനുഷ്യമനസ്സിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രകാശം കടത്തിവിടാൻ കഴിയുകയുള്ളു.

കേരളത്തിലെത്തിയ മിഷനറിമാരിൽ പ്രധാനപ്പെട്ടവരെക്കുറിച്ച് വിശദീകരിച്ചു. ജർമ്മൻകാരനായ യൊവാൻ എണസ്റ്റ് ഹാങ്സിഡെൻ എന്ന അർണോസ് പാതിരി, ഐറിഷുകാരനായ റോബർട്ട് കാൽഡ്വൽ, ആഗ്ളിക്കൻ മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി, ജർമ്മൻകാരനായ ഹെർമൻ ഗുണ്ടർട്ട് തുടങ്ങിയവർ. അവരുടെ പ്രവർത്തനങ്ങൾ കേരളത്തിലെ സ്ത്രീവിദ്യാഭ്യാസത്തിനും കേരളസംസ്കാരത്തിനുതന്നെ സ്ഥായിയായ മാറ്റം വരുത്തുവാനും കഴിഞ്ഞു. ചർച്ചയിൽ പങ്കെടുത്തവർ മിഷനറിമാരുടെ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയും അതോടൊപ്പം അവരെ വിസ്മരിക്കുന്നതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

അടുത്തതായി സുകുമാരൻ നായർ അവതരിപ്പിച്ച ചിരി ഒരു ഔഷധം എന്ന വിഷയമായിരുന്നു. ജീവിതത്തിന്റെ പിരിമുറുക്കത്തിലും മുരടിപ്പിലും പ്രായത്തിന്റെ കടന്നുകയറ്റത്തിലും ചിരിക്കാൻ മറക്കുന്നവരും മറന്നവരുമാണ് മിക്കവരും എന്ന ആമുഖത്തോടെ സുകുമാരൻ നായർ പ്രഭാഷണം ആരംഭിച്ചത്. ഏറ്റവും നീളം കൂടിയ വാക്ക് Smiles ആണെന്നും അതുപോലെ യാതൊരു വിലയും നൽകാതെ ആർക്കും അനായാസേന ലഭ്യമാക്കാൻ കഴിയുന്ന ഒന്നാണ് തമിഴിൽ പുന്നകൈ എന്ന റിയപ്പെടുന്ന പുഞ്ചിരി എന്ന് അദ്ദേഹം അറിയിച്ചു. ചിരിയിലെ കള്ളച്ചിരിയെക്കുറിച്ചും പരിഹാസച്ചിരിയെക്കുറിച്ചും അദ്ദേഹം പ്രതിപാദിച്ചു. രാജാറാണി എന്ന സിനിമയിൽ ചിരിക്കില്ല എന്നു വാശിപിടിച്ച ടി.എ. മധുരത്തെ ചിരിപ്പിക്കാൻ എൻ.എസ്. കൃഷ്ണൻ അവതരിപ്പിച്ച ചിരിപ്പ് എന്ന ഗാനവും അദ്ദേഹം സദസ്യർക്കായി പങ്കുവെച്ചു. ചർച്ചയിൽ ചിരിയുടെ ഔഷധ ഗുണങ്ങളെക്കുറിച്ച് ഏവരും സംസാരിച്ചു. ആശയവിനിമയം സുഗമമാക്കാനും സ്ട്രസ്, ഡിപ്രഷൻ തുടങ്ങിയ മാനസിക രോഗങ്ങളുടെ പരിഹാരത്തിനുമൊക്കെ ചിരി ഉപകരിക്കും. ചിരി രക്തചംക്രമണം വർദ്ധിപ്പിക്കുകയും ശ്വാസകോശങ്ങളുടെ പ്രവർത്തനത്തിന് കൂടുതൽ സഹായം നൽകുമെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായി. മീറ്റിംഗിൽ എല്ലാവരും ഓരോ നർമ്മം പൊട്ടിച്ച്, ചിരി ഒരു ഔഷധത്തിന്റെ പ്രയോക്താക്കളായി.

പൊതു ചർച്ചയിൽ പൊന്നു പിള്ള, എ.സി. ജോർജ്, ജോൺ കുന്തറ, മാത്യു പന്നപ്പാറ, നൈനാൻ മാത്തുള്ള, ടി.എൻ. സാമുവൽ, തോമസ് കളത്തൂർ, സുകുമാരൻ നായർ, അല്ലി. എസ്. നായർ, കുര്യൻ മ്യാലിൽ, ജോസഫ് തച്ചാറ, ടി.ജെ. ഫിലിപ്പ്, ജെയിംസ് ചിറത്തടത്തിൽ, ജി. പുത്തൻകുരിശ് മുതലായവർ പങ്കെടുത്തു.

പൊന്നു പിള്ളയുടെ കൃതജ്ഞതാപ്രസംഗത്തോടെ സമ്മേളനം പര്യവസാനിച്ചു.

മലയാളം സൊസൈറ്റിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്:
മണ്ണിക്കരോട്ട് 281 857 9221
(www.mannickarottu.net)




# സ്ത്രീ-പുരുഷ സൗഹൃദം ഒരു മരീചികയോ?

ആണും പെണ്ണും ദൈവത്തിന്റെ പദ്ധതി. പുരുഷനു തുണയായി സ്ത്രീയെ സൃഷ്ടിച്ചുവെന്നത് പുരുഷമേധാവിത്വത്തിന്റെ ദർശനം. എന്നാൽ അവരെ പരസ്പരതുണയ്ക്കായി സൃഷ്ടിച്ചുവെന്നത് ദൈവദർശനം. പുരാതനകാലം മുതൽ ആവിഷ്കൃതമായ മിക്ക പുരാണ-ഇതിഹാസങ്ങളിലും ബൈബിളിലും ലിംഗമേധാവിത്വത്തിന്റേതായ പുരുഷദർശനം വെളിവാകുന്നു. എന്തായാലും സ്ത്രീയും പുരുഷനും രണ്ട് യാഥാർത്ഥ്യങ്ങൾ.

പരിചയങ്ങളിലൂടെ എത്തിച്ചേരാവുന്ന മറ്റൊരു തലമാണ് സൗഹൃദം. സൗഹൃദങ്ങൾ മിക്കതും ക്ഷണികം. തുടക്കം എളുപ്പം. നിലനിർത്തുക ഏറെ ആയാസകരം. സ്ത്രീ പുരുഷ പരിചയങ്ങൾ സമൂഹജീവിതത്തിന്റെ ഭാഗം. തൊഴിൽ, യാത്ര, പാർക്കുകൾ, കളിക്കളങ്ങൾ, ഷോപ്പിംഗ്മാളുകൾ, ദൈവാലയങ്ങൾ, ആതുരശുശ്രൂഷാസ്ഥാപനങ്ങൾ ഇങ്ങനെ സമഗ്രമേഖലകളിലും സ്ത്രീപുരുഷ സംഗമം പരിചയങ്ങൾക്ക് വഴിയൊരുക്കുന്നു.

എന്നാൽ സൗഹൃദതലത്തിലേക്കുള്ള പരിണാമം സ്ത്രീപുരുഷന്മാർക്കിടയിൽ സാധിക്കുമോ? പരിചയങ്ങൾക്ക് പശ്ചാത്തലമായി പല സാമൂഹികതലങ്ങൾ ഉണ്ട്. സൗഹൃദങ്ങൾ വൈയക്തികമായ അനുഭവം. ഇങ്ങനെയുള്ള സൗഹൃദങ്ങൾ ആരോഗ്യകരമായും വിജയപ്രദമായും നിലനിൽക്കുന്നുണ്ടോ? ഇല്ലെങ്കിൽ കാരണങ്ങൾ എന്തൊക്കെ? നാം ചിന്തിച്ചിട്ടുണ്ടോ?

സ്ത്രീപുരുഷ സൗഹൃദങ്ങളുടെ സ്വഭാവം ഒരു വ്യക്തിയുടെ ജീവിതഘട്ടങ്ങൾക്കനുസരിച്ച് മാറുന്നു. കൗമാരത്തിലെയും യൗവനത്തിലെയും സമീപനം മദ്ധ്യവയസ്കരിൽ മാറുന്നു. സൗഹൃദത്തിന്റെ ഉദ്ദേശ്യത്തിലും സ്വഭാവത്തിലും പ്രായഭേദം വ്യത്യാസങ്ങൾ ഉളവാക്കുന്നു.

മാന്യതയുടെയും ഔന്നത്യത്തിന്റെയും മുഖവുമായിട്ടാണ് സൗഹൃദതുടക്കം. പുരുഷൻ-സ്ത്രീ എന്ന രണ്ട് വ്യക്തികൾ മാത്രമാണ് ഇതിലെ ഘടകങ്ങൾ. ജൈവിക വ്യത്യാസങ്ങളെപ്പോലെ സൗഹൃദമനോഭാവത്തിലും സ്ത്രീ-പുരുഷ അന്തരം ഉണ്ടാകുന്നു. സൗഹൃദത്തിൽ പുരുഷൻ മനസ്സിൽ കരുതുന്ന തീവ്രപ്രണയാഭിലാഷങ്ങളും സ്വപ്നങ്ങളും സത്രീ തിരിച്ചറിയുന്നില്ല. തന്റെ മനോഭാവങ്ങൾ തിരിച്ചറിയാത്ത ഒരാളുമായാണ് തന്റെ സൗഹൃദമെന്ന് പുരുഷനും അറിയുന്നില്ല. യാഥാർത്ഥ്യങ്ങളിൽ നിന്ന് ഏറെ അകലത്തിൽ ഈ സൗഹൃദപങ്കാളികൾ മുന്നോട്ടുപോകുന്നു. അതുപോലെ കരുതലും സുരക്ഷിതത്വവും സൗഹൃദഭക്ഷണവേളകളും സമ്മാനമുദ്രകളും ഒക്കെ സൗഹൃദത്തിൽ പ്രതീക്ഷിക്കുന്ന സ്ത്രീമനസ്സിനെ വായിച്ചെടുക്കുവാൻ കഴിയാത്ത പുരുഷസൗഹൃദപങ്കാളികളും.

തിരിച്ചറിയപ്പെടാത്ത പ്രതീക്ഷകൾ സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്ന നിരാശയും വൈരാഗ്യബോധവും സൗഹൃദങ്ങളിലെ കാൻസർബാധയാണ്. അങ്ങോട്ട് ഉണ്ടെന്ന് മനസ്സിൽ കരുതിയത് ഇങ്ങോട്ട് ഉണ്ടാകുന്നില്ലായെന്ന ബോധം സൗഹൃദങ്ങളുടെ തായ്വേരുകൾ നശിപ്പിക്കുന്നു. പരസ്പര അന്ധത ഇവിടെ വ്യക്തം. പുരുഷന്റെ അമിതപ്രതീക്ഷകളും സ്ത്രീയുടെ പ്രതീക്ഷകളിലെ സാധാരണത്വവും തമ്മിലുണ്ടാകുന്ന പൊരുത്തക്കേട് മിക്ക സൗഹൃദങ്ങൾക്കും വിലങ്ങുതടി.

മാന്യതയുടെയും ഔന്നത്യത്തിന്റെയും മുഖവുമായിട്ടാണ് സൗഹൃദതുടക്കം. പുരുഷൻ-സ്ത്രീ എന്ന രണ്ട് വ്യക്തികൾ മാത്രമാണ് ഇതിലെ ഘടകങ്ങൾ. ജൈവിക വ്യത്യാസങ്ങളെപ്പോലെ സൗഹൃദമനോഭാവത്തിലും സ്ത്രീ-പുരുഷ അന്തരം ഉണ്ടാകുന്നു. സൗഹൃദത്തിൽ പുരുഷൻ മനസ്സിൽ കരുതുന്ന തീവ്രപ്രണയാഭിലാഷങ്ങളും സ്വപ്നങ്ങളും സത്രീ തിരിച്ചറിയുന്നില്ല. തന്റെ മനോഭാവങ്ങൾ തിരിച്ചറിയാത്ത ഒരാളുമായാണ് തന്റെ സൗഹൃദമെന്ന് പുരുഷനും അറിയുന്നില്ല. യാഥാർത്ഥ്യങ്ങളിൽ നിന്ന് ഏറെ അകലത്തിൽ ഈ സൗഹൃദപങ്കാളികൾ മുന്നോട്ടുപോകുന്നു. അതുപോലെ കരുതലും സുരക്ഷിതത്വവും സൗഹൃദഭക്ഷണവേളകളും സമ്മാനമുദ്രകളും ഒക്കെ സൗഹൃദത്തിൽ പ്രതീക്ഷിക്കുന്ന സ്ത്രീമനസ്സിനെ വായിച്ചെടുക്കുവാൻ കഴിയാത്ത പുരുഷസൗഹൃദപങ്കാളികളും.

സൗഹൃദങ്ങളെ പ്രണയാത്മകമായി സ്വപ്നം കാണുന്നവരിൽ യുവാക്കളുടെ പത്തിരട്ടിയാണ് മദ്ധ്യവയസ്കരായ പുരുഷന്മാർ. ജീവിതത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ അവർ നേരിടുന്ന വൈകാരിക പ്രശ്നങ്ങളും നഷ്ടബോധങ്ങളും ഇതിന്റെ കാരണമാകാം. പുരുഷൻ സ്വയം സൃഷ്ടിക്കുന്ന മിഥ്യാബോധത്തിന്റെ നേട്ടങ്ങൾ സ്ത്രീയിൽ ഉളവാക്കുന്ന നഷ്ടബോധത്തിന്റെ പ്രതികരണം സൗഹൃദങ്ങളെ അലോസരമാക്കുന്നു. പങ്കാളികളുടെ ലക്ഷ്യത്തിലും താല്പര്യത്തിലുമുള്ള വ്യത്യസ്ത സൗഹൃദങ്ങളെ പ്രശ്നസങ്കീർണ്ണമാക്കുന്നു. ഒരാളുടെ നേട്ടം മറ്റേയാൾക്ക് ബാദ്ധ്യതയായി മാറുന്നു. മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന മാനവരാശിയുടെ മുൻപിൽ സ്ത്രീ-പുരുഷ സൗഹൃദം എക്കാലവും ഒരു മരീചികയാണോ? ഒരുമിച്ച് ജീവിക്കാൻ ഈശ്വരൻ കല്പിച്ച ഈ രണ്ട് യാഥാർത്ഥ്യങ്ങൾക്ക് പൊരുത്തപ്പെടലിന്റെ സൗഹൃദം എക്കാലവും നിഷിദ്ധമോ? എങ്കിൽ ഒരു പുനർവിചിന്തനം വേണ്ടേ?

ദൈവസൃഷ്ടിയുടെ രണ്ട് മാനുഷിക വ്യത്യസ്തകൾ ആണ് സ്ത്രീപുരുഷന്മാർ. സാമൂഹിക-കുടുംബജീവിതത്തിലെ പരസ്പരപൂരകമായ രണ്ട് യാഥാർത്ഥ്യങ്ങൾ. താരതമ്യത്തിനോ പുരുഷ നിർമ്മിത പരമ്പരാഗത സങ്കല്പങ്ങൾക്കോ ഇവിടെ സ്ഥാനമില്ല. അവരുടേതായ പരിധിക്കുള്ളിൽ രണ്ടുകൂട്ടരും പൂർണ്ണർ. ആരും പ്രബലരോ അബലരോ ആകുന്നില്ല. തുല്യതാവാദത്തിനോ സംവരണത്തിനോ പ്രസക്തി ഉണ്ടാകാത്ത സാമൂഹിക പരിവർത്തനമാണിവിടെ ആവശ്യം. പുരുഷാധീനതയിലുള്ള മതാചാര ദർശനങ്ങളുടെ ഉല്പന്നമായ ഇന്നത്തെ ആരാധനാ സങ്കല്പങ്ങൾ പൊളിച്ചെഴുതണം. ആരുടെയും ഔദാര്യമോ പരിഗണനയോ, സംവരണമോ സ്ത്രീസമൂഹത്തിന് ആവശ്യമില്ല. അവൾ സർവ്വസ്വതന്ത്രയായി മാറണം.

ദൈവസൃഷ്ടിയുടെ രണ്ട് മാനുഷിക വ്യത്യസ്തകൾ ആണ് സ്ത്രീപുരുഷന്മാർ. സാമൂഹിക- കുടുംബജീവിതത്തിലെ പരസ്പരപൂരകമായ രണ്ട് യാഥാർത്ഥ്യങ്ങൾ. താരതമ്യത്തിനോ പുരുഷ നിർമ്മിത പരമ്പരാഗത സങ്കല്പങ്ങൾക്കോ ഇവിടെ സ്ഥാനമില്ല. അവരുടേതായ പരിധിക്കുള്ളിൽ രണ്ടുകൂട്ടരും പൂർണ്ണർ. ആരും പ്രബലരോ അബലരോ ആകുന്നില്ല. തുല്യതാവാദത്തിനോ സംവരണത്തിനോ പ്രസക്തി ഉണ്ടാകാത്ത സാമൂഹികപരിവർത്തനമാണിവിടെ ആവശ്യം. പുരുഷാധീനതയിലുള്ള മതാചാര ദർശനങ്ങളുടെ ഉല്പന്നമായ ഇന്നത്തെ ആരാധനാ സങ്കല്പങ്ങൾ പൊളിച്ചെഴുതണം. ആരുടെയും ഔദാര്യമോ പരിഗണനയോ, സംവരണമോ സ്ത്രീസമൂഹത്തിന് ആവശ്യമില്ല. അവൾ സർവ്വസ്വതന്ത്രയായി മാറണം.

ഈ പശ്ചാത്തലത്തിൽ വേണം സ്ത്രീപുരുഷ സൗഹൃദങ്ങളെ നാം വിലയിരുത്തേണ്ടത്. സ്ത്രീയും പുരുഷനും മനുഷ്യരാണെങ്കിൽ അവരുടെ സൗഹൃദം അംഗീകരിക്കപ്പെടേണ്ടതാണ്. എന്നാൽ ഉള്ളിൽക്കിടക്കുന്ന ഉപഭോഗ-അടിമത്ത മനോഭാവത്തോടെയുള്ള സൗഹൃദലക്ഷ്യമാണ് പ്രശ്നസങ്കീർണ്ണതയ്ക്ക് കാരണം. എല്ലാവർക്കും ആരുമായും സൗഹൃദം സാധ്യമാകില്ല.

സൗഹൃദപങ്കാളികളുടെ സൗഹൃദ ഉദ്ദേശ്യം പൊരുത്തപ്പെടണം. പങ്കാളിയെ നന്നായി പഠിക്കണം. ഉൾക്കൊള്ളണം. അത് സാധ്യമല്ലെങ്കിൽ സൗഹൃദം വെറും പരിചയം മാത്രമായി നിലനിർത്തണം. പരസ്പരഇടപെടലിലൂടെ സൗഹൃദതാല്പര്യങ്ങൾ രണ്ടുപേരും മനസ്സിലാക്കണം. പൊരുത്തപ്പെടില്ലായെന്ന് മനസ്സിലാക്കിയാൽ സൗഹൃദത്തിൽ നിന്ന് വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം രണ്ടുപേർക്കും ഉണ്ടാകണം. നിർബന്ധത്തിനോ, അടിച്ചേൽപ്പിക്കലിനോ, സഹതാപത്തിനോ സ്ഥാനം ഉണ്ടാകരുത്. വിട്ടുനിൽക്കൽ ശത്രുതയ്ക്ക് മുഖാന്തരം ആകരുത്. ഒരാളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും മറ്റേയാളിന്റെ ചെലവിൽ നടത്തിയെടുക്കാൻ പാടില്ല. അഭിലാഷങ്ങളിലും താല്പര്യങ്ങളിലും സമാനത ഉണ്ടാകണം. ഒരേ താല്പര്യം നിലനിൽക്കുന്ന സൗഹൃദബന്ധങ്ങൾ മാത്രമേ പരിപോഷിക്കയുള്ളൂ.

സൗഹൃദപങ്കാളികളുടെ സൗഹൃദ ഉദ്ദേശ്യം പൊരുത്തപ്പെടണം. പങ്കാളിയെ നന്നായി പഠിക്കണം. ഉൾക്കൊള്ളണം. അത് സാധ്യമല്ലെങ്കിൽ സൗഹൃദം വെറും പരിചയം മാത്രമായി നിലനിർത്തണം. പരസ്പരഇടപെടലിലൂടെ സൗഹൃദതാല്പര്യങ്ങൾ രണ്ടുപേരും മനസ്സിലാക്കണം. പൊരുത്തപ്പെടില്ലായെന്ന് മനസ്സിലാക്കിയാൽ സൗഹൃദത്തിൽ നിന്ന് വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം രണ്ടുപേർക്കും ഉണ്ടാകണം. നിർബന്ധത്തിനോ, അടിച്ചേൽപ്പിക്കലിനോ, സഹതാപത്തിനോ സ്ഥാനം ഉണ്ടാകരുത്. വിട്ടുനിൽക്കൽ ശത്രുതയ്ക്ക് മുഖാന്തരം ആകരുത്. ഒരാളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും മറ്റേയാളിന്റെ ചെലവിൽ നടത്തിയെടുക്കാൻ പാടില്ല. അഭിലാഷങ്ങളിലും താല്പര്യങ്ങളിലും സമാനത ഉണ്ടാകണം. ഒരേ താല്പര്യം നിലനിൽക്കുന്ന സൗഹൃദബന്ധങ്ങൾ മാത്രമേ പരിപോഷിക്കയുള്ളൂ.

സൗഹൃദത്തിലൂടെ രണ്ടുപേർക്കും നേട്ടവും വളർച്ചയും അനിവാര്യം. സ്വയം കല്പിക്കുന്ന വിലക്കുകളും അതിർവരമ്പുകളും ഉണ്ടാകണം. ഒരാളിനായി അത് ലംഘിക്കപ്പെടുവാൻ പാടില്ല. മാനസിക വളർച്ചയും പാകതയും സാമൂഹികാവബോധവും നല്ല ബന്ധങ്ങളുടെ മുഖമുദ്രയാണ്.

ആരോഗ്യപരമായ സൗഹൃദം പുലർത്താൻ കഴിയാത്തവർ അതിന് തുനിയരുത്. രഹസ്യ ഗൂഢോദ്ദേശ്യങ്ങൾ ഉള്ളവരിൽ എപ്പോഴും കുറ്റബോധം ഒളിഞ്ഞിരിക്കും. അത് താളപ്പിഴകളിലേക്ക് നയിക്കും.

സ്ത്രീയും പുരുഷനും തമ്മിൽ ഒരിക്കലും സൗഹൃദം പാടില്ലായെന്ന നിഗമനം തന്നെ അനാരോഗ്യപ്രവണതയാണ്. വ്യക്തികൾ എന്ന നിലയിൽ പരസ്പരം ആദരിക്കുകയും സ്വകാര്യതകളിൽ അനാവശ്യമായി ഇടപെടാതിരിക്കുകയും ചെയ്യണം. സൗഹൃദപങ്കാളിയിൽ നിന്ന് ലഭിക്കുന്ന പ്രചോദക അനുഭവങ്ങൾ പലരുടെയും ജീവിതവിജയത്തിൽ സഹായകമായിട്ടുണ്ട്.

പരിചയത്തെയും സൗഹൃദത്തെയും വേർതിരിച്ചുകാണുവാൻ നമുക്ക് കഴിയണം. പരിചയക്കാർ അനവധി. സൗഹൃദം സുതാര്യവും ലക്ഷ്യോന്മുഖവുമാകണം. സൗഹൃദ പങ്കാളികൾ ഉത്തമബോദ്ധ്യത്തോടുമാത്രമേ അതിൽ പ്രവേശിക്കാവൂ. പ്രണയത്തിന്റെ കണ്ണിലൂടെയല്ലാതെ സ്ത്രീപുരുഷ സൗഹൃദത്തിന്റെ മഹത്വം ഉൾക്കൊള്ളുവാൻ നമുക്ക് കഴിയണം. സ്വയതാല്പര്യവും തീരുമാനവും മാത്രമാകണം സൗഹൃദത്തിലേക്ക് നയിക്കേണ്ടത്. പ്രേരണയോ നിർബന്ധമോ പാടില്ല. സ്വാഭാവികമായി അത് വളരുകയോ ഇല്ലാതാകുകയോ ആകാം. കുടുംബജീവിതത്തെ യാതൊരുവിധത്തിലും അത് ബാധിക്കാൻ അനുവദിക്കരുത്. നമുക്ക് കഴിയാത്തതിനെ നിഷിദ്ധം എന്ന് വിധിക്കരുത്. സമസ്തമേഖലയിലും പുരുഷനോടൊപ്പം ആയിരിക്കുന്ന സ്ത്രീയെ സൗഹൃദതലത്തിൽ മാത്രം ഒഴിച്ചുനിർത്തണമോ? കളിക്കളങ്ങൾക്ക് നിയമങ്ങൾ ഉണ്ട്. അതിന് വിധേയമായി ഒരാളുടെ ബൗദ്ധികവും വൈകാരികവും, കായികവും, ആദ്ധ്യാത്മികവുമായ കൂടിച്ചേരലാണ് കളിക്കാരനെ വിജയത്തിലേക്ക് നയിക്കുക.

ദൈവസൃഷ്ടിയിലെ അത്ഭുതപ്രതിഭാസങ്ങളാണ് സ്ത്രീയും പുരുഷനും. അദൃശ്യശക്തികളുടെ ഉറവിടമാണ് അവർ. അവരുടെ സൗഹൃദം ശക്തികളുടെ ഇരട്ടിപ്പുകൾക്കും അതിലൂടെ പ്രാപഞ്ചിക പുരോഗതിക്കും ഇടയാക്കും.





# പഞ്ചാഗ്നിയിൽ ആദ്യം തീരുമാനിച്ചത് നസറുദീൻ ഷായെ

സാഹിത്യത്തിലും സിനിമയിലും ഒരേപോലെ പ്രതിഭ തെളിയിച്ച എംടി. വാസുദേവൻ നായരുടെ പേനയിൽ നിന്നുപിറന്നുവീണ പഞ്ചാഗ്നി എന്ന സിനിമയിലും അതിലെ ഗാനങ്ങളും മലയാളികൾ എന്നുമോർക്കും. ഒഎൻവിയുടെ വരികൾക്കു ബോംബെ രവി ഈണം നൽകിയ സാഗരങ്ങളേ... എന്നു തുടങ്ങുന്ന ഗാനവും മലയാളികൾക്കു സുപരിചിതം. മോഹൻലാലിന്റെ അഭിനയജീവിതത്തിലെ വ്യത്യസ്തമായൊരു കഥാപാത്രമായിരുന്നു പഞ്ചാഗ്നിയിലെ റഷീദ്. എന്നാൽ ഈ കഥാപാത്രത്തെ അവതരിപ്പിക്കാൻ സംവിധായകനും തിരക്കഥാകൃത്തും മനസിൽ കണ്ടിരുന്നത് ബോളിവുഡ് നടൻ നസറുദ്ദീൻ ഷായെ ആയിരുന്നു.

മലയാള സിനിമയുടെ തന്നെ ഒരു വഴിത്തിരിവായിരുന്നു എം.ടി. വാസുദേവൻനായരുടെ തിരക്കഥയിൽ ഹരിഹരൻ സംവിധാനം ചെയ്ത പഞ്ചാഗ്നി എന്ന സിനിമ. 1986 ൽ റിലീസ് ചെയ്ത ഈ സിനിമ നായികാപ്രാധാന്യമുള്ള ചിത്രമായിരുന്നു. ഗീത അവതരിപ്പിച്ച ഇന്ദിര എന്ന നക്സലൈറ്റിന്റെ ജീവിതം പറയുന്ന ചിത്രത്തിൽ നായകനായിരുന്ന മോഹൻലാൽ വ്യത്യസ്തമായൊരു ഗെറ്റപ്പിലാണ് എത്തിയത്. റഷീദ് എന്ന പത്രപ്രവർത്തകന്റെ വേഷം ബോളിവുഡ് താരം നസറുദ്ദീൻ ഷായിൽ നിന്ന് എങ്ങനെ മോഹൻലാലിലെത്തി എന്നതിനെക്കുറിച്ച് ഹരിഹരൻ ഒരിക്കൽ പറഞ്ഞതിങ്ങനെ...

എംടിയുടെ തിരക്കഥയിൽ ഞാൻ സംവിധാനം ചെയ്ത രണ്ടു ചിത്രങ്ങളാണ് 1986ൽ റിലീസ് ചെയ്തത്. പഞ്ചാഗ്നിയും നഖക്ഷതങ്ങളും. ആദ്യത്തേത് താരസമ്പന്നമായ ചിത്രമായിരുന്നെങ്കിൽ നഖക്ഷതങ്ങൾ പുതുമുഖങ്ങൾ നായകരായ ചിത്രമായിരുന്നു. നഖക്ഷതങ്ങളെപോലെ പഞ്ചാഗ്നിയും എന്റെ നിർമാണ കമ്പിനിയായ ഗായത്രി ഫിലിംസ് ആണ് നിർമിക്കാൻ തീരുമാനിച്ചിരുന്നത്. അതിനുള്ള ഒരുക്കങ്ങൾക്കിടെയാണ് എം.ടി വിളിക്കുന്നത്. വിജയകുമാർ സെവൻ ആർട്സ് എന്ന നിർമാണ കമ്പനി തുടങ്ങുന്നു. ഒരു ചിത്രം അദ്ദേഹത്തിനു വേണം. പഞ്ചാഗ്നി വിജയകുമാറിനു നൽകാം. നല്ല ചിത്രങ്ങളെ തിരിച്ചറിയാൻ കഴിയുന്ന നിർമാതാവായിരുന്നു വിജയകുമാർ.



നസറുദ്ദീൻ ഷാ



മോഹൻലാൽ

പഞ്ചാഗ്നിയുടെ കഥ പൂർത്തിയായപ്പോൾ എം.ടി പറഞ്ഞിരുന്നു അതിലൊരു പത്രപ്രവർത്തകന്റെ വേഷമുണ്ടെന്ന്. ചെറിയ വേഷമാണ്. പതിവിൽ നിന്നും വ്യത്യസ്തമായി ആരെങ്കിലും ചെയ്യുകയാണു നല്ലതെന്ന് ഹരിഹരനു തോന്നി. എം.ടി യോടു പറഞ്ഞപ്പോൾ അദ്ദേഹത്തിനും സന്തോഷം.

നഖക്ഷതങ്ങളുടെയും പഞ്ചാഗ്നിയുടെയും സംഗീതത്തിന്റെ കാര്യങ്ങൾക്കായി ബോംബയിൽ പോയപ്പോൾ നസിറുദ്ദീൻ ഷായെയും കണ്ടു അഡ്വാൻസും കൊടുത്തു. വളരെ സന്തോഷത്തോടെയാണ് ഷാ മലയാളത്തിൽ അഭിനയിക്കാൻ വരാമെന്നേറ്റത്. സിനിമയുടെ സംഗീതത്തിന്റെ ചുമതല ബോംബെ രവിയെ ഏൽപിച്ചു. അങ്ങനെയിരിക്കെയാണ് നിർമാതാവ് വിജയകുമാർ വിളിക്കുന്നത്. മോഹൻലാലിന് എം.ടി- ഹരിഹരൻ ചിത്രത്തിൽ അഭിനയിക്കാൻ താൽപര്യമുണ്ടെന്ന്. ഹരിഹരനെ കാണാൻ ആഗ്രഹമുണ്ടെന്നു പറഞ്ഞു.

സിനിമയുടെ താര നിർണയം ഏകദേശം പൂർത്തിയായിരുന്നു. ഞാൻ ഇക്കാര്യം വിജയകുമാറിനോട് പറഞ്ഞു. അടുത്ത ദിവസം മോഹൻലാൽ ഹരിഹരനെ വിളിച്ചു. മദ്രാസിൽ കാണാൻ വരട്ടെയെന്ന് ചോദിച്ചു. അങ്ങനെ ലാൽ വന്നു. എന്തുകൊണ്ട് ലാലിനൊരു വേഷം കൊടുത്തുകൂടാ എന്നു ഹരിഹരൻ ചിന്തിച്ചു. എം.ടിയോട് ഇക്കാര്യം സൂചിപ്പിച്ചു. പത്രപ്രവർത്തകന്റെ വേഷം നൽകാമെന്ന് ഹരിഹരൻ പറഞ്ഞു. അത് ഷായെ ഏൽപ്പിച്ചതല്ലേയെന്ന് എം.ടി ചോദിച്ചു. ഷായ്ക്ക് അടുത്ത ഏതെങ്കിലും ചിത്രത്തിൽ അവസരം നൽകാം. റഷീദായി മോഹൻലാലിനെ തീരുമാനിക്കാമെന്ന് അവർ ഉറപ്പിച്ചു. മോഹൻലാലിന്റെ പതിവു വേഷത്തിൽ എന്തെങ്കിലും വ്യത്യാസം വേണമെന്ന് ഹരിഹരൻ ചിന്തിച്ചു. അങ്ങനെയാണ് ലാലിനോട് മീശയെടുക്കാൻ പറഞ്ഞത്. ലാലിനു സമ്മതം. കഥാപാത്രത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാൻ ലാൽ ഒരുക്കമായിരുന്നു. അങ്ങനെ ലാൽ പഞ്ചാഗ്നിയുടെ ഭാഗമായി. ആദ്യം എം.ടി ചെറിയ റോളായിരുന്നു എഴുതിയിരുന്നത്. പിന്നീടതു വികസിപ്പിച്ചു. മോഹൻലാൽ നായകനിരയിലേക്ക് ഉയർന്നു. 1986 ഫെബ്രുവരി ഒന്നിനായിരുന്നു ചിത്രം റിലീസ് ചെയ്തത്.

# കിരീടത്തിൽ അഭിനയിക്കാൻ ഭാര്യ സമ്മതിച്ചില്ല

മോഹൻലാലിന്റെ കരിയറിലെ എക്കാലത്തെയും മികച്ച ചിത്രങ്ങളിലൊന്നാണു കിരീടം. ചിത്രത്തിൽ പാർവതിയാണ് മോഹൻലാലിന്റെ ജോഡിയായെത്തിയത്.

സിബി മലയിൽ ലോഹിത ദാസ് കൂട്ടുകെട്ടിൽ 1999 ൽ പുറത്തിറങ്ങിയ കിരീടം എന്ന സിനിമയുടെ നിർമാതാക്കളിൽ ഒരാൾ ദിനേശ് പണിക്കരായിരുന്നു. ആ ചിത്രത്തിൽ അഭിനയിക്കാനുള്ള അവസരവും ആ നാളുകളിൽ ദിനേശ് പണിക്കരെ തേടിയെത്തിയിരുന്നു.

കണ്ണീർപൂവിന്റെ കവിളിൽ തലോടി എന്ന ഗാനരംഗത്തിൽ പാർവതിക്കൊപ്പം അഭിനയിക്കാൻ ആദ്യം സംവിധായകൻ പരിഗണിച്ചത് ദിനേശ് പണിക്കരെയായിരുന്നു.

എന്നാൽ ഗാനരംഗം ഷൂട്ട് ചെയ്യുന്നതിന് മുമ്പ് തന്റെ കഥാപാത്രത്തെക്കുറിച്ച് അദ്ദേഹം ഭാര്യയോട് പറഞ്ഞു. കിരീടത്തിൽ അഭിനയിക്കാൻ തനിക്ക് അവസരം കിട്ടിയെന്നാണ് ഭാര്യയോട് പറഞ്ഞത്. പാർവതിയുടെ ഭർത്താവായി അഭിനയിക്കാൻ പോവുകയാണെന്ന് തമാശ രൂപേണയാണ് പറഞ്ഞത്.



എന്നാൽ എന്തുകൊണ്ടോ ഭാര്യയ്ക്ക് അത് തമാശയായി തോന്നിയില്ല. ആ രംഗത്തിൽ അഭിനയിക്കാൻ അവർ സമ്മതിച്ചില്ല. സ്വന്തം സിനിമയിൽപ്പോലും അഭിനയിക്കാനുള്ള ധൈര്യം താൻ കാണിച്ചിരുന്നില്ല എന്നതാണ് സത്യമെന്നും ദിനേശ് തുറന്നു പറയുന്നു.

അഭിനയിക്കാൻ അറിയില്ലായിരുന്നു തനിക്ക്. കിരീടത്തിലെ വേഷം അഭിനയ പ്രാധാന്യമുള്ളതായിരുന്നില്ല. ഗാനരംഗത്തിൽ പാർവതിയുടെ കൈപിടിച്ച് നടന്നാൽ മതിയായിരുന്നു.

ഭാര്യ സമ്മതിക്കാത്തതിനാൽ ആ രംഗത്ത് അഭിനയിക്കാൻ വേറെ താരത്തെ കൊണ്ടുവരികയായിരുന്നു പണിക്കർ പറയുന്നു. നേരത്തെ ഒരു പ്രമുഖ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലായിരുന്നു ദിനേശ് പണിക്കരുടെ ഈ വെളിപ്പെടുത്തൽ.

# വയലാർ രാമവർമയുടെ ജീവിതം വെള്ളിത്തിരയിലേക്ക്

ജീവിതത്തിന്റെ അടരുകളെയെല്ലാം കാവ്യാത്മകമാക്കിയ മലയാളത്തിന്റെ പ്രിയകവി വയലാർ രാമവർമയുടെ ജീവിതം സിനിമയാകുന്നു. 'ബാല്യകാലസഖി' എന്ന ചിത്രത്തിനു ശേഷം പ്രമോദ് പയ്യന്നുർ സംവിധാനം ചെയ്യുന്ന ചിത്രം ചിങ്ങം ഒന്നിനു വയലാറിന്റെ കുടുംബാംഗങ്ങൾ പ്രഖ്യാപിച്ച്. മലയാള സിനിമയുടെ സുവർണ കാലഘട്ടത്തിന്റെ ചരിത്രാവിഷ്കാരം കൂടിയാവും ഈ ചിത്രം. സ്വകാര്യദുഃഖങ്ങളുടെ അലകളടങ്ങിയ ഒട്ടേറെ പാട്ടുകൾ വയലാറിന്റേതായുണ്ട്. ആ പാട്ടുകളുടെ തിരയടി ബയോപിക്കിനെ സംഗീതസാന്ദ്രമാക്കുമെന്നു സംവിധായകൻ പ്രമോദ് പയ്യന്നൂർ പറഞ്ഞു.



തികച്ചും ജിവിതഗന്ധിയായൊരു ചലച്ചിത്ര കാവ്യമെന്ന നിലയിലാണു തിരക്കഥയുടെ രൂപകൽപന. കവിയുടെ ജീവിതത്തിന്റെ സുപ്രധാന സംഭവങ്ങൾ, വ്യഥകൾ, ആഹ്ലാദ ങ്ങൾ, അസുലഭ മുഹൂർത്തങ്ങൾ തുടങ്ങി വയലാറിന്റെ ദീപ്തമായ കാലഘട്ടത്തിന്റെ നേർക്കാഴ്ചയാവും ഈ ചിത്രമെന്നാണ് അണിയറ പ്രവർത്തകരുടെ പ്രതീക്ഷ. പ്രമോദ് പയ്യന്നൂർ തന്നെ തിരക്കഥ എഴുതിയ ചിത്രം ലൈൻ ഓഫ് കളേഴ്സിന്റെ ബാനറിൽ എൻ.സി. അരുണും സലിൽ രാജും ചേർന്നു നിർമിക്കുന്നു. ഇന്ത്യയിലെ പ്രമുഖ സംഗീത സംവിധായകൻ പാട്ടുകൾ ചിട്ടപ്പെടുത്തുന്നു. ചിത്രത്തിന്റെ താരനിർണയം പുരോഗമിക്കുന്നതേയുള്ളൂ.


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


WHAT WE OFFER
-Convention Halls
-Banquet Halls
-Conference Hall
-Suite Rooms
-Kitchen Facility
-Parking Facilities
Grace
CONVENTION CENTER
PUNNAMOODU,
MAVELIKARA
CONTACT US:
1773-255-6196, 1773-255-6459(USA)
0479-2961000, +91 9188751000
+91 9633949676,+91 9526450001
info@graceconventioncenter.com
www.graceconventioncenter.com

# ടെസ്റ്റിലെ പിഴവ് കോവിഡ് രോഗിയാക്കി; യുവതിക്ക് നഷ്ടമായത് വ്യോമസേനയിലെ ജോലിയെന്ന സ്വപ്നം

എടത്വ: സ്വകാര്യലാബിൽ നടത്തിയ കോവിഡ് പരിശോധനയിലുണ്ടായ പിഴവ് യുവതിക്കു നഷ്ടമാക്കിയത് ഏറെ കാത്തിരുന്ന വ്യോമസേനയിലെ ജോലിയെന്ന സ്വപ്നം. തലവടി നടുവിലേമുറി ശ്രീവത്സത്തിൽ കെ.എൻ. മധുവിന്റെ മകൾ അഞ്ജലിയാണ് ക്ഷമിക്കാനാവാത്ത പിഴവിന്റെ ഇര. വ്യോമസേനാ ഓഫീസർ തസ്തികയിലേക്ക് നടന്ന എഴുത്ത് പരീക്ഷയും പ്രാഥമിക ഇന്റർവ്യൂവും പാസായ യുവതിയോട് ഓഗസ്റ്റ് 8ന് അന്തിമ ഇന്റർവ്യൂവിനും ഗ്രൂപ്പ് ഡിസ്കക്ഷൻ ഉൾപ്പെടെയുള്ള നടപടികൾക്കും ഹാജരാകാൻ അധികൃതർ അറിയിപ്പ് നൽകിയിരുന്നു. വിദ്യാഭ്യാസ സർട്ടിഫിക്കറ്റിനൊപ്പം കോവിഡ് പരിശോധന സർട്ടിഫിക്കറ്റും ഹാജരാക്കണമെന്നായിരുന്നു നിർദ്ദേശം. ഓഗസ്റ്റ് 7ന് മാവേലിക്കരയിലുള്ള ഒരു സ്വകാര്യലാബിൽ പരിശോധനയ്ക്ക് ശ്രവ സാമ്പിൾ നൽകി. പരിശോധനയിൽ കോവിഡ് പോസിറ്റീവാണെന്ന് ലാബ് അധികൃതർ ആരോഗ്യവകുപ്പിനെ അറിയിച്ചു. ആരോഗ്യവകുപ്പിന്റെ നിർദേശപ്രകാരം പോലീസിന്റെ സാന്നിധ്യത്തിൽ അഞ്ജലിയെ ആശുപത്രിയിലേക്ക് മാറ്റി. എന്നാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച യുവതിയുടെ സ്രവസാമ്പിൾ ശേഖരിച്ച് വൈറോളജിലാബിൽ നടത്തിയ പരിശോധനയിൽ കോവിഡ് നെഗറ്റീവാണെന്ന് സ്ഥിരീകരിച്ചു. ഇതോടെ വീട്ടിലേക്ക് മടക്കിയയച്ചു. സ്വകാര്യലാബിൽ അഞ്ജലി പോയദിവസം ഇതരസംസ്ഥാനത്തുനിന്നെത്തിയ മറ്റൊരു യുവാവും പരിശോധന നടത്തിയിരുന്നു. ഇയാളുടെ ഫലം നെഗറ്റീവായാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിച്ചപ്പോൾ ഇയാൾക്ക് കോവിഡ് പോസിറ്റീവാണെന്ന് കണ്ടെത്തി. യുവതിയുടെ ജോലി സ്വപ്നം പൊലിഞ്ഞതോടെ വീട്ടുകാർ ലാബിനെതിരേ പരാതിയുമായി രംഗത്ത് വന്നു. രജിസ്റ്റർ നമ്പറിലെ പിഴവാണ് കോവിഡ് പരിശോധനയിൽ പിഴവ് സംഭവിക്കാൻ കാരണമായതെന്ന് ലാബ് അധികൃതർ വീട്ടുകാരെ അറിയിച്ചത്.

# നാണയമല്ല പൃഥ്വിരാജിന്റെ മരണകാരണം

കളമശ്ശേരി: ആലുവയിൽ മൂന്നുവയസുകാരന്റെ മരണകാരണം നാണയം വിഴുങ്ങിയതല്ലെന്നു സൂചിപ്പിച്ച് രാസപരിശോധനാ റിപ്പോർട്ട്. ശ്വസംമുട്ടൽ മൂലം കുട്ടിയുടെ ശ്വാസകോശത്തിനും ഹൃദയത്തിനും നേരിയ തകരാർ ഉണ്ടായതായും കാക്കനാട് കെമിക്കൽ ലാബിൽനിന്നുള്ള ആന്തരീകാവയവ പരിശോധനാ റിപ്പോർട്ട് വ്യക്തമാക്കുന്നു. നാണയം വിഴുങ്ങിയ കുട്ടിക്ക് ചികിത്സ നിഷേധിച്ചുവെന്ന ആരോപണം വൻവിവാദത്തിന് ഇടയാക്കിയിരുന്നു. ആലുവ കടുങ്ങല്ലൂർ വളഞ്ഞമ്പലത്ത് വാടകയ്ക്ക് താമസിക്കുന്ന കൊല്ലം പൂതകുളം സ്വദേശിനി നന്ദിനിയുടെ മകൻ പൃഥ്വിരാജാണ് ആഗസ്റ്റ് രണ്ടിന് മരിച്ചത്. നാണയം വിഴുങ്ങിയ കുട്ടിയുമായി ആലുവ ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, ആലപ്പുഴ മെഡിക്കൽകോളജ് എന്നിവിടങ്ങളിൽ ചികിത്സ തേടിയെങ്കിലും നിഷേധിക്കപ്പെട്ടതായി കുട്ടിയുടെ രക്ഷിതാക്കൾ അറിയിച്ചു. മൂന്ന് ആശുപത്രികൾ കയറിയിറങ്ങിയ മാതാവിനോടും മുത്തശിയോടും വെള്ളവും പഴവും നൽകിയാൽ മതിയെന്ന് പറഞ്ഞ് ഡോക്ടർ മടക്കുകയായിരുന്നുവെന്നാണു മാതാവ് നന്ദിനി ആരോപിച്ചത്. രാവിലെ ആറ് മണിയോടെ വീട്ടുകാർ ഉണർന്നപ്പോൾ കുട്ടി അബോധാവസ്ഥയിലായിരുന്നു. ആലുവ ജില്ലാ ആശുപത്രിയിൽ വീണ്ടും എത്തിച്ചപ്പോഴേക്കും ജീവൻ നഷ്ടമായിരുന്നു.

# കന്യകൻ

(14-ാം പേജിൽനിന്നും)

ആ ഇരട്ടപ്പേര് എനിക്ക് തീറെഴുതിക്കിട്ടിയതുപോലെയുണ്ട്. കല്യാണത്തിന് മുമ്പ് ഒരു പെണ്ണിനെ ശരിക്കൊന്ന് നോക്കുകപോലും ചെയ്യാത്ത എനിക്കുവന്ന ഗതി കണ്ടില്ലേ? അതൊക്കെക്കൊണ്ടാണ് സാറേ വയസ്സുകാലത്താണെങ്കിലും എനിക്കിങ്ങനെ ഒരു പൂതിയുണ്ടായത്. സാറിനെന്നെ കുറ്റപ്പെടുത്താൻ തോന്നുന്നുണ്ടോ?"

"ഒരു ബോട്ടിൽ കൂടി ഓർഡർ ചെയ്യട്ടേ? എനിക്ക് ഒന്നുമായിട്ടില്ല. അച്ചായനാണ് കൂടുതലും പിടിപ്പിച്ചത്." ചോദിച്ചതിനല്ല ഇത്തവണയും മാഞ്ഞൂരാൻ മറുപടി നൽകിയത്.

"സാറ് ധൈര്യമായിട്ട് ഓർഡർ ചെയ്യണം. വേണമെങ്കിൽ ഈ ബാറ് മുഴുവൻ നമുക്കങ്ങ് വാങ്ങിയേക്കാം. എന്നാലും സാറെന്നെ സഹായിക്കണം. ഒരു പാട് പെണ്ണുങ്ങൾ വായിക്കുന്ന വാരികയാണ് സാറിന്റെ മോഹിനിയെന്ന് ഞാൻ കേട്ടിട്ടുണ്ട്; അതും ഇടത്തരക്കാര്. അവരിലൊക്കെ കെട്ടാതെ നിൽക്കുന്ന പെമ്പിള്ളേര് ആരെങ്കിലും കാണാതിരിക്കുമോ... സ്ത്രീധനം കൊടുക്കാൻ വശമില്ലാതെ കെട്ടാതെ നിൽക്കുന്നവരോ മറ്റോ, അങ്ങനെ ആരെങ്കിലും കാണാതിരിക്കുമോ സാറേ...? ഞാൻ പറഞ്ഞില്ലേ, പണമോ, ജാതിയോ ഒന്നും എനിക്ക് പ്രശ്നമല്ല. എനിക്ക് ആവശ്യത്തിൽ കൂടുതൽ പണമുണ്ട് സാറേ."

പീലിപ്പോസിന്റെ നാവ് നന്നായി കുഴഞ്ഞിരുന്നു. 'സീസർ രണ്ടാമന്റെ' ഗളച്ഛേദം അയാളാണ് നടത്തിയത്. സോഡ ചേർക്കാതെ രണ്ട് പെഗ് കൂടി അയാൾ വേഗത്തിൽ വലിച്ചെടുത്തു.

"അച്ചായൻ ഇത്തിരി ഓവറാകുന്നോയെന്ന് സംശയമുണ്ട് കേട്ടോ. എന്നാലും എന്റെ വാരികയുടെ പേര് തെറ്റിച്ചതിന് വിഷമമുണ്ട്. മോഹിനിയല്ല, 'മനോമോഹിനി' എന്നാണ് വാരികയുടെ പേര്." കുര്യാക്കോസ് മാഞ്ഞൂരാനും ഫോമിലാകാൻ തുടങ്ങിയെങ്കിലും 'ഒരു പേരിലെന്തിരിക്കുന്നു' എന്ന് കരുതി ഗുരുതരമായ ആ 'തെറ്റ്' അവഗണിക്കാൻ മാത്രം അയാളുടെ മനസ്സ് പരുവപ്പെട്ടിരുന്നില്ല.

"എന്ത് വേണമെങ്കിലുമായിക്കോട്ടെ. സാറിന് ഞാൻ പറഞ്ഞതുപോലെയിടാൻ പറ്റുമോ?" പീലിപ്പോസിന് അറിയേണ്ടിയിരുന്നത് അതായിരുന്നു.

"അതിരിക്കട്ടെ, ഒരു ചെറുപ്പക്കാരി കന്യകയെയൊക്കെ സംഘടിപ്പിച്ച് അമേരിക്കയിലേക്ക് ചെന്നുകഴിയുമ്പോൾ ആ കറമ്പനെങ്ങാനും അവളുടേമേൽ കണ്ണുവച്ചാലോ?" മാഞ്ഞൂരാൻ ന്യായമായൊരു സംശയം ചോദിച്ചു.

"അതോർത്ത് സാറ് പേടിയ്ക്കേണ്ട. അമേരിക്കയിലെ സെറ്റപ്പ് വേറെയാണ്. അവിടെ പിള്ളേര് വേറെ താമസിച്ചോളും. എന്തെങ്കിലും അത്യാവശ്യമുണ്ടെങ്കിലേ അവര് കാർന്നോന്മാരുടെയടുത്തേക്ക് വരികയുള്ളൂ. കൂടെത്താമസിച്ചെങ്കിലല്ലേ കറമ്പനെക്കൊണ്ട് ശല്യമുണ്ടാവുകയുള്ളൂ? നമ്മുടെ പുതുപ്പെണ്ണിനെ ഞാൻ പുറത്തുവിടുകപോലും ചെയ്യില്ല." ടേബിളിൽ വലിച്ചടിച്ചുകൊണ്ട് പീലിപ്പോസ് പ്രഖ്യാപിച്ചു.

"ഒരു കാര്യംകൂടി ചോദിച്ചോട്ടെ അച്ചായോ... ഇനിയിപ്പോൾ ഒരുത്തി അച്ചായൻ പറഞ്ഞതുപോലെയൊക്കെയാണെന്ന് പറഞ്ഞ് വന്നാലും എങ്ങനെ അത് ഉറപ്പിക്കും? ഇപ്പോഴത്തെക്കാലത്ത് ഒരു ചെറിയ സർജറികൊണ്ട് ഒപ്പിക്കാവുന്നതേയുള്ളൂ അതൊക്കെ. ഞാൻ പറയുന്നത് അച്ചായന് മനസ്സിലാകുന്നുണ്ടല്ലോ?" മാഞ്ഞൂരാൻ പ്രാക്ടിക്കലായൊരു ചോദ്യമാണ് ചോദിച്ചത്. അടുത്ത ഡ്രിങ്കെടുക്കാൻ വേണ്ടി ഗ്ലാസ് നീക്കിവെയ്ക്കാൻ തുടങ്ങിയ പീലിപ്പോസിന്റെ ഉത്തരം പെട്ടെന്നായിരുന്നു;

"അതിനൊക്കെ വലിയ പണച്ചിലവില്ലേ സാറേ.... സാറിന്റെ 'മ-' വായിക്കുന്നവരിൽ എത്രപേർക്ക് അതിനുള്ള പാങ്ങുണ്ടാവും? എന്റെ സാറേ അതൊക്കെയറിയാൻ പണ്ടുള്ളവർ മുതലേ നോക്കുന്ന ചില കാര്യങ്ങളൊക്കെയില്ലേ...." പീലിപ്പോസിന്റെ മുഖത്ത് ഗൂഢമായൊരു ചിരി വിടർന്നു.

"അച്ചായൻ ഉദ്ദേശിച്ചത്.... ഈ ഷീറ്റ്.... ബ്ലഡ്... അതൊക്കെയല്ലേ? എന്റെ അച്ചായാ, അവളൊരു കുരുട്ടുബുദ്ധിക്കാരിയാണെങ്കിൽ ഒരു ചെറിയ സെറ്റിപ്പിൻ കൊണ്ട് സാധിക്കാവുന്ന കാര്യമേയുള്ളൂ അതൊക്കെ. അച്ചായൻ ഉറങ്ങിയെണീൽക്കുമ്പോഴേയ്ക്കും സംഗതി റെഡി." അത് പറയുമ്പോൾ മാഞ്ഞൂരാന്റെ ഉരുണ്ട കണ്ണുകൾ കൂടുതൽ ചുവന്നിരുന്നു. ചുണ്ടത്ത് ഒരു ഗൂഢസ്മിതം വിടർന്നു.

പീലിപ്പോസ് മാഞ്ഞൂരാന്റെ മുഖത്തേക്ക് ഏറെ നേരം നോക്കിയിരുന്നു. പിന്നെ, കുപ്പിയിലെ അവസാനത്തെ പെഗും അയാൾ ധൃതിയിൽ അകത്താക്കി. മാഞ്ഞൂരാന്റെ സിരകളിലും ലഹരി കത്തിക്കയറിയെങ്കിലും തന്റെ നേരെ മിഴിച്ചുനോക്കിക്കൊണ്ടിരുന്ന പീലിപ്പോസിനോട് അയാൾ മെല്ലെ പറഞ്ഞു:

"അച്ചായാ, ഇനി ഞാൻ പറയുന്നത് നിങ്ങൾ ശാന്തമായി കേൾക്കണം. പഴയകാലമല്ല ഇത്. അച്ചായൻ പറയുന്നതുപോലൊരു പരസ്യം ഞങ്ങൾക്കിടാൻ പറ്റില്ല. തികച്ചും സ്ത്രീവിരുദ്ധമാണത്. വനിതാ കമ്മീഷൻ മുതൽ പെണ്ണുങ്ങളുടെ സംഘടനകൾ വരെ ഞങ്ങളെയിട്ട് പൊരിക്കും. ബോക്സ് നമ്പർ മാത്രമിടുന്നത് കൊണ്ട് അച്ചായനെ ആരും തിരിച്ചറിയില്ല. പക്ഷേ ഞങ്ങൾക്ക് എട്ടിന്റെ പണി കിട്ടും. വാരിക പിന്നെ എപ്പം പൂട്ടിയെന്ന് ചോദിച്ചാൽ മതി. അതുകൊണ്ട് തൽക്കാലം നമുക്കത് മറക്കാം. ഒന്നുകിൽ ആ ഭാഗം ഒഴിവാക്കി പരസ്യം കൊടുക്കാം. അല്ലെങ്കിൽ ഒരുകാര്യം ചെയ്യൂ. അച്ചായൻ നിങ്ങളുടെ അയൽപക്കത്തും നാട്ടിലുമൊക്കെ ഒന്ന് കാര്യമായി അന്വേഷിക്ക്. ചിലപ്പോൾ ഏതെങ്കിലും കെട്ടാമറിയത്തെ തടഞ്ഞെന്ന് വരും."

"എന്റെ അയൽപക്കത്ത് അന്വേഷിച്ച് നടക്കാനാണെങ്കിൽ തന്റെ 'മ-' മാസികയിൽ പരസ്യമിടാൻ ഞാൻ വരണമായിരുന്നോടാ നാറീ?" പീലിപ്പോസ് പൊട്ടിത്തെറിച്ചു. മാഞ്ഞൂരാൻ ചുറ്റും നോക്കി. അവിടുന്നുമിവിടുന്നും ചില ആടുന്ന തലകൾ തങ്ങളുടെ ഭാഗത്തേക്ക് എത്തിനോക്കുന്നുണ്ട്. സംഗതി 'കോംപ്ലിമെന്റാക്കി' സ്ഥലം കാലിയാക്കുന്നതാണ് ബുദ്ധി. നയത്തിൽ അയാൾ പറഞ്ഞു.

"അച്ചായൻ ഒരു കാര്യം ചെയ്യൂ. ഇപ്പോൾ ചെന്നാട്ടെ. നാളെ ഞാൻ വിളിക്കാം. മൊബൈൽ നമ്പർ തന്നായിരുന്നല്ലോ. നമുക്കൊരു വഴിയുണ്ടാക്കാമെന്നേ..."

പീലിപ്പോസിന് താൻ കബളിപ്പിക്കപ്പെടുകയാണെന്ന് മനസ്സിലായി. നിരാശയും നഷ്ടബോധവും ലഹരിയുടെ ആധിപത്യവും അയാളുടെ സമനില തെറ്റിച്ചു. ശബ്ദമുയർത്തി അയാൾ അട്ടഹസിച്ചു:

"പിന്നെയാക്കാൻ പറ്റില്ല. ഇപ്പോ പറയണം. തനിക്ക് ഞാൻ പറഞ്ഞതുപോലെ ചെയ്യാൻ പറ്റുമോ?"

മാഞ്ഞൂരാൻ വെട്ടിമുറിച്ച് ഉടൻ മറുപടി കൊടുത്തു.

"നടപ്പില്ല മിസ്റ്റർ."

"എന്നാൽപ്പിന്നെ തനിക്കിത് രാവിലെ തന്നെ പറയാൻ പാടില്ലായിരുന്നോടാ ചെറ്റേ? എന്റെ കൈയിലെ കാശും മുടക്കിച്ച് ചക്കാത്തിൽ കള്ള് കുടിക്കുകയും ഊമ്പിത്തിന്നുകയും ചെയ്തിട്ട് ഇങ്ങനെ ചതിക്കണമായിരുന്നോടാ പൊളിരേ...?"

പീലിപ്പോസിന്റെ അലർച്ചയും ചീത്തപറയലും ബാറിലെ സകല കുടിയന്മാരെയും ജീവനക്കാരെയും അവിടെയത്തിച്ചു. ലജ്ജാഭാരത്താൽ കുര്യാക്കോസ് മാഞ്ഞൂരാൻ ഉരുകിയൊലിച്ചു. ജീവനക്കാർ രണ്ട് പേരെയും പിടിച്ചുമാറ്റുന്നതിനിടയിൽ അയാളും നിലവിട്ട് കുറെ അസഭ്യം പറഞ്ഞു.

"ഇത്ര വിഷമമാണെങ്കിൽ പോയി ആരെയെങ്കിലും ബലാൽസംഗം ചെയ്യടാ പട്ടീ... ഇല്ലെങ്കിൽ ബോംബേയ്ക്കോ കൽക്കട്ടയ്ക്കോ വണ്ടി കേറ്. അവിടെ റെഡ്സ്ട്രീറ്റിൽ ചെന്നാൽ തനിക്ക് ആരും തൊടാത്ത നല്ല ഒന്നാന്തരം കന്യകമാരെ കിട്ടും. ഒരു കന്യകൻ വന്നിരിക്കുന്നു... ഭൂ..."

പാർക്കിംഗ് ലോട്ടിൽ ഇരുവരെയും ഒരുവിധത്തിലാണ് ജീവനക്കാർ എത്തിച്ചത്. അവിടെച്ചെന്നിട്ടും രണ്ടുപേരും അസഭ്യവർഷം തുടർന്നു.

ഏറെ പണിപ്പെട്ട് കാറിന്റെ പിൻസീറ്റിലേക്ക് പീലിപ്പോസിനെ കിടത്തുമ്പോൾ നാട്ടുകാരനായ ഡ്രൈവർ ചന്ദ്രൻ ശബ്ദം താഴ്ത്തി തന്റെ മുതലാളിയോട് ചോദിച്ചത് അയാൾ ശരിക്കും കേട്ടില്ല:

"ആരാ ചേട്ടാ ഈ കന്യകൻ?"

തനിക്ക് 'മനോമോഹിനി' മാഞ്ഞൂരാനിൽനിന്ന് ലഭിച്ചതും, പിന്നീട് ഡ്രൈവർ ചന്ദ്രൻവഴി നാട്ടിൽ മുഴുവനും തുടർന്ന് അധികം വൈകാതെ അമേരിക്കയിലും പാട്ടാകാൻ പോകുന്ന പുതിയ നാമധേയത്തിന്റെ അർത്ഥമറിയാതെ പീലിപ്പോസ് മുതലാളി കാറിന്റെ വിശാലമായ പിൻസീറ്റിൽ മയങ്ങിക്കിടന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 74.82 |
| യൂറോ | 89.30 |
| സ്റ്റെർലിംഗ്പൗണ്ട് | 98.94 |
| സ്വിസ് ഫ്രാങ്ക് | 82.86 |
| സിംഗപ്പൂർ ഡോളർ | 54.86 |
| കനേഡിയൻ ഡോളർ | 56.90 |
| ഒമാൻ റിയാൽ | 193.57 |
| ബഹ്റൈൻ ദിനാർ | 198.41 |
| സൗദി റിയാൽ | 19.94 |
| യു.എ.ഇ. ദിർഹം | 20.36 |
| കുവൈത്ത് ദിനാർ | 244.86 |

# PANCHAYATI RAJ

(from page 13)

One of the most positive results of the 73rd Constitutional Amendment has been women's participation in a big way in the democratic institutions at the district, block, and village levels with lakhs of women performing leadership roles. Mr. Gandhi's concern of lack of representation by women in elected offices was well reflected in his phenomenal speech to the Parliament. He said, "it is the women of India, in their role as grandmothers and mothers, who have been the repository of India's ancient culture and traditions. It is to them that is entrusted the responsibility of transmitting to the next generation the quintessential values, standards, and ideals which have enabled our civilization to survive and flourish without a break despite vicissitudes of many kinds. It is the strength of moral character which women will bring to the Panchayats. Let us give them a warm welcome".

Today, out of 32 lakhs, electoral representatives 14 lakhs are women who are making important decisions at the Panchayat or Nagarpalikas level dealing in areas of education, economic activities, healthcare, legal literacy, and advancement of women. The realization of the Panchayati Raj was not only a masterstroke that shined the light on the millions of rural Indian citizens who lived out of sight of the ruling elites but also showed the world a man of great heart and courage with empathy and visionary ideals that brought about a revolution to the doorsteps of every Indian. Thank you, Rajiv Ji.


Perched at a altitude of 3200 feet above sea level, Semni Escape at Semni Valley of Elappara village in Idukki district, Semni Escape is a serene serviced plantation bungalow.

Lush tea gardens, rolling mountains and drifting mists sourround this classical bungalow that boasts of well appointed twin bed rooms, spacious terrace sitout, cozy fire place and Kerala style gourmet kitchen.

The verdent hills, chriping aves and the cool balcony winds from the Vagamon heights provide a calming and tranquil ambience that you will remember for years.

Facilities in the Escape includes those for Trekking and cycling through the tea and spice gardens, partying around a camp fire etc.

Opportunites abound to spend a relaxedand soothing vacation far from the madding crowd.



Contact : + 91 9495213055
Email : vidya99@yahoo.com
Airbnb : Vagamon/Elappara- SemniEscape

Semni Escape
SERVICED PLANTATION BUNGALOW

7 മലയാളം ചാനല്‍, മാസം $13.33 മാത്രം
ഒരു വര്‍ഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *

മഴവില്‍ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
WE
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7

dish sling അമേരിക്കയിലെ അംഗീകൃത മലയാളം ചാനല്‍ വിതരണക്കാര്‍ .

UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586

മഴവില്‍ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനല്‍, ചാനല്‍ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനല്‍. കൂടാതെ നിരവധി ഫ്രീ ചാനലുകളും

# പുറത്താക്കിയവർക്കു നേരെ എന്ത് അച്ചടക്ക നടപടി: ജോസ് കെ. മാണി

കോട്ടയം: നിയമസഭയിൽ നടക്കുന്ന അവിശ്വാസ പ്രമേയത്തെ പിന്തുണച്ചു വോട്ട് ചെയ്തില്ലെങ്കിൽ കടുത്ത നടപടിയെടുക്കുമെന്നു കേരള കോൺഗ്രസ് (എം) ജോസ് വിഭാഗത്തിനു യുഡിഎഫിന്റെ മുന്നറിയിപ്പ്. എന്നാൽ, അന്ത്യശാസനം തള്ളിയ ജോസ് കെ. മാണി, അവിശ്വാസ പ്രമേയ ചർച്ചയിലും ധനകാര്യ ബില്ലിന്മേലുള്ള ചർച്ചയിലും പാർട്ടി എം.എൽ.എമാർ പങ്കെടുക്കില്ലെന്നു വ്യക്തമാക്കി. പാർട്ടിയെ മുന്നണിയിൽനിന്നു പുറത്താക്കിയ ശേഷം എന്ത് അച്ചടക്ക നടപടിയെന്നും അദ്ദേഹം പരിഹസിച്ചു.

അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തില്ലെങ്കിൽ മുന്നണി യോഗം ചേർന്ന് നടപടി തീരുമാനിക്കുമെന്നു യുഡിഎഫ് കൺവീനർ ബെന്നി ബഹനാൻ വ്യക്തമാക്കി. രാജ്യസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന വിപ്പും പാലിക്കണം. അവിശ്വാസ പ്രമേയ ചർച്ചയിൽ നിന്നു ജോസ് വിഭാഗം വിട്ടുനിൽക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിട്ടുനിൽക്കുന്നത് എൽഡിഎഫ് സർക്കാരിനെ സഹായിക്കുന്നതിനു തുല്യമാണ്.

നിലവിൽ അച്ചടക്ക ലംഘനത്തിനുള്ള സസ്പെൻഷനിലാണ് കേരളാ കോൺഗ്രസ്. ഇത് ആവർത്തിച്ചാൽ കടുത്ത നടപടിയുണ്ടാകും. അവിശ്വാസപ്രമേയത്തെ അനുകൂലിച്ചാൽ മുന്നണിയിൽ തിരിച്ചെടുക്കുന്ന കാര്യം ചർച്ച ചെയ്യും. ബെന്നി ബെഹനാൻ പറഞ്ഞു. വിപ്പ് നൽകാൻ മുന്നണിക്ക് അധികാരമില്ലെന്നു ജോസ് കെ. മാണി പാലായിൽ പറഞ്ഞു. നിയമസഭാ രേഖകൾ പ്രകാരം കേരളാ കോൺഗ്രസ് പാർട്ടിക്ക് വിപ്പ് നൽകാനുള്ള അധികാരം റോഷി അഗസ്റ്റിനാണ്. സഭയിൽ സ്വതന്ത്ര്യനിലപാട് എടുക്കും.

അവിശ്വാസ പ്രമേയത്തിലും ആ നിലപാടാകും സ്വീകരിക്കുക. രാജ്യസഭാ തെരഞ്ഞെടുപ്പിലും പാർട്ടി വിട്ടുനിൽക്കും. ഇത് ഇടത് മുന്നണിയിലേക്കുള്ള സൂചനയായി വ്യാഖ്യാനിക്കേണ്ടതില്ല; ജോസ് കെ മാണി പറഞ്ഞു.

അതിനിടെ, എംഎൽഎ ഹോസ്റ്റലിലെ എംഎൽഎ മാരുടെ മുറിക്ക് മുന്നിൽ ജോസ് - ജോസഫ് വിഭാഗങ്ങൾ പരസ്പരം വിപ്പ് ഒട്ടിച്ചിരുന്നു.

## പിഎസ്സി നിയമനം വാഗ്ദാനം ചെയ്ത് 4 ലക്ഷം തട്ടി

കോട്ടയം: പിഎസ്സി നിയമനം വാഗ്ദാനം ചെയ്തു പാർട്ടി മുൻ നേതാവ് ലക്ഷങ്ങൾ തട്ടിയതിന്റെ രേഖകൾ പുറത്ത്. ഭരണമുന്നണിയിലെ ഘടക കക്ഷിയായ കേരളാ കോൺഗ്രസ് (സ്കറിയ തോമസ്) യുവജനവിഭാഗം മുൻ സംസ്ഥാന പ്രസിഡണ്ട് രാജീവ് ജോസഫ് ചെച്ചോടത്തിനെതിരെയാണു പരാതി. പണം വാങ്ങിയതിനു തെളിവായി മുദ്രപ്പത്രത്തിൽ ഒപ്പിട്ടതു പുറത്തായി.

പിഎസ്സി അംഗമായി പാർട്ടി നോമിനി വരുമെന്നു മുൻകൂട്ടി കണ്ടായിരുന്നു തട്ടിപ്പെന്ന് സംശയിക്കുന്നു. പിഎസ്സിയിൽ പിൻവാതിൽ നിയമനം വാഗ്ദാനം ചെയ്തു 2019 ജൂൺ 15ന് മുൻകൂർ തുകയായി 3 ലക്ഷം രൂപ തൃപ്പൂണിത്തുറ സ്വദേശിയിൽനിന്നു രാജീവ് വാങ്ങിയിരുന്നു. ബാക്കി ഒരു ലക്ഷം 2020 ജനുവരി ഒന്നിന് ബാങ്ക് വഴി കൈമാറി. പണം വാങ്ങിയിട്ടും ജോലി നൽകാതിരുന്നതിനെ തുടർന്നു തൃപ്പൂണിത്തുറ സ്വദേശി പാർട്ടി നേതൃത്വത്തെ ബന്ധപ്പെട്ടതോടെയാണു കരാർ ഉണ്ടാക്കിയത്.

## വിമാനത്താവള ലേലം ലീഗൽ കൺസൾട്ടന്റിന്

(ഒന്നാം പേജിൽ നിന്നും)

മുഖ്യമന്ത്രി വിളിച്ച സർവകക്ഷി യോഗത്തിൽ സർക്കാരിനെ തുണച്ച യുഡിഎഫ്, പുതിയ വെളിപ്പെടുത്തലോടെ മുഖ്യമന്ത്രിയിൽ നിന്നു വിശദീകരണം തേടി. ബിജെപിയും വിമർശനം ശക്തമാക്കി. അതേസമയം, ടെൻഡർ രേഖകളുടെ നിയമസാധുത മാത്രമാണ് കൺസൾട്ടൻസി പരിശോധിച്ചതെന്നാണ് സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെഎസ്ഐഡിസി) വാദം. സർക്കാർ രൂപീകരിച്ച തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ലേലത്തിൽ പങ്കെടുക്കാൻ 2019 ജനുവരിയിലാണ് മംഗൾദാസ് ഗ്രൂപ്പിനെ ലീഗൽ കൺസൾട്ടന്റാക്കിയത്; ടെക്നിക്കൽ കൺസൾട്ടന്റായി കെപിഎംജിയെയും നിയോഗിച്ചു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സമിതിയുടെ തീരുമാനം മന്ത്രിസഭ അംഗീകരിച്ചു. മംഗൾദാസ് ഗ്രൂപ്പിന്റെ അദാനിബന്ധം അന്നേ ഉദ്യോഗസ്ഥർക്കിടയിൽ ചർച്ചയായിരുന്നു.

**നിരക്ക് രഹസ്യമെന്ന് വാദം**

ഒരു യാത്രക്കാരന് 135 രൂപ എന്ന നിരക്കൽ എയർപോർട്ട് അതോറിറ്റിക്കു നൽകാമെന്നായിരുന്നു ലേലത്തിൽ കേരളത്തിന്റെ വാഗ്ദാനം. ഈ നിരക്ക് കൺസൾട്ടൻസികൾക്ക് അറിയില്ലായിരുന്നുവെന്നാണു കെഎസ്ഐഡിസിയും ഉന്നത വൃത്തങ്ങളും പറയുന്നത്. ലേലരേഖകൾ തയാറാക്കിയതോടെ കൺസൾട്ടൻസികളുടെ ജോലി കഴിഞ്ഞെന്നും വിശദീകരിക്കുന്നു. മുഖ്യമന്ത്രി നിയമിച്ച ഉന്നതതല സമിതിയാണ് നിരക്ക് നിശ്ചയിച്ചത്. ചീഫ് സെക്രട്ടറിയും ധന, ഗതാഗത, നിയമ സെക്രട്ടറിമാരുമായിരുന്നു സമിതിയിലെ അംഗങ്ങൾ. യാത്രക്കാരനു 168 രൂപ എന്ന നിരക്കാണ് അദാനി ഗ്രൂപ്പ് വാഗ്ദാനം ചെയ്തത്. കേരളത്തിന്റെ നിരക്ക് ഇതിന്റെ 10% കുറവായ 151 രൂപയാണെങ്കിൽ പോലും (റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ) കരാർ ലഭിക്കുമായിരുന്നു.

**ഫീസ് മണിക്കൂറിന് 13,000 രൂപ**

സിറിൽ അമർചന്ദ് മംഗൾദാസ് ഗ്രൂപ്പ് മണിക്കൂറിനു 15,000 രൂപയിലേറെ പ്രതിഫലം ആവശ്യപ്പെട്ടെങ്കിലും സർക്കാർ വിലപേശി 13,000 രൂപയാക്കി. ദൗത്യ ശേഷം ഈ നിരക്കിൽ പ്രതിഫലം ചോദിച്ചെങ്കിലും ബിൽ വീണ്ടും വെട്ടിക്കുറച്ച് 55 ലക്ഷം രൂപ നൽകിയെന്ന് കെഎസ്ഐഡിസി പറയുന്നു.

## കോവിഡ് വ്യാപനത്തിൽ ഇന്ത്യ മുന്നിൽ

(ഒന്നാം പേജിൽ നിന്നും)

ആകെ 22.2 ലക്ഷം പേർ ഇതുവരെ രോഗമുക്തി നേടിയതാണ് ഏക ആശ്വാസം. എന്നാൽ നീണ്ട ലോക്ക്ഡൗൺ മൂലം സാമ്പത്തിക മേഖല തകർന്നടിയുകയും അനേകലക്ഷം പേരുടെ തൊഴിലും വരുമാനവും നഷ്ടമാവുകയും ചെയ്തു.

മൊത്തം കോവിഡ് കേസുകളുടെ എണ്ണത്തിൽ മഹാരാഷ്ട്ര, തമിഴ്നാട്, ആന്ധ്ര പ്രദേശ്, കർണാടക, യുപി സംസ്ഥാനങ്ങളാണ് മുന്നിൽ. പുതിയ കേസുകളുടെ എണ്ണത്തിൽ ബംഗാൾ, ഗുജറാത്ത്, കേരളം, ഹരിയാന, മധ്യപ്രദേശ് എന്നി സംസ്ഥാനങ്ങളും മുന്നിലെത്തി. ദിവസേന നാലായിരത്തോളം വരെ പുതിയ കേസുകൾ ഉണ്ടായിരുന്ന ഡൽഹിയിലാകട്ടെ സ്ഥിതി മെച്ചപ്പെട്ടു. ഓഗസ്റ്റ് 22 ന് ഡൽഹിയിൽ 1250 പുതിയ കേസുകളാണ് റിപ്പോർട്ട് ചെയ്തത്.

## ഗവർണർ ഒപ്പു വെച്ചു

(17-ാം പേജിൽനിന്നും)

ആരോഗ്യത്തെ അപകടത്തിലാക്കാൻ ആരും സമ്മർദ്ദം ചെലുത്തുന്നില്ലെന്ന് ഉറപ്പാക്കേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്വമാണ്." ആൻഡ്രിയ സ്റ്റുവാർട്ട്: കസിൻസ് പറഞ്ഞു.

"ജനാധിപത്യത്തിന് ഏറ്റവും മികച്ച സേവനം ലഭിക്കുന്നതിന് അമേരിക്കക്കാർക്ക് വോട്ടു ചെയ്യാനുള്ള സംവിധാനം എളുപ്പമാക്കുകയാണ് വേണ്ടത്. അല്ലാതെ അവരെ ബുദ്ധിമുട്ടിക്കുകയല്ല വേണ്ടതെന്ന് അസംബ്ലി ഭൂരിപക്ഷത്തിന് അറിയാം. എന്നാൽ വാഷിംങ്ടണിലെ ഭരണകൂടം ഈ നിർണായക ജനാധിപത്യ സ്ഥാപനങ്ങളെ വിലമതിക്കുന്നില്ലെന്ന് വീണ്ടും വീണ്ടും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. തപാൽ വഴി വോട്ടുചെയ്യാനുള്ള സംവിധാനത്തെ അട്ടിമറിക്കുന്നതിനായി യുഎസ് തപാൽ മെഷിനറികളെപ്പോലും തകർക്കുന്ന തലത്തിലേക്ക് വാഷിംങ്ടൺ തരംതാണുപോയി. എന്നാൽ ഞങ്ങൾ ന്യൂയോർക്കാകാർ അത് കണ്ട് ഭയപ്പെടുകയോ അതിന് കൂട്ടുനിൽക്കുകയോ ചെയ്യുകയില്ല." ട്രംപിനെ നിശിതമായി വിമർശിച്ച് കാൾ ഹെസ്റ്റി പറഞ്ഞു.

## ധ്യാൻചന്ദ് പുരസ്കാരം

(ഒന്നാം പേജിൽ നിന്നും)

വിനേഷ് ഫോഗട്ട്, ഹോക്കി താരം റാണി രാംപാൽ എന്നിവർക്കാണ് രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം ലഭിച്ചത്. വിവിധ കായിക ഇനങ്ങളിൽ നിന്നായി 27 കായികതാരങ്ങൾ അർജുന അവാർഡ് നേടി. മികച്ച പരിശീലകർക്കുള്ള ദ്രോണാചാര്യ പുരസ്കാരത്തിന് ആജീവനാന്ത വിഭാഗത്തിൽ ധർമേന്ദ്ര തിവാരി (ആർച്ചറി), പുരുഷോത്തം റായ് (അത്‌ലറ്റിക്സ്), ശിവ്സിംഗ് (ബോക്സിംഗ്), റൊമേഷ് പത്താനിയ (ഹോക്കി), കൃഷ്ണകുമാർ ഹൂഡ (കബഡി), വിജയ് ബാലചന്ദ്ക മുനീശ്വർ (പാര പവർ ലിഫ്റ്റിംഗ്), ഓം പ്രകാശ് ദഹിയ (ഗുസ്തി) എന്നിവർ അർഹരായി. സ്ഥിരം വിഭാഗത്തിൽ ദ്രോണാചാര്യ പുരസ്കാരത്തിന് മുൻ ഇന്ത്യൻ ഹോക്കി ടീം ക്യാപ്റ്റൻ ജൂജ് ഫെലിക്സ് സെബാസ്റ്റ്യൻ, യോഗേഷ് മാളവ്യ (മല്ലഖമ്പ്), ജസ്പാൽ റാണ (ഷൂട്ടിംഗ്), കുൽദീപ് കുമാർ ഹൂഡ (വുഷു), ഗൗരവ് ഖന്ന (പാര ബാഡ്മിന്റൺ) എന്നിവർ അർഹരായി. എട്ടു പേർക്ക് ടെൻസിംഗ് നോർഗെ സാഹസിക പുരസ്കാരം ലഭിച്ചു.

## മന്ത്രി ജലീലിനെതിരെ കേന്ദ്ര അന്വേഷണം

(ഒന്നാം പേജിൽ നിന്നും)

5 ലക്ഷം രൂപയുടെ സഹായം സ്വീകരിച്ചതായും മതഗ്രന്ഥങ്ങൾ കൊണ്ടുവന്നതായും മന്ത്രി തന്നെ വ്യക്തമാക്കിയിരുന്നു. ഫെമ 35-ാം വകുപ്പ് പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഏതു പാരിതോഷികവും വാങ്ങുമ്പോൾ മുൻകൂർ അനുമതി തേടണം എന്ന വ്യവസ്ഥയുണ്ട്. മുപ്പതോളം പായ്ക്കറ്റുകളിൽ എത്തിയ മതഗ്രന്ഥങ്ങൾ സർക്കാർ വാഹനത്തിലാണ് കൊണ്ടുപോയത്.


# ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*
website: www.danielbible.com

# ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു
https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com

# MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നമ്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

# SEEKING BRIDEGROOM

**Pentecostal parents prayerfully invite proposals for their daughter. She is a 31-year-old, 5"2, born and raised in the US, born again, spirit-filled, internal medicine doctor. We are looking for professionally qualified boys with a similar spiritual background and values. If interested, please respond with pictures and details to:
**chosentodo@yahoo.com**
or call **469-360-5735.**

**Pentecostal parents invite proposals for our beautiful daughter, 27 (turning 28 in September 2020), 5'2", slim, Juris Doctor, born and raised in the US, working at a private law firm. We seek a Spirit-filled, humble, Pentecostal U.S. citizen with a graduate or doctoral education and a serious calling for missions, specifically in India. Please contact us with recent photos and biodata at: **akpb.2020@gmail.com**

*Pentecostal parents settled in USA inviting proposal for their daughter born again and baptized, 26 years 5'4 born in Kerala and brought up in USA. Holds a Bachelors in Marketing and Business Management. Looking for qualified boys from USA or outside of Kerala. Contact cell **267-902-4576**

*Pentecostal parents settled in the USA invite proposals for their daughter, US-born and educated, Clinical Pharmacist (PharmD plus Residency) 27 years 5'4". Looking for professionally qualified boys with a spiritual background. If interested please respond with pictures and details to **jehovashalom693@gmail.com** or call **(847)833-6038.**

*Orthodox parents inviting proposals for daughter 35 yrs ht 5.3". Masters in psychology working in Florida. Educated in USA. We are seeking professionally qualified boys from orthodox / jacobites, catholic. Please respond with recent photos and details. Please contact email **kreal2estate@comcast.net.**

**Christian parents settled in North America invite proposal for their daughter, US-educated Medical Doctor, MD (29 years 5' 7"), Parents of professionally qualified boys with spiritual background may please respond with details. if interested. **geomat2003@gmail.com** or call **469-321-1619.**

**Pentecostal parents in India prayerfully invite marriage proposals for their daughter, 33, 5 ft, brought up in the Gulf, educated in the U.S, baptized, born-again, spirit-filled, holding MBA from U.S, and is a CPA. She is currently employed with a Big Four accounting firm in Chicago. As part of her employment, she is on an assignment in Paris, France currently. Seeking alliance from families of grooms settled in the U.S that are God-fearing and leading Christ-centered lives. Please email details with a picture to psalm9503@gmail.com or call **+91 9207145236**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

**Pentecostal parent settled in USA seeking proposals for their daughter, US citizen, 34 years, Doctor of Pharmacy with Fellowship, currently working as a Clinical Pharmacist, from parents of born again and baptized Pentecostal or Brethren boys with professional qualifications. Boys with Post Graduate degrees, age 34 - 38 years preferred. Please email details with a picture to **JACOBT@GMAIL.COM**

*Roman Catholic parents invite proposals for their daughter who is working as Pharm-D. She is 35 and 5'-3" fair complex. she is born and brought up in U.S.A. We are seeking suitable alliance from professionally Qualified Engineers, Doctors, Pharmacist MBA accountants, IT professionals born and raised in U.S.A. who are Catholics and God fearing family oriented. Interested please respond with details including a recent picture to: **innovera75@gmail.com**

*Orthodox parents inviting proposals for daughter, 32 years, 5'5", fair, slim, Doctorate in Dental Surgery (DDS), practicing Dentistry in Florida, born and educated in USA. We are seeking professionally qualified boys from Orthodox, Catholic or Marthomites. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

*Knanaya Catholic parents settled in USA invite proposals for their daughter age 32, 5'5" tall,slim fair looking and god fearing. She is a B.Com graduate brought up and studied in South Africa. She is currently working as a financial analyst in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.** Email: **steephenvs@gmail.com**

*Knanaya Catholic parents settled in USA invite proposals for their daughter age 31, 5'4" tall,slim fair looking and god fearing. She has a diploma in Educare, brought up and studied in South Africa. She is currently working as a Kindergarten teacher in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.**
Email: **steephenvs@gmail.com**

*Christian parents settled in USA inviting proposals for their daughter42 years old, born and brought up in Dubai. She is an Orthopedics Surgeon has completed her M.S. in Orthopedics at Christian Medical college in Vellore. At present working as a Research Coordinator in Pediatrics Orthopedics at the Mayo Clinic hospital in Rochester, Minnesota. She will commence her Pediatric Ortho Fellowship in 2020 August. She is very intelligent, smart and very attractive and fit. She is 5'4" tall and a born again believer, very active in church activities. She is a US Citizen. If interested please contact with recent photograph and details to
**marijohn2002@yahoo.co.in**
Preference to Medical professionals

# SEEKING BRIDE

*Our nephew 38 years, IT, 6'-1', educated in the US, working @ Charlotte, NC, never married, seeking a bride from any Christian family denomination between 28-35. Please contact
**rajamvarghese@bellsouth.net** or **(423) 876-0530.**

**Pentecostal parents prayerfully seeking suitable life partner for their son family oriented caring with moral and spiritual values(30, 5'6") who was brought up and educated in US who has BS in Information Technology/ Business and communication currently working in a reputable company. We are seeking proposal from parents of Pentecostal girls from USA who are family-oriented spiritual with good moral character, please contact us with full details with recent pictures to **faith2020js@gmail.com**

*Our son, 42 years, MBA, Working @ Washington DC, well-settled, marthomite, church-going, never married, born & brought-up in the US, 5'-9", 200 lb, seeking a bride between 32–38.Contact us **@rajamvarghese@bellsouth.net**, or **(423) 876-0530**

*Roman Catholic parents invite proposals for their son, 28 years, 5'7, fair, slim, Master degree in Computer Science, now working in Shalom World USA. We are seeking suitable alliance from Bachelors or Master in Nursing, that are catholic, God fearing and family oriented.
Interested please contact **956 651 6969.**
Email:**jithjose34@gmail.com**

*Pentecostal parents settled in the USA seeking alliance for their son, Doctor of Optometry (OD), working in a reputed Vision Care Center. He is US citizen, speaks Malayalam fluently 34/ 5'5", He is born again, baptized and very spiritual. Please contact **saronil@msn.com** with a full-size recent picture and the profile.

*Pentecostal parents (Knanaya background) in the United States prayerfully invite marriage proposals for their son DOB: 05/28/1982, 5'10", born and brought up in Kerala, born-again, baptized, spirit filled, mission oriented, holding BTech in Mechanical Engineering and BSc Physics who recently immigrated to the United States with Green Card and currently employed in an entry level position, from parents of born-again, baptized, spirit filled, mission oriented and professionally qualified girls preferably from the United States. If interested, please respond with recent photograph to
**bensandprasu@gmail.com.**
Phone:**469-619-3078;443-326-2889.**

*Christian Parents (Orthodox) settled in USA (NY) invite proposals for their son 40 years old 6'2" M.S. in Criminal Justice (Detective Investigator working with New York Police Department). His wife passed away in 2016, having a son 7 years old. We are seeking proposals for girls from USA, Late Marriage or Widow age 32-37. Please contact Phone **516 616 0611 or 516 287 6361.** Email: **thekkmathew@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to
**mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details.
**Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

## സി.ജെ. മാത്യു

**തിരുവനന്തപുരം:** രാഷ്ട്രീയ നിരീക്ഷകനും മുന്‍ മുഖ്യ മന്ത്രി വി.എസ്. അച്യുതാനന്ദന്റെ ഐ.ടി ഉപദേഷ്ടാവുമായിരുന്ന ജോസഫ് സി. മാത്യുവിന്റെ പിതാവ് കുമ്പനാട് ചിറ്റേഴത്ത് സി.ജെ. മാത്യു (80) നിര്യാതനായി. കുമ്പനാട് നോയല്‍ മെമ്മോറിയല്‍ എച്ച്എസ് റിട്ട. ഹെഡ്മാസ്റ്ററാണ്. ഭാര്യ: മോളി മാത്യു (റിട്ട. എച്ച്എം, കുമ്പനാട് നോയല്‍ മെമ്മോറിയല്‍ എച്ച്എസ്). മറ്റു മക്കള്‍: മാമന്‍ സി. മാത്യു, ജോണ്‍ സി. മാത്യു (ഇരുവരും ന്യൂയോര്‍ക്ക്). മരുമക്കള്‍: ബ്യൂട്ടി മാത്യു, ഷേര്‍ളി ചാക്കോ, സ്വീറ്റി ഏബ്രഹാം.

## തോമസ് ചാണ്ടി

**മാമ്മൂട്:** കാരയ്ക്കാട്ട് തോമസ് ചാണ്ടി (കുഞ്ഞച്ചന്‍-104) നിര്യാതനായി. ഭാര്യ: അമ്പലപ്പുഴ കരുമാടി കളത്തില്‍ പരേതയായ ത്രേസ്യാമ്മ. മക്കള്‍: ജോസ്, ആനിയമ്മ (റിട്ട. അധ്യാപിക, സെന്റ് മേരീസ് ഹൈസ്കൂള്‍, കാഞ്ഞിരപ്പള്ളി), കുര്യാക്കോസ് അലക്സാണ്ടര്‍ (റിട്ട. പ്രഫസര്‍ എസ്എച്ച് കോളജ്, തേവര), ലില്ലിക്കുട്ടി (യുഎസ്), ജോസഫ് കുഞ്ഞ് (കാരയ്ക്കാട് ട്രേഡേഴ്സ് മുക്കൂര്‍), ലാലിച്ചന്‍ അലക്സ്, സാലിമ്മ, പരേതരായ തങ്കച്ചന്‍, അമ്മിണി, ലീലാമ്മ. മരുമക്കള്‍: ലീലാമ്മ, വര്‍ഗീസ് ആലുങ്കല്‍ (തോട്ടയ്ക്കാട്), അന്നമ്മ വര്‍ഗീസ് (റിട്ട. പ്രഫസര്‍, കെ.ജി. കോളജ്,പാമ്പാടി), മാത്യു പുത്തന്‍പറമ്പില്‍ കുമരകം (യുഎസ്), പരേതയായ ലാലി, ഷാന്റി, ജോര്‍ജ്കുട്ടി കടന്തോട് (ചാഞ്ഞോടി), ജെയ്സി.

## ഡോ. കെ.ജെ. മാത്യു

**തെള്ളകം:** കണിയാംപറമ്പില്‍ ഡോ. കെ.ജെ. മാത്യു (82) നിര്യാതനായി. ഇന്ത്യന്‍ മെഡിക്കല്‍ അസോസിയേഷന്‍ മുന്‍ പ്രസിഡണ്ടാണ്. ഭാര്യ: മംഗലത്തേട്ട് പരേതയായ പ്രഫ. എല്‍സമ്മ. മക്കള്‍: റെജി (യുഎസ്), റെനി, ഡോ. റെഞ്ചി (യുകെ). മരുമക്കള്‍: ബീന കേളച്ചന്ദ്ര (ചിങ്ങവനം), അബി വെള്ളാപ്പള്ളി (പേരൂര്‍), മിലി വടാത്തല (മാഞ്ഞൂര്‍).

## സുന്ദരി അയ്യര്‍


**വൈക്കം:** തെക്കേനട ശുഭശ്രീയില്‍ പരേതനായ എന്‍. പുഠാര്‍ജ്ജുന അയ്യരുടെ ഭാര്യ സുന്ദരി (83) നിര്യാതയായി. മക്കള്‍: ശാരദ ശ്രീറാം, വിജി സുബ്രഹ്മണ്യം, ശാന്തികുമാര്‍, പി. നീലകണ്ഠന്‍. മരുമക്കള്‍: ആര്‍. ശ്രീറാം (ചെന്നൈ), രമേശ് സുബ്രഹ്മണ്യം (യുഎസ്), എസ്. കുമാര്‍ (ചെന്നൈ)

**പാമ്പാടി:** സെന്റ് ജോണ്‍സ് ഓര്‍ത്തഡോക്സ് കത്തിഡ്രല്‍ മുന്‍ വികാരി ഐക്കര പ്പടവില്‍ പരേതനായ ഫാ. പി.പി. ഗീവര്‍ഗീസിന്റെ ഭാര്യ അന്നമ്മ (85) നിര്യാതയായി.

## റെജി ഐസക് ജോര്‍ജ്

**നെടുങ്ങാടപ്പള്ളി:** ശാന്തിപുരം നെടുവേലില്‍ പരേതനായ റവ. പി.ഐ. ജോര്‍ജിന്റെ മകന്‍ റെജി ഐസക് ജോര്‍ജ് (59) നിര്യാതനായി. ഭാര്യ: കൊല്ലകുന്നേല്‍ അന്നമ്മ ഉമ്മന്‍. മക്കള്‍: നീത (യുഎസ്), നീല്‍ (സൗദി), കൃപ. മരുമകന്‍: തിരുവല്ല വട്ടപ്പറമ്പില്‍ സജിത് ചെറിയാന്‍.

## മാത്തന്‍ മാത്യു



**വടവാതൂര്‍:** ഒക്‌ലഹോമ മാര്‍ത്തോമ ഇടവകയിലെ ആദ്യകാല അംഗവും ഇടവകയുടെ രൂപീകരണ പ്രവര്‍ത്തനങ്ങളിലെല്ലാം സജീവസാന്നിദ്ധ്യവുമായിരുന്ന മാത്തന്‍ മാത്യു (84) ഒക്‌ലഹോമില്‍ നിര്യാതനായി. കോട്ടയം വടവാതൂര്‍ ചിറക്കരോട്ട് കുടുംബാംഗമാണ് പരേതന്‍. ഭാര്യ: പരേതയായ ശോശാമ്മ മാത്യു. മക്കള്‍: റെജി മാത്യു, സജി മാത്യു, വിജി മാത്യു. മരുമക്കള്‍: ജിജി മാത്യു, സുമ മാത്യു, ഷിബി മാത്യു.

## അച്ചോയി മാത്യൂസ്

**കോട്ടയം:** വടവാതൂര്‍ ഇടക്കുളം പാസ്റ്റര്‍ അച്ചോയി മാത്യൂസ് (85) നിര്യാതനായി. ആറു പതിറ്റാണ്ടോളമായി യുഎസിലെ സഭാ പ്രവര്‍ത്തകനാണ്. ഭാര്യ: ഈരാറ്റുപേട്ട ചിറമേല്‍ ബെക്കി. മക്കള്‍: ജോക്ക്, കവിത, പ്രീത.

## സി.യു. തോമസ്

**കരിപ്പാടം:** ചാലുങ്കല്‍ സി.യു. തോമസ് (90) നിര്യാതനായി. ഭാര്യ: പിറവം പുലിമലയില്‍ ഏലിക്കുട്ടി. മക്കള്‍: ഫിലിപ്പ്, രാജു (സൗത്ത് ആഫ്രിക്ക), സി.ടി. തോമസ് (റിട്ട. അധ്യാപകന്‍), തോമസ് ഫിലിപ്പ് (നേവി റിട്ട. ഉദ്യോഗസ്ഥന്‍), വല്‍സമ്മ, ലിസി (ന്യൂജേഴ്സി). മരുമക്കള്‍: ഷൈല മാപ്പിളപറമ്പില്‍ (വടയാര്‍), മേരി വേളൂപ്പറമ്പില്‍ (കരിങ്കുന്നം), പരേതയായ ഷാര്‍ലറ്റ് പേഴുംകാട്ടില്‍ (പുന്നത്തുറ), റെജി എളംബാശേരിയില്‍, ജെയിംസ് പുത്തന്‍മണ്ണത്ത് (രാമമംഗലം), മാനുവല്‍ വിരുത്തികുളങ്ങര (കല്ലറ).

**തലവടി:** വാട്ടര്‍ അതോറിറ്റി റിട്ട. റവന്യു ഓഫീസര്‍ ആനപ്രമ്പാല്‍ തെക്കേക്കര കണ്ടാരപ്പിള്ളില്‍ എസ്. രാജശേഖര കുറുപ്പ് (57) നിര്യാതനായി.

**ഇടമറ്റം:** ഐക്കരക്കുന്നേല്‍ പരേതനായ കുര്യന്റെ ഭാര്യ മറിയക്കുട്ടി (93) നിര്യാതയായി.

## മറിയാമ്മ മാത്യു

**അയര്‍ക്കുന്നം:** കുഴിമറ്റത്തില്‍ പരേതനായ ഡോ. കെ.കെ. മാത്യുവിന്റെ ഭാര്യ മറിയാമ്മ (90) നിര്യാതയായി. കൈനകരി പവ്വത്തില്‍ കുടുംബാംഗമാണ്. മക്കള്‍: കറിയാച്ചന്‍, ഡോ. സിറിയക്, ഡോ. ജോസഫ്, ഡോമിനിക് മാത്യു, ആനിയമ്മ, ജോണച്ചന്‍, സെസി (യുഎസ്), ടോമിച്ചന്‍, റിന്‍സി, ലിന്‍സി (യുഎസ്). മരുമക്കള്‍: തെറമ്മ വാച്ചാപറമ്പില്‍ ചിറയില്‍ പുളിങ്കുന്ന്, സെലീന നടക്കാവുകാരന്‍ അരിമ്പൂര്‍, ഡോ. സാലി ഇലവനാല്‍ കുറ്റ്യാടി, റീമ കാഞ്ഞൂപ്പറമ്പില്‍ നെടുമുടി, സോജന്‍ മാറാട്ടുകുളം, അന്ന പെട്രീഷ്യ ഇല്ലിപ്പറമ്പില്‍ പുളിങ്കുന്ന്, ജോര്‍ജുകുട്ടി നടയ്ക്കല്‍ ആലപ്പുഴ (യുഎസ്), സിന്ധു ഞാവള്ളി ചേനക്കാലായില്‍ കൊച്ചി, സോണി തോപ്പില്‍ അയര്‍ക്കുന്നം, എബി ആലങ്ങാടന്‍ ഇരിങ്ങാലക്കുട (യുഎസ്).

## സിസ്റ്റര്‍ കരിദാദ് പറമുണ്ടയില്‍

**ചുണ്ടച്ചേരി:** സിസ്റ്റേഴ്സ് അഡോറേഴ്സ് സഭാംഗം സിസ്റ്റര്‍ കരിദാദ് പറമുണ്ടയില്‍ (എല്‍സിക്കുട്ടി-72) കൊല്‍ക്കത്തയില്‍ നിര്യാതയായി. സഹോദരങ്ങള്‍: പി.എം. ജോര്‍ജ്, ഡോ. പി.എം. ജോസഫ് (റിട്ട. വെറ്ററിനറി ഓഫീസര്‍, കോട്ടയം), പരേതനായ മൈക്കിള്‍ മേതിരി (അമനകര), മോളി മാത്യൂ (കണ്ണൂര്‍), ജോയി, മേഴ്സി തറക്കുന്നേല്‍ (ആലുവ), സിസ്റ്റര്‍ സെലിന്‍ (ഫിലാഡല്‍ഫിയ).

## ചിന്നമ്മ ജോസഫ്

**കുറുമുള്ളൂര്‍:** ഓണംതുരുത്ത് പരേതനായ പന്തളാമറ്റത്തില്‍ ജോസഫിന്റെ ഭാര്യ ചിന്നമ്മ (82) നിര്യാതയായി. കുറുമുള്ളൂര്‍ കുഴിയംപറമ്പില്‍ കുടുംബാംഗമാണ്. മക്കള്‍: എല്‍സമ്മ ബേബി, മേഴ്സി ഏബ്രഹാം, ആന്‍സി തോമസ്, ജയിംസ് ജോസഫ് (യുഎസ്), ഷാജി ജോസഫ്, ഷിബി ബിനു (ഇരുവരും ഡല്‍ഹി). മരുമക്കള്‍: ബേബി കൊല്ലംകുടിലില്‍, അവറാച്ചന്‍ മഠത്തിപ്പറമ്പില്‍, തോമസ് ഐക്കരപ്പറമ്പില്‍, ലിന്‍സി മലയില്‍ (യുഎസ്), ലിസി വെട്ടുകല്ലേല്‍, ബിനു ചിറപ്പുറത്ത്.

**അയിരൂര്‍:** കാഞ്ഞേറ്റുകര തടത്തേല്‍ ടി.എ. മാത്യുവിന്റെ ഭാര്യ ചിന്നമ്മ (85) നിര്യാതയായി.

**തൃശൂര്‍:** കോര്‍പറേഷന്‍ മുന്‍ ഡെപ്യൂട്ടി മേയറും മഹിള കോണ്‍ഗ്രസ് ജില്ലാ നിര്‍ഹാക സമിതി അംഗവും പരേതനായ നെടിയമ്പത് ദിവാകരന്റെ ഭാര്യയുമായ പി.വി. സരോജിനി (72) നിര്യാതയായി.

**ആലപ്പുഴ:** കേരളാ കോണ്‍ഗ്രസ് (എം) ജില്ലാ ജനറല്‍ സെക്രട്ടറി എംഒ വാര്‍ഡ് കോട്ടപ്പറമ്പില്‍ റോയി കോട്ടപ്പറമ്പില്‍ (51) നിര്യാതനായി.

## എം.ജി. പരമേശ്വരന്‍ നമ്പൂതിരി

**കുടമാളൂര്‍:** തന്ത്രിയും വൈദികനും മന്ത്രവാദിയുമായിരുന്ന കുടമാളൂര്‍ മരങ്ങാട്ടില്ലത്ത് റിട്ട. റവന്യൂ സൂപ്രണ്ട് എം.ജി. പരമേശ്വരന്‍ നമ്പൂതിരി (90) നിര്യാതനായി. ഭാര്യ: വാകത്താനം നീലമന ഇല്ലം സരസ്വതി അന്തര്‍ജനം. മക്കള്‍: എം.പി. ഗണപതി നമ്പൂതിരി (തന്ത്രി), ഡോ. മാധവന്‍ നമ്പൂതിരി (യുഎസ്), പരമേശ്വരന്‍ നമ്പൂതിരി (എന്‍ജിനീയര്‍, യുഎസ്). മരുമക്കള്‍: ഉഷാദേവി (എല്‍പിഎസ്, പരിപ്പ്), ഡോ. ജയശ്രീ (യുഎസ്), ലീന (എന്‍ജിനീയര്‍, യുഎസ്).

## തങ്കമ്മ കുരുവിള

**കോട്ടയം:** മള്ളൂശേരി വഞ്ചിപ്പുരയ്ക്കല്‍ പരേതനായ പി.കെ. കുരുവിളയുടെ ഭാര്യ തങ്കമ്മ (77) നിര്യാതയായി. എസ്എച്ച് മൗണ്ട് മുടിയൂര്‍കുന്നേല്‍ കുടുംബാംഗമാണ്. മക്കള്‍: രാജു, മോളി (യുഎസ്), ബാബു, സാബു, ബൈജു. മരുമക്കള്‍: ലൗസി, അലക്സ് വേങ്ങാലില്‍, കുഞ്ഞുമോള്‍, ഷീബ, പ്രിയ.

## ഗ്രേസി വിതയത്തില്‍

**ചങ്ങനാശേരി:** വിതയത്തില്‍ പരേതനായ ഡോ. ജോസഫിന്റെ ഭാര്യ ഗ്രേസി വിതയത്തില്‍ (94) യുഎസില്‍ നിര്യാതയായി. മാമ്മൂട് മാപ്പിളശേരി കുടുംബാംഗമാണ്. മക്കള്‍: ജോസ്, മേമോള്‍ (ഇരുവരും യുഎസ്), കുര്യന്‍ (യുകെ). മരുമക്കള്‍: റോസ്മേരി, മിനി, വര്‍ഗീസ് ഇടാട്ടുകാരന്‍.

**അടിച്ചിറ:** പുത്തന്‍പുരയില്‍ കിളിയാമ്പ്രായില്‍ പരേതനായ വര്‍ഗീസിന്റെ മകന്‍ കെ.വി. പ്രസാദ് (63) നിര്യാതനായി.

## മുതുക്കന്‍ ആന്റണി

**ഒല്ലൂര്‍:** ആലപ്പാട്ട് മുതുക്കന്‍ ആന്റണി (67) നിര്യാതനായി. ഭാര്യ: ഹെലന്‍. മകന്‍: കീര്‍ത്ത് (യുഎസ്). മരുമകള്‍: ആലീസ്.

**കുമരകം:** റിട്ട. പോലീസ് ഉദ്യോഗസ്ഥന്‍ തോട്ടുമുഖത്ത് ചിറയില്‍ കരുണാകരന്‍(83) നിര്യാതനായി.

## ഏലിയാമ്മ മത്തായി

**എടത്വ:** കുന്തിരിക്കല്‍ വളവുങ്കല്‍ പുത്തന്‍പറമ്പില്‍ പരേതനായ തോമസ് മത്തായിയുടെ ഭാര്യ ഏലിയാമ്മ (91) നിര്യാതയായി. മക്കള്‍: ലില്ലിക്കുട്ടി (യുഎസ്), ആലീസ്, അച്ചന്‍കുഞ്ഞ് (ദുബായ്). മരുമക്കള്‍: രാജന്‍ ഫിലിപ്പ് മുണ്ടുകുഴി ആശാരിപറമ്പില്‍ (മാടപ്പള്ളി), ഇ.ജെ. വര്‍ഗീസ് വടക്കേടത്ത് പറമ്പില്‍ (പുളിക്കീഴ്), മിനി സൂസന്‍.

**തിരുവനന്തപുരം:** 'ദ് ഹിന്ദു' ഡെപ്യൂട്ടി എഡിറ്റര്‍ എന്‍. ജ്യോതിഷ് നായര്‍ (എന്‍ജെ നായര്‍-58) നിര്യാതനായി.

**അയിരൂര്‍:** ചിറപ്പുറം കുന്നംകുഴിയില്‍ ജോസഫ് തോമസ് (61) നിര്യാതനായി.

## കെ.കെ. പുന്നൂസ്

**വടവാതൂര്‍:** എംആര്‍എഫ് റിട്ട. ഉദ്യോഗസ്ഥന്‍ വളഞ്ഞാറ്റില്‍ കെ.കെ. പുന്നൂസ് (ജോയിമോന്‍-65) നിര്യാതനായി. ഭാര്യ: കുമരകം പുത്തന്‍പുരയില്‍ ജയമോള്‍. മക്കള്‍: ജെറിന്‍ കുര്യന്‍, ജെസ്‌ലിന്‍ (യുഎസ്). മരുമകന്‍: ബിനീഷ് പീറ്റര്‍ മുട്ടത്തുകര വാകത്താനം (യുഎസ്).

## എന്‍. രാഘവന്‍

**അടൂര്‍:** കരുവാറ്റ രാജേഷ് ഭവനില്‍ എന്‍. രാഘവന്‍ (80) നിര്യാതനായി. ഭാര്യ: ശ്യാമള. മക്കള്‍: രാജേഷ് (യുഎസ്), രാജി, രാജീവ്. മരുമക്കള്‍: മായ (യുഎസ്), ബിനു, സൂര്യ (റെയില്‍വേ).

## ഏലിയാമ്മ മാത്യു



**മേരിലാന്റ്:** തിരുവല്ല കാരയ്ക്കല്‍ കുന്നുതറ പരേതനായ പാസ്റ്റര്‍ കെ.എം. മാത്യൂസിന്റെ ഭാര്യ ഏലിയാമ്മ (95) ബാള്‍ട്ടിമോറില്‍ നിര്യാതയായി. മക്കള്‍: രമണി ജോര്‍ജ് (ന്യൂജഴ്സി), വല്‍സ തരകന്‍ (ബാള്‍ട്ടിമോര്‍). മരുമക്കള്‍: കോശി ജോര്‍ജ് (ന്യൂജഴ്സി), പരേതനായ ഉമ്മന്‍ തരകന്‍ (അടൂര്‍).

**എരുമേലി:** സതേണ്‍ റെയില്‍വേ റിട്ട. ഉദ്യോഗസ്ഥന്‍ കൊരട്ടി ഉറുമ്പില്‍ ടി. തോമസ് (കുഞ്ഞ് -81) നിര്യാതനായി.

**കോട്ടയം:** സിന്‍ഡിക്കേറ്റ് ബാങ്ക് റിട്ട. ഡിവിഷണല്‍ മാനേജര്‍ മടുക്കാനി കോട്ടൂരേത്ത് സി.ജെ. തോമസ് (86) നിര്യാതനായി.

## എന്‍.കെ. തോമസ്

**ഏറ്റുമാനൂര്‍:** കുറവിലങ്ങാട് ദേവമാതാ കോളജ് റിട്ട. പ്രഫസര്‍ പട്ടിത്താനം നടുവിലെത്തില്‍ എന്‍.കെ. തോമസ് (75) നിര്യാതനായി. ഭാര്യ: പാലാ കാപ്പില്‍ എലിസബത്ത്. മക്കള്‍: ട്രീസ (അസിസ്റ്റന്റ് ഡയറക്ടര്‍, ക്ഷീര വികസന വകുപ്പ്), കുര്യന്‍ (യുഎസ്). മരുമക്കള്‍: സാജു ജോര്‍ജ് കേളകത്ത് പെരുമ്പാവൂര്‍, സംഗീത ജോസഫ് എമ്പ്രയില്‍ പാലാ (യുഎസ്).

**പൂഞ്ഞാര്‍:** ശ്രീരംഗം വീട്ടില്‍ പരേതനായ ശങ്കരന്‍ നായരുടെ ഭാര്യ തങ്കമ്മ (74) നിര്യാതയായി.

**പാലാ:** ആരാധനാ മഠാംഗമായ സിസ്റ്റര്‍ വെനാര്‍ഡ് കാരാമേല്‍ (89) നിര്യാതയായി.

**പിഴക്:** കോണ്‍ഗ്രിഗേഷന്‍ ഓഫ് ജീസസ് സഭാംഗം സിസ്റ്റര്‍ ഊര്‍സല (98) നിര്യാതയായി.

## സേവ്യര്‍ കുര്യാക്കോസ്

**മാന്‍വെട്ടം:** മുതിരക്കാലായില്‍ സേവ്യര്‍ കുര്യാക്കോസ് (കുര്യന്‍കുഞ്ഞ്-79) നിര്യാതനായി. ഭാര്യ: ഏറ്റുമാനൂര്‍ കുറ്റിക്കല്‍ അന്നമ്മ. മക്കള്‍: ബെന്നി (എസ്ഐ, മരങ്ങാട്ടുപ്പള്ളി), പുഷ്പ കുര്യന്‍ (വാരണാസി), സന്തോഷ് കുര്യന്‍ (യുഎസ്), ബിനോയി കുര്യന്‍, അജീസ് കുര്യന്‍, നോബിള്‍ കുര്യന്‍ (മൂവരും യുകെ), ഷമ്മി കുര്യന്‍ (അബുദാബി). മരുമക്കള്‍: ആനി അഗസ്റ്റിന്‍ (അധ്യാപിക, സെന്റ് സേവ്യേഴ്സ് എച്ച്എസ്, കുറുപ്പന്തറ), ഡോ. സുബോധ് കുമാര്‍ സിങ് (വാരണാസി), സിജിമോള്‍ (യുഎസ്), ലിബി, റൂത്ത്, ജീമോള്‍ (മൂവരും യുകെ), ബോബന്‍ (അബുദാബി).

**കുറവിലങ്ങാട്:** കണ്ണംകുളത്തേല്‍ ഔസേപ്പിന്റെ ഭാര്യ അന്നക്കുട്ടി (77) നിര്യാതയായി.

**എസ്എച്ച് മൗണ്ട്:** കുന്നുകാലായില്‍ കെ.പി. തോമസ് (74) നിര്യാതനായി.

## മറിയാമ്മ ഏബ്രഹാം

**കൈപ്പുഴ:** കണിയാംപറമ്പില്‍ പരേതനായ ഏബ്രഹാമിന്റെ (പിഡബ്ല്യൂഡി റിട്ട. ഉദ്യോഗസ്ഥന്‍) ഭാര്യ മറിയാമ്മ (83) നിര്യാതയായി. മാഞ്ഞൂര്‍ കല്ലിടിക്കില്‍ കുടുംബാംഗമാണ്. മക്കള്‍: ബെന്നി, വിജി, സാബു, ജെസി (ഇരുവരും യുഎസ്). സെബി (ന്യൂസീലാന്‍ഡ്). മരുമക്കള്‍: സിസിലി കാര്യാപ്പാക്കില്‍ (കരിങ്കുന്നം), ജോയി പുത്തന്‍പീടികയില്‍ (വെണ്ണിക്കുളം), ടോമി പുളിവേലില്‍ (ഞീഴൂര്‍), ഷാലി നിരപ്പത്ത് (തൊടുപുഴ), സ്റ്റീവ്സണ്‍ ആനാലില്‍ (ഉഴവൂര്‍).

## എം.എം. തോമസ്

**മേവട:** മോനിപ്പള്ളില്‍ എം.എം. തോമസ് (78) നിര്യാതനായി. ഗോവ പോണ്ടയില്‍ വാഗില്‍ ഹൈസ്കൂള്‍ റിട്ട. ഹെഡ്മാസ്റ്റര്‍ ആയിരുന്നു. ഭാര്യ: ചേര്‍ത്തല നെടുമ്പ്രക്കാട്ട് തുരുത്തിക്കാട്ട് വല്‍സമ്മ തോമസ് (ഗോവ പോണ്ട എസ്എസ് സമതി ഹൈസ്കൂള്‍ റിട്ട. ഹെഡ്മിസ്ട്രസ്). മക്കള്‍: വന്ദന, ചന്ദന (ഇരുവരും യുഎസ്), ഫാന്‍സി (ബെംഗളൂരു). മരുമക്കള്‍: സല്‍മാന്‍, സംത (ഇരുവരും യുഎസ്), മനു (ബെംഗളൂരു).

**എളനാട്:** കാരിക്കോട്ടില്‍ പരേതനായ ഇട്ടന്‍പിള്ളയുടെ മകന്‍ ഡോ. ഏലിയാസ് (81) നിര്യാതനായി.

**മരങ്ങാട്ടുപ്പിള്ളി:** ആണ്ടൂര്‍ നെല്ലരിയേല്‍ അലക്സ് അഗസ്റ്റിന്‍ (79) നിര്യാതനായി.

**ചങ്ങനാശേരി:** ചെറുകരക്കുന്ന് ക്ലൂണി സന്ന്യാസിനി സമൂഹത്തിലെ സിസ്റ്റര്‍ ഫെലിസിയ (70) നിര്യാതയായി.

**അരയന്‍കാവ്:** പുത്തന്‍പുരയില്‍ എ.വി. തോമസ് (81) നിര്യാതനായി.

## VILLA FOR SALE

Architect designed 3 bed room villa in a gated colony is for sale. Land area - 7 cents. Location - Kaloor Ernakulam. Behind Gokul Restaurent, Lissie Hospital, Lourde Hospitsl, North Railway Station, connected with all highways. Area * 2300 sq.ft. with maids room+toilet. Common share of club house and compound. Fresh Muncipality water. Monthly maintenance charges as low as Rs.1000-00. This is secured gated colony in 1.5 acre land area. The prevailing land price is Rs.18 lakhs per cent. Price expected Rs.1.65 crores

**Contact**

**NG Jerome**

**Mob / whatsapp +91 944 62 11 630**

**e.mail- ngjerome@dataone.in**

## FULLTIME BABY SITTER

In search of a full time babysitter. Monday through Friday. We have 2 kids, Ages 4 and 2. Expecting a baby in December. Prefers candidate to have transportation but can occasionally drop off if needed. Located in Wheeling,

**Please contact: 847-254-9120 or 847-558-9248**

## നാനിയെ ആവശ്യമുണ്ട്

ബോസ്റ്റണിൽ (മസാച്യുസെറ്റ്സ്, USA) ഒരു വയസ്സ് പ്രായമുള്ള കുട്ടിയെ (കൂടെ താമസിച്ച്) നോക്കാനായി ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ഈ ഫോൺ നമ്പരിലോ (919-360-3282)**

**ഇമെയിൽ അഡ്രസ്സിലോ (absonny@gmail.com) ബന്ധപ്പെടുക.**

## PROPERTY FOR SALE ON MALLAPPALLY

Property for sale on Mallappally Ranny route. Cherthodu Junction 28 cent land with 3 room shop and 2 bedroom house with water facility available (well and water connection). 26 meter frontage main roadside. Car parking also available.

**Contact number:**

**Sabu UK- 0044 7859833078**

**Raju- 0091 8129287494/ 0091 9947097095**

## ആളെ ആവശ്യമുണ്ട്

ടെന്നിസ്സിയിൽ താമസിക്കുന്ന മലയാളി കുടുംബത്തിനു വീട്ടിൽ താമസിച്ചു മൂന്നു വയസ്സായ കുട്ടിയെ നോക്കുന്നതിന് ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ വിളിക്കുക: 301 655 4291 (Whatsapp/Regular)**

## HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്. അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്.

**താത്പര്യമുള്ളവർ വിളിക്കുക: (847) 340-7569, (847) 644-7298**

## HELP WANTED

Looking for a female, as a live-in companion for our 94 year old mother who lives in Louisiana with us. She is mostly independent but will need some assistance. She has partial vision impairment.

**Please contact 301-475-9492**

## മലയാളി കുടുംബത്തിന് വനിതാ കെയർഗിവറെ ആവശ്യമുണ്ട്

ചിക്കാഗോ ഓർലാൻഡ് പാർക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വനിതാ കെയർഗിവറെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളം നൽകപ്പെടും. ഭവനത്തിൽ താമസിച്ചുകൊണ്ട് വാർദ്ധക്യത്തിലായ പിതാവിനെ ശുശ്രൂഷിക്കാൻ താല്പര്യമുള്ള അപേക്ഷകർ താഴെ പറയുന്ന നമ്പരിൽ

**708 4667469** ബന്ധപ്പെടുക.

## CAREGIVER WANTED

Family in Atlanta seeking a stay in caregiver for a couple. Preferred female inquiries only.

**Please contact**

**678-622-2707** for suitable caretakers.

## ഉഴവൂരിൽ സ്ഥലം വില്പനയ്ക്ക്

ഉഴവൂരിൽ നിന്നും പയസ്മൗണ്ടിലേക്ക് പോകുന്ന വഴിക്ക് കരുനേച്ചി അമ്പലത്തിനു സമീപം വഴിയരുകിൽ 50 സെന്റ് സ്ഥലം വില്പനയ്ക്ക്. വീട് പണിയുന്നതിന് ഉത്തമം. N.R.I. യ്ക്ക് മുൻഗണന.

**താത്പര്യമുള്ളവർ വിളിക്കുക:**

**011-91-949-587-6840**

## HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**


**516-784-3621**

ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

ഉപകാരസ്മരണ



*Inserted by: Firm Believer, Houston*

## കഥ ഇതുവരെ

സ്നേഹനികേതനം എന്ന അനാഥാലയത്തിന്റെ ഉടമയായിരുന്ന ബ്രിജിത്താമ്മ വൃക്കരോഗം മൂലം മരിച്ചു. അന്തേവാസികൾ വിവിധ ഓർഫനേജുകളിൽ അയയ്ക്കപ്പെട്ടു. ചിന്നുമോൾ എന്ന ആറു വയസ്സുകാരി കൊല്ലത്ത് ത്യാഗഭവനം എന്ന ഓർഫനേജിൽ എത്തി. രേവതിക്കുട്ടി, മാമച്ചൻ-ഗ്രേസമ്മ ദമ്പതികളുടെ വീട്ടുവേലക്കാരിയായി. പാല കടപ്പാട്ടൂർ വീട്ടിലെത്തിയ അലീന പെറ്റമ്മയായ വൈജയന്തിയുടെ വീട്ടിലെ ജോലിക്കാരിയായി. വൈജയന്തി പെറ്റമ്മയാണെന്ന സത്യം പരമ രഹസ്യമായി സൂക്ഷിക്കണമെന്ന് ബ്രിജിത്താമ്മ അലീനയോട് പറഞ്ഞിരുന്നു. എന്നാൽ അലീന വൈജയന്തിയുടെ മകളാണെന്ന സത്യം വൈജയന്തിയുടെ ഭർത്താവ് ബാലചന്ദ്രമേനോൻ മനസ്സിലാക്കുന്നു. കുളത്തൂപ്പുഴയിൽ റബ്ബർഎസ്റ്റേറ്റും ഒരുപറ്റം നായ്ക്കളുമായി ഒറ്റയ്ക്കു കഴിയുന്ന റിട്ട. കേണൽ സ്റ്റാൻലി ജോസഫാണ് അലീനയുടെ അച്ഛൻ എന്നസത്യം ബാലചന്ദ്രമേനോൻ അലീനയെ അറിയിച്ചു. അലീനയെ മകളായി സ്വീകരിക്കാൻ സ്റ്റാൻലി തയാറായി. രേവതിക്കുട്ടി താമസിക്കുന്ന എറണാകുളം വീട്ടിലെ മാമച്ചന്റെയും ഗ്രേസമ്മയുടെയും മകനായിരുന്ന, ആറുവർഷം മുൻപ് മരിച്ചുപോയ ജിജോമോന്റെ കാമുകി ഷെറിൻ സ്റ്റാൻലിയുടെ ഇളയ സഹോദരിയാണെന്ന സത്യം അലീനയും മാമച്ചനും മനസ്സിലാക്കുന്നു. ജിജോ മരിക്കുമ്പോൾ ഗർഭിണിയായിരുന്ന ഷെറിൻ ഒരു പെൺകുട്ടിയെ പ്രസവിച്ചു. കുഞ്ഞിനെ ഓർഫനേജിൽ എത്തിച്ചശേഷം ഔതക്കുട്ടിച്ചായനും ആൺമക്കളുംകൂടി ഷെറിനെ ടോണി എന്ന ഗൾഫുകാരന് വിവാഹം കഴിച്ചുകൊടുത്തു. കുട്ടിയെ കാണാതെ സമനില തെറ്റിയ ഷെറിനെ ടോണി ഉപേക്ഷിച്ചു. മനോരോഗിയായിത്തീർന്ന ഷെറിന്റെ കുഞ്ഞിനെ അന്വേഷിച്ചു കണ്ടുപിടിക്കുക എന്നതാണ് അലീനയുടെ ഇപ്പോഴത്തെ ദൗത്യം. ഷെറിനെ കൊണ്ടുവന്നതിനെച്ചൊല്ലി സ്റ്റാൻലിയും സഹോദരങ്ങളും വഴക്കിടുന്നു. സ്റ്റാൻലി മാമച്ചന്റെ വീട്ടിലെത്തി. ഷെറിന്റെ മോളെ കണ്ടുപിടിക്കുന്നതിന് മേരിക്കുട്ടി സിസ്റ്ററെ കാണാൻ പോകാമെന്ന് അലീന പറയുന്നു. കുട്ടി ജീവിച്ചിരിക്കുന്നുണ്ടെന്നാണ് സിസ്റ്ററിൽ നിന്നു ലഭിച്ച വിവരം.

(തുടർന്നു വായിക്കുക)

147



ജോയ്സി

അലീനയുടെ അഭിപ്രായത്തോട് യോജിക്കാൻ സ്റ്റാൻലി ആദ്യമൊന്നും തയാറായില്ല. സ്വന്തം അപ്പച്ചനും അനുജന്മാരും ചേർന്ന് തന്നെ വിഡ്ഢിയാക്കാൻ ശ്രമിച്ചത് അയാളെ രോഷാകുലനാക്കിയിരുന്നു.

മേരിക്കുട്ടിയുടെ അഡ്രസ് അറിയില്ലെന്നു പറഞ്ഞതും തെറ്റായ ഫോൺ നമ്പർ കൊടുത്തതുമാണ് പപ്പയുടെ അമർഷത്തിന് കാരണമെന്ന് അലീനയ്ക്കു മനസിലായി.

അവൾ പപ്പയെ അനുനയിപ്പിക്കാൻ ശ്രമിച്ചു.

"അതെല്ലാം പൊട്ടെന്നേ. നമുക്കിപ്പം എന്താ വേണ്ടത് റാണിയാന്റിയുടെ മോൾ എവിടെയുണ്ടെന്നറിയണം അതിനു സാധിച്ചാൽ ആരാ ജയിക്കുന്നെ- നമ്മളല്ലേ തോൽക്കുന്നത് അവരും പിന്നെന്താ?"

സ്റ്റാൻലിക്ക് അനുരഞ്ജനത്തിന്റെ ഭാഷ വശമില്ല. ആരോടെങ്കിലും കൊഞ്ചാനോ ആരുടെയെങ്കിലും മുൻപിൽ തല കുനിക്കാനോ അയാൾ തയാറല്ല. തനിക്കു ശരിയെന്നു തോന്നുന്നത് ചെയ്യുക എന്ന കർക്കശമായ നിലപാടിൽ അയാൾ എന്നും ഉറച്ചു നിന്നിരുന്നു.

മാമച്ചനും ഗ്രേസമ്മയുടെ അലീനയുടെ അഭിപ്രായത്തെ അനുകൂലിച്ചു സംസാരിച്ചു.

"മിസ്റ്റർ സ്റ്റാൻലിയെ അവർ പറ്റിക്കാൻ ശ്രമിച്ചു എന്നത് ശരിയാണ് അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. പക്ഷേ, അവരെന്തൊക്കെയോ ഭയപ്പെടുന്നുണ്ട് അതുകൂടി നിങ്ങൾ കണക്കിലെടുക്കണം ഞാൻ ഉപദേശിക്കുകയല്ല. അവർ വിചാരിക്കുന്നത് കുടുംബത്തിന് ദുഷ്പേരുണ്ടാകും, മാനക്കേടു കാരണം അവർക്ക് ആളുകളെ ഫെയ്സ് ചെയ്യാൻ പറ്റാതാകും. ലോകം മുഴുവൻ ഇതെല്ലാം അറിഞ്ഞ് പരിഹസിച്ചു ചിരിക്കും എന്നൊക്കെയാണല്ലോ. അതുകൊണ്ടാണല്ലോ അവരിത്രയും കാലം എല്ലാം മറച്ചുവെച്ചത് അല്ലാതെ മിസ്റ്റർ സ്റ്റാൻലിയോട് അവർക്ക് വിരോധമുണ്ടായിട്ടാണോ? ഷെറിനോട് അവർക്ക് വൈരാഗ്യമുണ്ടോ? ആ കുഞ്ഞിനോട് അവർക്ക് വിവേദമുണ്ടോ? സമൂഹത്തിന്റെ മുൻപിൽ തരം താഴ്ത്തപ്പെടരുത് അത്രേയുള്ളു. അതിനുവേണ്ടി ചില മുൻകരുതലുകൾ എടുത്തു. മറ്റുള്ളവരെ അതെങ്ങനെ ബാധിക്കുന്നെന്നോ എന്തുമാത്രം വേദനിപ്പിക്കുന്നെന്നോ അവർ നോക്കുന്നില്ല അത് അവരുടെ വിഷയമല്ല."

സ്റ്റാൻലിയുടെ മൗനം ആശങ്കാജനകമായി തുടർന്നു.

"ധൃതിപിടിച്ച് തീരുമാനിക്കേണ്ട കാര്യമൊന്നുമില്ലല്ലോ. ആലോചിച്ചിട്ട് ഏതാ ശരിയെന്നുവെച്ചാ അങ്ങനെ ചെയ്താൽ മതി" ഗ്രേസമ്മ പറഞ്ഞു.

"അലീന പറഞ്ഞപോലെ എല്ലാവരും വേണ്ടപ്പെട്ടവരു തന്നെ ഒരേ കുടുംബത്തിലെ അംഗങ്ങൾ സ്വന്തക്കാർ തമ്മിൽ ഒരിക്കൽ ശത്രുതയുണ്ടായാൽ, പിന്നെയതു മാറാൻ ബുദ്ധിമുട്ടാണെന്നാ പറയാറ്."

സ്റ്റാൻലി അലീനയേയും ഷെറിനേയും തിരികെ കൊണ്ടുപോകാൻ എത്തിയതായിരുന്നു. ഒരു ദിവസം അവിടെ താമസിച്ചിട്ട് പിറ്റേന്നു പോകാമെന്നു മാമച്ചൻ പറഞ്ഞെങ്കിലും സ്റ്റാൻലി വഴങ്ങിയില്ല.

രേവതിക്കുട്ടിയും ഗ്രേസമ്മയും ഇന്നു പോകേണ്ടെന്നു സ്റ്റാൻലിയോടു നിർബന്ധിച്ചു പറയാൻ അലീനയെ പ്രേരിപ്പിച്ചു.

"പപ്പ നിൽക്കില്ല" എനിക്കറിയാം അലീന പറഞ്ഞു "വൈകുന്നേരം പോയാമതിയെന്നു പറഞ്ഞാ കേൾക്കുമായിരിക്കും."

സന്ധ്യയോടെ പുറപ്പെട്ടാൽ മതിയെന്ന് അവൾ സ്റ്റാൻലിയോടു പറഞ്ഞ് സമ്മതിപ്പിക്കുകയും ചെയ്തു.

പാലായിൽനിന്ന് രോഹിത്ത് വന്നു മടങ്ങിയ വിവരം പപ്പയോട് പറയണോ വേണ്ടയോ എന്ന് അലീന ശങ്കിച്ചു. പാലാക്കാരുമായി തനിക്കുള്ള അടുപ്പം പപ്പയ്ക്ക് ഇഷ്ടമല്ലെന്ന് അവൾക്കറിയാം.

"നിന്റെ കൂട്ടുകാരി താമസിക്കുന്ന വീട് കൊള്ളാമല്ലോ."

മാമച്ചന്റെ വീടിന്റെ ബാൽക്കണിയിൽ നിൽക്കുമ്പോൾ സ്റ്റാൻലി അലീനയോടു പറഞ്ഞു.

"ഇവിടെ വന്നുചേരാൻ പറ്റിയത് അവൾടെ ഭാഗ്യമാ പപ്പാ." അലീന സമ്മതിച്ചു അങ്കിളിനും ആന്റിക്കും അവൾ സ്വന്തം മോളെപ്പോലെയാ അവരവളെ പഠിപ്പിക്കാനയയ്ക്കുന്നുമുണ്ട് അവരുടെ ആരുമല്ലെന്നോർക്കണം."

"പക്ഷേ ഒരു ദിവസം അവൾ കല്യാണം കഴിച്ച് പോകുമല്ലോ. പിന്നെ ആരുണ്ട് അവർക്ക്?" സ്റ്റാൻലി അർഥഗർഭമായി പറഞ്ഞു.

"അതു ശരിയാ... എല്ലായിടത്തും അങ്ങനെയല്ലേ പപ്പാ എത്രയോ വീടുകളിൽ മക്കൾ നാനാവഴിക്ക് പിരിഞ്ഞുപോയിട്ട് അച്ഛനമ്മമാർ മാത്രം താമസിക്കുന്നു."

"ഉം..." സ്റ്റാൻലി മൂളി.

പപ്പയുടെ മുഖത്ത് ഒരു വല്ലായ്മ അവൾ കണ്ടു ഒരിക്കൽ താനും പിരിഞ്ഞുപോകുമെന്ന ആശങ്ക ഉണ്ടായിരിക്കാം.

"പക്ഷേ, പപ്പയ്ക്ക് ഒരിക്കലും ഒറ്റപ്പെടേണ്ടി വരില്ല. എന്നെക്കൂടാതെ മൂന്നു മക്കളും കൂടിയുണ്ടല്ലോ."

സ്റ്റാൻലി മുഖംതിരിച്ച് അലീനയെ നോക്കി.

പിന്നെ, ഹാൻഡ് റെയിലിൽ കൈകളൂന്നി

"അവരാണ് ആദ്യം പിരിഞ്ഞുപോയത്."

"അതു താൽകാലികമല്ലേ പപ്പാ... നമുക്ക് അവരെ തിരിച്ചു കൊണ്ടുവരണ്ടെ?"

"ഇല്ല- അവരുടെ ഫാമിലി സർക്കിളിൽ അവർ മൂന്നു മക്കളും അവരുടെ അമ്മയും മാത്രമേയുള്ളു. ഞാൻ ആ സർക്കിളിനു വെളിയിലാണ്. ഓർബിറ്റിനു പുറത്ത് ഉപേക്ഷിക്കപ്പെട്ട ഒരു സാറ്റ്ലെറ്റ് ഇപ്പോൾ ഞാനതും ആസ്വദിക്കുന്നുണ്ട്."

"പപ്പയ്ക്ക് ഇനിയവരെ വേണ്ടേ?"

"എനിക്ക് അവരെക്കൊണ്ട് എന്തുകാര്യം അവർക്ക് എന്നെയാണ് ആവശ്യം. പക്ഷേ അവർ വിചാരിക്കുന്നു. അവരെക്കൊണ്ട് എനിക്കാണ് അത്യാവശ്യമെന്ന് അല്ലെങ്കിൽ ആരൊക്കെയോ അവരെ അങ്ങനെ ധരിപ്പിച്ചിരിക്കുന്നു. അവരുടെ പപ്പ മദ്യപാനിയും ധൂർത്തനും സ്നേഹശൂന്യനും സ്വാർഥനും നീചനുമൊക്കെയാണെന്ന് എന്നെ അങ്ങനെ കാണാനുള്ള സ്റ്റഡി ക്ലാസുകൾ അവർക്കു കിട്ടിയിട്ടുണ്ട്."

"പപ്പയെന്തുകൊണ്ട് അതു തിരുത്തിയില്ല?"

"ഞാനല്ല തിരുത്തേണ്ടത് ഞാൻ തിരുത്താൻ ശ്രമിച്ചാൽ അവർ കൂടുതൽ ചിന്താക്കുഴപ്പത്തിലാകും! മക്കൾ എന്തായാലും പിരിഞ്ഞു പോകാനുള്ളവരാണ്. മാതാപിതാക്കളെ പിന്നിലാക്കി അവർ അവരുടെ വഴിയേ സഞ്ചരിക്കും. പല വീടുകളിലും അവധിക്കാല സന്ദർശകർ മാത്രമാണു മക്കൾ. എന്റെ കുട്ടികൾ വളരെ നേരത്തെ സ്വതന്ത്രരായി. ബന്ധങ്ങൾ അയഞ്ഞു സ്വാതന്ത്ര്യം കിട്ടുന്നതായി നമ്മൾ മനസ്സിലാക്കണം അങ്ങനെ ചിന്തിച്ചാൽ ദുഃഖിക്കേണ്ടി വരില്ല."

"ഞാൻ വന്നതുകൊണ്ട് പപ്പയ്ക്കു ദുഃഖമാണോ? പപ്പയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടില്ലേ." അലീന ചോദിച്ചു

സ്റ്റാൻലി ആശ്ചര്യസ്തബ്ധനായി

അവളുടെ മുഖത്തേക്കു നോക്കി.

ഒരുത്തരം കിട്ടുന്നില്ല.

അലീന പപ്പയോടു ചേർന്നു നിന്നു.

"സ്നേഹത്തിന്റെ തടവറയാണ് സ്വാതന്ത്ര്യം മാത്രമുള്ള തുറന്ന ലോകത്തേക്കാൾ നല്ലത്." അവൾ പതിയെ പറഞ്ഞു

വൈകുന്നേരമായപ്പോഴേക്കും സ്റ്റാൻലിയുടെ നിലപാടിൽ അൽപ്പം അയവു വന്നിരുന്നു. അനുജന്മാരോടു നേരിട്ടു പോരിനിറങ്ങുന്നില്ലെന്നു സമ്മതിച്ചു. മേരിക്കുട്ടിയെ കാണാൻ പോകാമെന്നും ധാരണയായി.

അലീനയ്ക്ക് ഇതിൽപ്പരമൊരു സന്തോഷമില്ല. മാമച്ചന്റേയും ഗ്രേസമ്മയുടെയും ആശങ്ക നീങ്ങി. കൊൽക്കത്ത വരെ ട്രെയിനിൽ പോകാമെന്നായിരുന്നു ആദ്യത്തെ കണക്കുക്കൂട്ടൽ.

ട്രെയിനിൽ പോകുന്നതിനേക്കാൾ നന്ന് വിമാനയാത്രയായിരിക്കുമെന്ന് മാമച്ചൻ അഭിപ്രായപ്പെട്ടു ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ കാര്യം കഴിയും!

"അതാ നല്ലത്. അലീനചേച്ചി ഇതുവരെ പ്ലെയിനിൽ യാത്ര ചെയ്തിട്ടില്ലല്ലോ."

രേവതിക്കുട്ടി ഉടൻ മാമച്ചനെ സപ്പോർട്ടു ചെയ്തു.

ഒരു ദിവസം സ്വപ്നത്തിൽ കേറീട്ടുണ്ട് അലീന ചിരിയോടെ പറഞ്ഞു.

"അതെവിടാ വെച്ചാ കേൾക്കട്ടെ... കേൾക്കട്ടെ..."

രേവതിക്കുട്ടിക്കു കൗതുകമായി

"ആദ്യം ഒരു ബസിലായിരുന്നു. അതിന്റെ ബ്രേക്കുപൊട്ടി ഒരു വല്യ കൊക്കയിലേക്കു മറിഞ്ഞു.

തലകുത്തനെ പാതിവഴി ചെന്നപ്പം ബസിന്റെ രണ്ടുവശത്തും വിമാനത്തിന്റെ പോലെ ചിറക്. ബസ് പറക്കാൻ തുടങ്ങി. പറന്നു പറന്ന് കുറേദൂരം ചെന്നപ്പം ബസിനകത്ത് ഞാൻ മാത്രമേയുള്ളു. ബസിന്റെ വലിപ്പം കുറഞ്ഞിട്ട് അതൊരു കൊതുമ്പുവള്ളം പോലെയായി എനിക്കു മാത്രം കഷ്ടിച്ച് ഇരിക്കാം. പൈലറ്റൊന്നുമില്ല ഞാൻ തന്നെയാ എല്ലാം ഒടുക്കം അതുചെന്ന് വലിയൊരു കയത്തിലോട്ടു വീണു. ഞാനങ്ങു മുങ്ങിപ്പോയി ശ്വാസം മുട്ടീട്ട് കണ്ണുതുറന്നു നോക്കുമ്പം കട്ടിലേ കിടക്കുവാ."

രേവതിക്കുട്ടി അതുകേട്ട് പൊട്ടിച്ചിരിച്ചു.

ഗ്രേസമ്മയും മാമച്ചനും ഒപ്പം കൂടി.

സ്റ്റാൻലിയുടെ മുഖത്ത് ഒരു മന്ദഹാസം മാത്രമേയുണ്ടായുള്ളു.

"ടിക്കറ്റ് ഞാൻ ബുക്ക് ചെയ്യാം. മാമച്ചൻ പറഞ്ഞു.

"പോകാൻ സൗകര്യപ്പെടുന്ന ഡേറ്റ് ഏതാണെന്നു പറഞ്ഞാമതി."

"അത് ആലോചിക്കണം." സ്റ്റാൻലി പറഞ്ഞു.

# നോവൽ

"രണ്ടു ദിവസത്തെ കാര്യമേയുള്ളെങ്കിൽ നാളെത്തന്നെ പോകാമല്ലോ. ഫ്ളൈറ്റ് ടിക്കറ്റ് കിട്ടാനാണോ വിഷമം.." രേവതിക്കുട്ടി അഭിപ്രായപ്പെട്ടു.

അവൾ മാമച്ചനോടും ഗ്രേസമ്മയോടുമൊപ്പം ഫ്ളൈറ്റിൽ യാത്ര ചെയ്തിട്ടുണ്ട്.

"എല്ലാം പപ്പയുടെ തീരുമാനംപോലെ"

അലീന സ്റ്റാൻലിയെ നോക്കി

"വീട്ടിലൊന്നു പോകണം യാത്രയ്ക്കുള്ള തയാറെടുപ്പിലല്ല വന്നത് ഡ്രസും സ്യൂട്ക്കേയ്സും മറ്റും എടുക്കേണ്ടേ."

സ്റ്റാൻലി പറഞ്ഞു


"നാളെയോ മറ്റന്നാളോ യാത്ര തിരിക്കും നെടുമ്പാശേരീന്നു കയറാമല്ലോ. അതോ തിരുവനന്തപുരമാണോ സ്റ്റാൻലിക്കു സൗകര്യം?" മാമച്ചൻ ചോദിച്ചു

"നെടുമ്പാശേരി മതി." സ്റ്റാൻലി പറഞ്ഞു

"അങ്ങനെയാണെങ്കിൽ നമ്മൾ തിരിച്ചെത്തുന്നതുവരെ റാണിയാന്റി ഇവിടെ നിൽക്കട്ടെ പപ്പാ. കുളത്തൂപ്പുഴയ്ക്കു കൊണ്ടുപോയാ റാണിയാന്റി ഒറ്റയ്ക്കായിപ്പോവില്ലേ. പോയിട്ടു തിരിച്ചുവരുമ്പം നമുക്ക് റാണിയാന്റിയെ കൂട്ടാം." അലീന പറഞ്ഞു.

"അതാ നല്ലത്." ഗ്രേസമ്മ ശരിവെച്ചു.

സ്റ്റാൻലിക്കും അതിൽ അപാകതയൊന്നും തോന്നിയില്ല.



എന്നുമാത്രമല്ല തങ്ങൾ യാത്ര പോകുമ്പോൾ ഷെറിനു താമസിക്കാൻ പറ്റിയ ഏറ്റവും സുരക്ഷിതമായ സ്ഥലം ഇതുതന്നെയായിരിക്കുമെന്നും അയാൾക്കു മനസ്സിലായി.

"നാളെയോ മറ്റന്നാളോ യാത്ര പുറപ്പെടുന്നുണ്ടെങ്കിൽ അലീനചേച്ചിയെന്തിനാ ഇന്നിപ്പോ കുളത്തൂപ്പുഴയ്ക്കു പോകുന്നത്. പപ്പ പോയി വേണ്ടതെല്ലാം എടുത്തോണ്ട് ഇങ്ങു വന്നാ മതിയല്ലോ." രേവതിക്കുട്ടി അഭിപ്രായപ്പെട്ടു.

"അവളുടെ ഡ്രസ് എടുക്കണമല്ലോ." സ്റ്റാൻലി പറഞ്ഞു

"അതൊക്കെ ഇവിടെയുണ്ട് പപ്പാ. ഞാൻ ഒരാഴ്ച ഇവിടെ താമസിക്കാൻ കരുതിപ്പോന്നതല്ലേ.." അലീന വെളിപ്പെടുത്തി

"ശരിയാ... വെറുതെ എന്തിനാ അങ്ങോട്ടുമിങ്ങോട്ടും അത്രേം ദൂരം യാത്രചെയ്യുന്നെ മടുത്തുപോകും അവൾ." ഗ്രേസമ്മ പറഞ്ഞു.

സ്റ്റാൻലി മറുത്തൊന്നും പറഞ്ഞില്ല.

എന്നാൽ, സന്ധ്യമങ്ങിയ നേരത്ത് കുളത്തൂപ്പുഴയിലേക്ക് യാത്ര പുറപ്പെടാനിറങ്ങിയപ്പോൾ പപ്പയുടെ മുഖത്ത് ഒരു ഇച്ഛാഭംഗമുണ്ടെന്ന് അലീന കണ്ടു.

പപ്പ തനിയെ അങ്ങോട്ട്.

നാളെ തിരിച്ചിങ്ങോട്ടും ഒറ്റയ്ക്ക്.

"ഞാനും കൂടി വരാം പപ്പാ." അലീന പറഞ്ഞു

"അഞ്ചു മിനിറ്റനകം ഞാൻ റെഡിയാകാം."

"നീ വരണമെന്നില്ല." സ്റ്റാൻലി പറഞ്ഞു

"വേണം പപ്പ ഒറ്റയ്ക്കു പോകണ്ട."

അലീന ഡ്രസ് മാറികൊണ്ടിരിക്കുമ്പോൾ രേവതിക്കുട്ടി വന്നു ചോദിച്ചു" എന്താ പെട്ടെന്നൊരു മനമാറ്റം?"

"ഞാൻ കൂടെയുള്ളതാ പപ്പയ്ക്കിഷ്ടം."

"കൂടെച്ചെല്ലാൻ പറഞ്ഞില്ലല്ലോ പപ്പ?"

"പറയാതെയും ചിലകാര്യങ്ങൾ മനസ്സിലാക്കണ്ടേ. ചിലർ എത്ര ആഗ്രഹിച്ചാലും ഗർവ് കാരണം പറയാറില്ല. വേറെ ചിലർ ആഗ്രഹമില്ലെങ്കിൽപ്പോലും ഭംഗിവാക്ക് പറയും."

അടുത്ത ദിവസം വരാമെന്നു മാമച്ചനോടും ഗ്രേസമ്മയോടും പറഞ്ഞ് സ്റ്റാൻലി ചെന്നു കാറിൽ കയറി. അലീന ഷെറിന്റെ അടുത്തുചെന്നു. "സന്തോഷമായിട്ടിരിക്കണേ എല്ലാം ശരിയാകും."

ഷെറിൻ തലയാട്ടി.

"അങ്കിളേ... ആന്റീ... പോയിട്ടു വരാം..."

അലീന പറഞ്ഞു.

"എന്നെ വിളിച്ചെങ്കീ ഞാനുംകൂടി വന്നേനെ."

രേവതിക്കുട്ടി പരിഭവിച്ചു

"മനപ്പൂർവം വിളിക്കാഞ്ഞതാ റാണിയാന്റിക്ക് നീയല്ലാതാരാ ഇവിടൊരു കൂട്ട്!"

അത്രയും പറഞ്ഞിട്ട് അലീന ഓടിച്ചെന്നു കാറിൽ കയറി. സ്റ്റാൻലി കാർ സ്റ്റാർട്ട് ചെയ്തു വെയ്റ്റ് ചെയ്യുകയായിരുന്നു.

കാർ ബൈപാസിലേക്കു പ്രവേശിച്ചപ്പോൾ സ്റ്റാൻലി ചോദിച്ചു

"എന്താ എന്റെകൂടെ പോരാമെന്നു വെച്ചത്?"

"എന്നെ വിളിച്ചോണ്ടു പോകാൻ വന്നിട്ട് വെറുംകയ്യോടെ തിരിച്ചു പോകുമ്പം പപ്പയ്ക്കൊരു വിഷമം തോന്നില്ലേ?"

സ്റ്റാൻലി മന്ദഹസിച്ചു

"വിഷമം തോന്നിയേനെ."

ചങ്ങലയിൽ കൊളുത്തി വലിച്ചതുപോലെ നിരങ്ങി നീങ്ങുന്ന വാഹനനിരയിലേക്ക് കണ്ണോടിച്ചുകൊണ്ട് അയാൾ പതിയെ പറഞ്ഞു

*** *** ***

മാമച്ചനാണ് കാറിൽ എയർപോർട്ടിൽ കൊണ്ടുവിട്ടത്. അലീനയേയും സ്റ്റാൻലിയേയും യാത്ര അയയ്ക്കാൻ അയാളോടൊപ്പം ഷെറിനും രേവതിക്കുട്ടിയും എയർപോർട്ടിലെത്തിയിരുന്നു.

ചെക്ക് ഇൻ ചെയ്യുംമുൻപ് മാമച്ചൻ സ്റ്റാൻലിക്കും അലീനയ്ക്കും കൈകൊടുത്ത് ബെസ്റ്റ് ഓഫ് ലക്ക് ആശംസിച്ചു.

രേവതിക്കുട്ടി അലീനയെ ആശ്ലേഷിച്ചു

"ഷെറിൻ ചേച്ചിടെ മോളേംകൊണ്ടേ വരാവൂ. അലീനചേച്ചിക്ക് അതു സാധിക്കൂംന്ന് എനിക്കറിയാം. ഞങ്ങളൊക്കെ ഇനി മണിക്കൂറുകളെണ്ണി കാത്തിരിപ്പു തുടങ്ങും നിങ്ങൾ തിരിച്ചെത്തുന്നതുവരെ."

അലീന പുഞ്ചിരിച്ചതേയുള്ളൂ.

ഷെറിൻ വർധിച്ച പ്രത്യാശയോടെ അവളെ നോക്കിക്കൊണ്ടു നിന്നു.

അലീന അവളുടെ തോളത്തു പിടിച്ചു

"റാണിയാന്റി മനസ്സുരുകി പ്രാർഥിക്കണം കേട്ടോ. നല്ല വാർത്ത കിട്ടണേന്ന്."

ഷെറിൻ തലയാട്ടി

സ്റ്റാൻലി അലീനയേയുംകൂട്ടി ഡിപ്പാർച്ചർ ലൗഞ്ചിലേക്കു പോയി. ചില്ലുവാതിൽ കടക്കും മുൻപ് അലീന തിരിഞ്ഞുനോക്കി. രേവതിക്കുട്ടിയും ഷെറിനും നിന്നു കൈവീശുന്നുണ്ടായിരുന്നു.

അലീന കണ്ടിട്ടില്ലാത്തൊരു ലോകമായിരുന്നു കൺമുൻപിൽ! അതിവിശാലമായ ഹാൾ, നൂറുകണക്കിന് ഇരിപ്പിടങ്ങൾ ലൗഡ് സ്പീക്കറിൽ ഇടയ്ക്കിടെ വരുന്ന അനൗൺസ്മെന്റുകൾ. ഹാൾ നിറയെ വിവിധ ഭാഷകൾ സംസാരിക്കുന്ന യാത്രക്കാർ. ഇറുകിയ വസ്ത്രം ധരിച്ച് അങ്ങിങ്ങുനീങ്ങികൊണ്ടിരിക്കുന്ന സുന്ദരിമാരായ എയർ ഹോസ്റ്റസുമാർ വിമാന കമ്പനികളുടെ ഡ്രസ് കോഡ് അണിഞ്ഞ യുവതികളും യുവാക്കളുമായ ജോലിക്കാർ. ചില്ലുകൾക്കപ്പുറം കുതിച്ചുപായുന്ന വിമാനം യാത്രക്കാരേയും കൊണ്ട് റൺവേക്കരികിലൂടെ നീങ്ങുന്ന വിമാനക്കമ്പനി .

അലീന എല്ലാം കൗതുകത്തോടെ നോക്കിക്കൊണ്ടിരുന്നു. സ്റ്റാൻലി അരികെ ഇരുന്ന്, അവൾക്ക് അറിയാത്തതെല്ലാം പറഞ്ഞു മനസ്സിലാക്കി കൊടുത്തു.

അവർക്കു പോകേണ്ട ഫ്ളൈറ്റിലേക്ക് നീങ്ങാനുള്ള അനൗൺസ്മെന്റ് വന്നപ്പോൾ സ്റ്റാൻലി അലീനയെ കൂട്ടിക്കൊണ്ടു പോയി.

റൺവേക്കരികിൽ പലയിടത്തായി ടാർമാക്കിൽ വിമാനങ്ങൾ കിടക്കുന്നതു കണ്ടപ്പോൾ അലീനയ്ക്കു തോന്നി അവയെല്ലാം ചെറുതാണെന്ന്. പക്ഷേ ഞങ്ങൾക്കു പോകേണ്ട വിമാനത്തിലേക്കു പ്രവേശിച്ചതോടെ അവളുടെ സംശയം നീങ്ങി.

"വിൻഡോ സൈഡ് വേണോ? പുറത്തേക്കു നോക്കാൻ പേടിയുണ്ടോ?" സ്റ്റാൻലി അവളോടു ചോദിച്ചു.

പേടിയില്ലെന്ന് അവൾ പറഞ്ഞു.

സ്റ്റാൻലി വിൻഡോ സൈഡ് സീറ്റ് അവൾക്കു വിട്ടുകൊടുത്തു. വിമാനം ടെക്കോഫ് ചെയ്യുന്നതിനു മുൻപ് എയർഹോസ്റ്റസ് കോക്ക് പിറ്റിന് മുൻപിൽനിന്നു ലൗഡ് സ്പീക്കറിലൂടെ വരുന്ന നിർദേശങ്ങൾക്കൊപ്പം സീറ്റ് ബെൽറ്റ് മുറുക്കേണ്ടതെന്നും അടിയന്തിര ഘട്ടങ്ങളിൽ എന്തൊക്കെയാണു ചെയ്യേണ്ടതെന്നും ആംഗ്യ ഭാഷയിൽ കാട്ടിക്കൊടുക്കുന്നുണ്ടായിരുന്നു.

സ്റ്റാൻലി സീറ്റ് ബെൽറ്റ് മുറുക്കേണ്ടത് എങ്ങനെയെന്ന് അലീനയ്ക്കു കാണിച്ചു കൊടുത്തു.

"പപ്പ ഒത്തിരി പ്രാവശ്യം വിമാനത്തിൽ യാത്ര ചെയ്തിട്ടുണ്ടോ?" അലീന താത്പര്യത്തോടെ ചോദിച്ചു.

"ഒരുപാടൊന്നുമില്ല." സ്റ്റാൻലി പറഞ്ഞു.

വിമാനം ഒരു മുരൾച്ചയോടെ റൺവേയിലേക്കു നീങ്ങി. ഒന്നു വട്ടംതിരിഞ്ഞു നിന്നു. ഭയങ്കമായൊരു വിറയലോടെ എൻജിൻ ഇരമ്പി. വിമാനം റൺവേയിലൂടെ കുതിച്ചു പാഞ്ഞു. അലീന സ്റ്റാൻലിയെ നോക്കി ശാന്തനായി ഇരിക്കുന്നു. അവൾക്കു സമാധാനമായി. എങ്കിലും റൺവേയിൽ നിന്ന് ആകാശത്തേക്ക് ഉയർന്നപ്പോൾ വയറ്റിലൊരാന്തൽ അനുഭവപ്പെട്ടു. അയാൾ ജനാലയിലൂടെ നോക്കി.

താഴെ കെട്ടിടങ്ങൾ, വയലുകൾ, പാടങ്ങൾ, കൃഷിയിടങ്ങൾ, മരങ്ങൾ, കെട്ടിടങ്ങൾ ചെറുതായി വന്നു. റോഡുകൾ കറുത്ത നാടപോലെയായി പാടശേഖരങ്ങൾ ചെറിയ ചതുരക്കള്ളികളായി, നദി നീല നൂൽപോലെ നേർത്തു.

സീറ്റ് ബെൽറ്റ് അഴിച്ചുകൊള്ളാൻ ലൗഡ് സ്പീക്കറിലൂടെ നിർദേശം വന്നു.

"ചെന്നൈയിൽ ചെന്നിട്ട് നമുക്ക് മാറിക്കയറേണ്ടി വരും. അവിടുന്നാണു കൊൽക്കത്തയ്ക്കുള്ള കണക്ഷൻ ഫ്ളൈറ്റ്.."

സ്റ്റാൻലി അലീനയോടു പറഞ്ഞു.

അവൾക്കതു ശരിക്കു മനസ്സിലായില്ല.

വിമാനത്തിൽ യാത്ര ചെയ്യുന്നത് അവൾ ഇതിനുമുൻപ് ഒരിക്കലും സങ്കൽപിച്ചിട്ടുകൂടിയില്ല.

ആകാശത്തുകൂടി വിമാനം പറക്കുന്നത് അവൾ കണ്ടിട്ടുണ്ട്. കുഞ്ഞുന്നാളിൽ ഓർഫനേജിന്റെ വരാന്തയിൽ നിന്നു ചാടിയിറങ്ങി ആകാശത്തേക്കു നോക്കി നിൽക്കുകയായിരുന്നു.

കഴക്കൂട്ടത്തെ ഓർഫനേജിൽ വളർന്ന ആ അനാഥ പെൺകുട്ടി ഇപ്പോൾ വിമാനത്തിലിരിക്കുകയാണ്.

അതും സ്വന്തം പപ്പയോടൊപ്പം!

അവളുടെ കണ്ണു നീറിനിറഞ്ഞു.

വിമാനം മേഘപ്രവതാനിക്കു മീതെ എത്തിയിരുന്നു. ഭൂമിയിൽ നിന്നു വേർപെട്ട് മറ്റൊരു ലോകത്തേക്കു പ്രവേശിച്ചതുപോലെ അവൾക്കു തോന്നി. ആയിരക്കണക്കിന് അടി താഴെ വെൺ മേഘങ്ങളുടേതു മാത്രമായ ലോകം.

*** *** ***

കൊൽക്കത്തയിൽ വിമാനമിറങ്ങുമ്പോൾ വൈകുന്നേരമായി സിലിഗുരിയിലേക്കുള്ള ഫ്ളൈറ്റ് എപ്പോഴാണെന്ന് സ്റ്റാൻലി എയർ പോർട്ട് സ്റ്റാഫിനോട് അന്വേഷിച്ചു.

ഇന്നു ഫ്ളൈറ്റില്ലെന്നായിരുന്നു മറുപടി

അടുത്ത ദിവസം രാവിലെ ഒരു പക്ഷേ ഫ്ളൈറ്റ് കിട്ടിയേക്കാം. ഗോഹട്ടിക്കു പോകുന്ന വിമാനമാണ് സിലിഗുരിയിലും അഗർത്തലയിലുമായി യാത്രമധ്യേ രണ്ടു ലാൻഡിങ് അതിനുണ്ട്. പക്ഷേ, ടിക്കറ്റ് കിട്ടുമോ എന്ന് അറിയില്ല.

(ശേഷം 30-ാം പേജിൽ)

# കുടുംബത്തിലാർക്കെങ്കിലും സർക്കാർ ജോലിയുണ്ടെങ്കിലും ആശ്രിത നിയമനം

കോട്ടയം: സർവീസിലിരുന്ന് മരിച്ച ജീവനക്കാരന്റെ ആശ്രിതരിൽ ആർക്കെങ്കിലും സർക്കാർ ജോലിയുണ്ടെങ്കിലും മറ്റ് ആശ്രിതന് ജോലി നൽകാതിരിക്കാനാവില്ലെന്ന് സർക്കാർ. ആശ്രിത നിയമനം സംബന്ധിച്ച പരാതികളിൽ തീരുമാനമെടുക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദേശത്തിന് മറുപടിയായാണ് സർക്കാർ ഉത്തരവ്. സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിന് മുമ്പാകെ 12 പരാതികൾ ലഭിച്ചിരുന്നു. സർവീസിലിരിക്കെ മരിച്ച ജീവനക്കാരന്റെ ആശ്രിതരിലാരെങ്കിലും സർക്കാർ ജോലിക്കാരാണെങ്കിൽ മറ്റ് ആശ്രിതന് സർക്കാർ നിയമനം നൽകേണ്ടതില്ലെന്ന് കാണിച്ചാണ് പരാതി നൽകിയത്. ഇക്കാര്യം പരിശോധിച്ച് തീരുമാനമെടുക്കാൻ ട്രിബ്യൂണൽ സർക്കാരിന് ഫെബ്രു. 14ന് നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ്. സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ പ്രധാന മാനദണ്ഡം കുടുംബത്തിന്റെ സാമ്പത്തിക പശ്ചാത്തലമാണെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നു. കുടുംബ വാർഷിക വരുമാനം സർക്കാർ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ വരുന്ന ആശ്രിതരുടെ അപേക്ഷകൾ മാത്രമാണ് നിയമനത്തിനായി പരിഗണിക്കുന്നത്. സർവീസിലിരിക്കെ മരിച്ച ജീവനക്കാരന്റെ ആശ്രിതരിലൊരാൾക്ക് സർക്കാർ ജോലിയുണ്ടെങ്കിലും കുടുംബത്തിന്റെ വാർഷികവരുമാനം നിശ്ചിതപരിധിക്കുള്ളിലാണെങ്കിൽ മാത്രമേ മറ്റ് ആശ്രിതന് നിയമനം ലഭിക്കുകയുള്ളൂവെന്നും ഉത്തരവിൽ പറയുന്നു. ഇക്കാരണത്താൽ അപേക്ഷകരുടെ നിർദേശം പരിഗണിക്കാനാവില്ലെന്നാണ് സർക്കാർ നിലപാട്. സേവനത്തിലിരിക്കെ മരിക്കുന്ന ജീവനക്കാരന്റെ കുടുംബത്തിന്റെ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയാതിരുന്നാൽ മാത്രമേ ആശ്രിതർക്ക് നിയമനത്തിന് അർഹതയുള്ളൂവെന്നാണ് നിലവിലെ വ്യവസ്ഥ. 1970 മുതലാണ് സർക്കാർ ആശ്രിതനിയമനപദ്ധതി ആരംഭിച്ചത്.

## നോവൽ

(29-ാം പേജിൽ നിന്നും)

ട്രാവൽ ഏജൻസിയുമായി ബന്ധപ്പെട്ടപ്പോൾ ഒരു ടിക്കറ്റ് കിട്ടുമെന്ന് അറിവായി. അതുകൊണ്ടു ഫലമില്ല. സ്റ്റാൻലിയും അലീനയും ഹോട്ടലിൽ മുറിയെടുത്തു താമസിച്ചു. മൂന്നാം ദിവസമാണ് അവർക്ക് സിലിഗുരിയിലേക്ക് എയർ ടിക്കറ്റ് കിട്ടിയത്.

രണ്ടു ദിവസവും സ്റ്റാൻലി ടാക്സി പിടിച്ച് കൊൽക്കത്തയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം അലീനയെ കൂട്ടിക്കൊണ്ടുപോയി കാണിച്ചു. സയൻസ് സിറ്റി, ബൊട്ടാണിക്കൽ ഗാർഡൻ, വിക്ടോറിയ പാലസ്, മദർ തെരേസയുടെ സേവാശ്രമം തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അവർ പോയി.

അടുത്ത ദിവസം സിലിഗുരിയിലെത്തി. ന്യൂ ജയ്പാൽഗുരിയിൽനിന്നും മേരിക്കുട്ടി മുൻപു താമസിച്ചിരുന്ന കോൺവെന്റിലേക്കു ഫോൺ ചെയ്തു വഴി ചോദിച്ചറിഞ്ഞ് കോൺവെന്റിലെത്തി. മരിയ ജോസഫൈന്റെ സഹോദരനും മകളുമാണെന്ന് സ്റ്റാൻലി അവിടെ സ്വയം പരിചയപ്പെടുത്തിയിരുന്നു.

കോൺവെന്റിലെ സിസ്റ്റർ സുപ്പീരിയർ പാക്കിയോംഗിലേക്കു വിളിച്ച് മരിയ ജോസഫൈനുമായി ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ലൈൻ കിട്ടിയില്ല.

"അവിടെ മിക്കപ്പോഴും അങ്ങനെയാ. ഫോണിൽ കിട്ടാൻ വിഷമമാ... പ്രത്യേകിച്ചു ഡേ ടൈമിൽ..."

സിസ്റ്റർ സുപ്പീരിയർ പറഞ്ഞു. "നിങ്ങൾ ഒരുദിവസം ഞങ്ങളുടെ ഗസ്റ്റായി ഇവിടെ താമസിക്കുന്നതിൽ ഞങ്ങൾക്കു സന്തോഷമേയുള്ളൂ. നാളെ പാക്കിയോംഗിലേക്കു പോകാം."

"ഞങ്ങൾക്കു ഇന്നുതന്നെ പോയാൽ കൊള്ളാമെന്നുണ്ട്. അങ്ങോട്ടുള്ള വഴിയേക്കുറിച്ച് വേണ്ടത്ര ധാരണയില്ല." സ്റ്റാൻലി പറഞ്ഞു

"ഒരു ടാക്സി അറേഞ്ച് ചെയ്തുതരാം ഞങ്ങൾ പാക്കിയോംഗിലേക്കു പോകേണ്ടി വരുമ്പോൾ വിളിക്കാറുള്ള ചില ടാക്സിക്കാരുണ്ട്."

സിസ്റ്റർ സുപ്പീരിയർ അപ്പോൾത്തന്നെ ഫോണിൽ വിളിച്ച് ഒരു ടാക്സി വരുത്തി. അവരോടു നന്ദി പറഞ്ഞ് സ്റ്റാൻലിയും അലീനയും ടാക്സിയിൽ കയറി പാക്കിയോംഗിലേക്കു യാത്ര തിരിച്ചു.

*** *** ***

സമതലങ്ങളുടെ കാഴ്ച അവസാനിച്ചുകഴിഞ്ഞിരുന്നു.

ഇനി പച്ചപുതച്ച കുന്നുകളും ഗിരിശൃംഗങ്ങളുമാണ്. കിഴക്കാംതൂക്കായ കുന്നുകളിലൂടെയാണ് റോഡ്. യാത്രയിലുടനീളം മിലിട്ടറി വാഹനങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു.

ടാക്സി ഡ്രൈവർ ഇടയ്ക്കു കാർ നിർത്തി നമ്പർ പ്ലേറ്റിനു മീതെ മറ്റൊരു നമ്പർ പ്ലേറ്റ് ഘടിപ്പിച്ചു.

അതിൽ ഡബ്ള്യു ബി എന്ന ഇംഗ്ലീഷ് അക്ഷരങ്ങൾക്കു പകരം ജി എൽ എന്ന അക്ഷരം എഴുതിയിരിക്കുന്നു.

സ്റ്റാൻലി ഡ്രൈവറോട് അതിന്റെ കാരണം അന്വേഷിച്ചു.

മുൻപ് ഇങ്ങനെയൊന്നും ഉണ്ടായിരുന്നില്ല.

ഹിന്ദിയിലും ബംഗാളിയിലുമാണ് അവർ സംസാരിച്ചത് ഡ്രൈവർ കാരണം പറഞ്ഞു.

സിലിഗുരിക്കപ്പുറം വെസ്റ്റ് ബംഗാളിന്റെ വടക്കുകിഴക്കു ഭാഗങ്ങൾ ഗൂർഖകൾക്ക് ഭൂരിപക്ഷമുള്ള സ്ഥലങ്ങളാണ്. അവർക്കു ഗൂർഖലാൻഡ് എന്ന പേരിൽ ഒരു പ്രത്യേക സംസ്ഥാനം വേണമെന്നു പറഞ്ഞ് കലാപം തുടങ്ങിയിട്ട് കുറേക്കാലമായി. അവരുടെ പ്രദേശത്തേക്കു കടക്കുന്ന വാഹനങ്ങൾ വെസ്റ്റ് ബംഗാൾ എന്ന രജിസ്ട്രേഷൻ നമ്പർ മാറ്റിയിട്ട് ഗൂർഖാ ലാൻഡ് എന്ന റജിസ്ട്രേഷൻ നമ്പർ വച്ചിരിക്കണം ഇല്ലെങ്കിൽ ഗൂർഖാ ലാൻഡിനുവേണ്ടി വാദിക്കുന്ന പ്രക്ഷോഭകാരികൾ വാഹനം തല്ലിത്തകർക്കും.

സ്റ്റാൻലി അതു മലയാളത്തിൽ അലീനയ്ക്കു വിശദീകരിച്ചുകൊടുത്തു.

പർവതങ്ങളുടെ ചരിവും വലുപ്പവും കൂടിക്കൂടി വന്നു.

റോഡിനു താഴെ അഗാധമായ മലമടക്കുകളിലൂടെ ഒഴുകുന്ന 'ടീസ്റ്റാ' നദി സ്റ്റാൻലി അലീനയ്ക്ക് കാട്ടിക്കൊടുത്തു. കാട്ടാറുപോലെ കുലം കുത്തി നിറഞ്ഞൊഴുകുന്ന പുഴ വെള്ളത്തിനു സിമന്റിന്റെ നിറമായിരുന്നു. അതെന്തുകൊണ്ടാണെന്ന് അലീന തിരക്കിയപ്പോൾ ഡ്രൈവറോടു ചോദിച്ചിട്ട് സ്റ്റാൻലി മറുപടി പറഞ്ഞു.

"ഇവിടുത്തെ മണ്ണ് സിമന്റ് പോലിരിക്കും."

അഞ്ചുമണിയോടെ സന്ധ്യയായിരുന്നു

വൈകുന്നേരം അഞ്ചുമണിയോടെ സന്ധ്യയാകുന്നു.

പുലർച്ചെ അഞ്ചുമണിക്ക് നേരം പുലരുന്നു.

ഇന്ത്യയുടെ കിഴക്കുഭാഗത്തേക്കു പോകുമ്പോഴും പടിഞ്ഞാറുഭാഗത്തേക്കു പോകുമ്പോഴും ഈ മാറ്റം സംഭവിക്കുമെന്ന് സ്റ്റാൻലി അവളോടു വിശദീകരിച്ചു. പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ഒരു മണിക്കൂർ വൈകിയേ സന്ധ്യയാകൂ.

രാത്രിയായതോടെ അലീന സീറ്റിലേക്കു ചാരിക്കിടന്ന് മയക്കമായി

*** *** ***

സ്കൂളിൽനിന്നു മടങ്ങിയെത്തിനു ശേഷം അത്താഴത്തിനു മുൻപുള്ള പ്രാർഥനയ്ക്കു ചാപ്പലിലേക്കു പോയതായിരുന്നു മരിയ ജോസഫൈൻ.

ആറേമുക്കാലിന് അവർ തിരിച്ച് മുറിയിലെത്തി.

ഏഴുമണിക്കാണ് അത്താഴം.

കോൺവെന്റിനോട് അനുബന്ധിച്ചാണ് സ്കൂളിന്റെ ഹോസ്റ്റലും ഡോർമിറ്ററിയും പെൺകുട്ടികൾക്കു മാത്രമേ ഹോസ്റ്റൽ സൗകര്യമുള്ളൂ.

മരിയ ജോസഫൈൻ മുറി പൂട്ടി ഇടനാഴിയിലിറങ്ങി. അതിലൂടെ നടന്നുകൊണ്ട് ഡോർമിറ്ററിയിൽ എന്തു നടക്കുന്നുവെന്നു നോക്കി.

കോണിപ്പടി കയറി ഒരു സിസ്റ്റർ തിടുക്കത്തിൽ വരുന്നുണ്ടായിരുന്നു.

"സിസ്റ്ററിന് ഒരു ഗസ്റ്റുണ്ട്."

"എനിക്കോ ആരാണ്?"

"ബ്രദറാണെന്നു പറഞ്ഞു. പാർലറിലുണ്ട്."

മരിയ ജോസഫൈൻ തിടുക്കത്തിൽ കോണിപ്പടിയിറങ്ങി. ലാൻഡിംഗിലെ തിരിവിലുള്ള കണ്ണാടി ജനലിലൂടെ അവർ കണ്ടു. ഒരു ടാക്സി കാർ കോൺവെന്റിന്റെ മുറ്റത്തു കിടപ്പുണ്ട്.

തറയിൽവിരിച്ച കാർപെറ്റിലൂടെ നടന്നു മരിയ ജോസഫൈൻ പാർലറിന്റെ വാതിൽക്കലെത്തി.

തണുപ്പ് അകറ്റാൻ കൈത്തലങ്ങൾ കൂട്ടിത്തിരുമ്മിക്കൊണ്ട് സ്റ്റാൻലി അസ്വസ്ഥനായി നിൽക്കുന്നതുകണ്ട് അവർ അദ്ഭുതസ്തബ്ധയായി.

"എന്റെ ദൈവമേ... കുഞ്ഞാഞ്ഞ! ഇതെങ്ങനെ ഇവിടെ വന്നു?"

മരിയ ജോസഫൈൻ വാവിട്ട് പറഞ്ഞുപോയി

"നീ ഒച്ചയെടുക്കേണ്ട. കാറിലാണെടീ വന്നത്. സിലിഗുരീന്നു ടാക്സി പിടിച്ചു."

"എന്നാലും കുഞ്ഞാഞ്ഞേ ഇതു വലിയ അതിശയമായിപ്പോയല്ലോ എന്നെയൊന്നു വിളിച്ചു പറയാഞ്ഞതെന്താ? ഒരക്ഷരം മിണ്ടാതെ ഇങ്ങനൊരു വരവ്. സിലിഗുരിൽ വന്നപ്പംപോലും ഒന്നു വിളിച്ചില്ലല്ലോ?"

"അവിടുത്തെ കോൺവെന്റീന്നു വിളിച്ചുനോക്കിയിട്ട് കിട്ടിയില്ല. അവരാണ് ടാക്സി അറേഞ്ച് ചെയ്തുതന്നത്."

"കുഞ്ഞാഞ്ഞയെന്താ നിൽക്കുന്നത്? അങ്ങോട്ടിരിക്ക്."

"കാറിലൊരാളിരിപ്പൊണ്ട് സിലിഗുരീവരെ ഒരു കുഴപ്പോം ഇല്ലാരുന്നു. ഇപ്പം തുമ്മലും ചീറ്റലും വിറയലും... കൂടി വന്നാ ഒരു മണിക്കൂർ അതിനകം കോൾഡ് പിടിച്ചു."

"ആരാ അത്?"

"അങ്ങനെ പെട്ടെന്നു പറഞ്ഞാലൊന്നും നിനക്കു മനസ്സിലാകത്തില്ല. പുതയ്ക്കാൻ ഷോളോ മഫ്ളറോ ഉണ്ടെങ്കിൽ എടുക്ക്. തണുപ്പായതു കൊണ്ട് കാറിൽ ഇരുത്തിയിരിക്കുകയാ."

സംശയത്തിൽ സ്റ്റാൻലിയെ ഒന്നു നോക്കിയശേഷം മരിയ ജോസഫൈൻ പിന്തിരിഞ്ഞു.

"ഞാനിപ്പം വരാമേ.."

ഡോർ കർട്ടനപ്പുറം അവർ മറഞ്ഞു

സ്റ്റാൻലി പുറത്തേക്കുചെന്ന് ഡോർ തുറന്ന് അലീനയെ കാറിൽനിന്നും ഇറക്കി. പുറത്തെ തണുപ്പടിച്ചപ്പോൾ അവൾ പിന്നെയും തുടരെത്തുടരെ തുമ്മി.

മരിയ ജോസഫൈൻ ഒരു കമ്പിളി ഷാളും മങ്കി ക്യാപ്പും സ്വെറ്ററും മഫ്ളറും കൂടി എടുത്തുകൊണ്ടു പാർലറിലേക്കു വന്നു.

പാർലറിൽ, കൈകൾ മാറിൽ പിണച്ചുകെട്ടി തണുത്തുവിറച്ചു നിൽക്കുന്ന പെൺകുട്ടിയെ കണ്ട് ഒരു നിമിഷം അന്ധാളിച്ചു.

വീണ്ടും വീണ്ടും അവർ സൂക്ഷിച്ചു നോക്കി. അമ്മ ചെറുപ്പമായി വന്നു നിൽക്കുന്നതുപോലെ!

(തുടരും)


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Tel. ( ) ______ Signature ______

- ❑ Enclosing $ 375.00 for Long Membership.✪
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49 00 | $90 00 | $375 00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS


2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA MasterCard DISCOVER




FLOWERS USA HD
കർഷക അവാർഡ് 2020
അമേരിക്കൻ മണ്ണിലും പൊന്നുവിളയിക്കുന്ന
മലയാളി കർഷകർക്കായി Flowers TV USA ഒരുക്കുന്ന
കാർഷികമത്സരം...
നിങ്ങളെയും നിങ്ങളുടെ കൃഷിയിടത്തേയും
ഇനി ലോകമറിയും ഫ്ളവേഴ്സ് ടിവിയിലൂടെ...
ഈ കാർഷിക മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കന്നവർ
അവരുടെ കൃഷിയിടത്തിന്റെ ചിത്രങ്ങളും ഒരു ചെറുകുറിപ്പും
info@flowerstv.us
എന്ന ഇ മെയിൽ വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.
ഫ്ലവർസ് യുഎസ്എ കാമറ ടീം തോട്ടം സന്ദർശിച്ചു
ചിത്രീകരണം നടത്തുന്നതും കർഷക കുടുംബത്തിന്റെ
ഇന്റർവ്യൂ സഹിതം ഫ്ലവർസ് ടിവിയിൽ സംപ്രേഷണം
ചെയ്യുന്നതുമാണ്.
ജോയിചെമ്മാച്ചൽ
കർഷക
അവാർഡ് 2020
അമേരിക്കയിലെ ഏറ്റവും വലിയ മലയാളി കർഷകനായ
ജോയിചെമ്മാച്ചലിന്റെ പേരിലാണ്
ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.
FOR MORE INFORMATION
BIJU ZACHARIA 847 630 6462
GEORGE PAUL 713 447 2926

#1 SERVICE



BROKER / REALTOR®

# Ann Varkey

Certified Luxury Home Specialist
RE/MAX Properties S.W., Inc.
(407) 352-5800 Ext. 645
WWW.ANNVARKEY.COM

#1 RE/MAX


ORLANDO FLORIDA

REALTOR 32 YEARS

15 PAID WEB DOMAINS to market your home. No transaction fees for Sellers or Buyers

**When looking for results, you call the best. When you want the best you call Ann.**


Lifetime Achievement Award - Chairman's Club Award - ORRA's Top Producer Award – YMCA Leaders Club Honor




ENJOY THE SUNSETS! 24 HR. Guarded & Gated
Very Private - Located on a Peninsula Connected to 11 Lakes
$1,975,000




5 BR 5 BA Butler Chain of Lakes
Participated in Selling
$2,750,000




5 BR + BONUS ROOM + OFFICE, 5 BA
$100k BOAT DOCK, 6 Ft. Sea Wall – See Virtual Tour
$2,195,000




6 BR 8.5 BA Bonus Room Interior In-Law Suite
Former Model Home
$1,800,000







3 BR 2 BA Luxury End Unit Condo
$376,000




Totally Updated 2019, 5 BR, 4.5BA, 3 car Garage
Rent Includes Pool & Lawn Care
$4,950 / Month




6 BR, 4.5 BA, + BONUS ROOM Cul-de-Sac
Extra Large Lot
$598,000

SEE VIDEOS
www.AnnVarkey.com
AnnVarkeyRealtor@gmail.com

See www.careweshare.com Helping the community

Look no further, go with the best - for all your real estate needs, call Ann!
E-Mail: annvarkeyrealtor@gmail.com

Other Listings, Vacant Lands, Rentals also available. See Letters from Washington.

Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**